26
സെപ്തംബർ 2018 ബുധൻ
1194 കന്നി 10
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralak www.fa aumudi

കാറപകടം: ബാലഭാസ്കറിനും ഭാര്യയ്ക്കും ഗുരുതരപരിക്ക്, പിഞ്ചു മകൾ മരിച്ചു

വയലിനിസ്റ്റ് ബാലഭാസ്കർ, ഭാര്യ ലക്ഷ്മി, മകൾ തേജസ്വിനിബാല (ഫയൽ ഫോട്ടോ)

ദുരന്തം മകൾക്ക് വഴിപാട് നടത്തി മടങ്ങുമ്പോൾ

തിരുവനന്തപുരം: വർഷങ്ങൾ ആറുനോറ്റുണ്ടായ പിഞ്ചുമകൾക്ക് തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ വഴിപാട് നടത്തി മടങ്ങിയ പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കറിന്റെ കാർ മരത്തിലിടിച്ച് മകൾ തേജസ്വിനി ബാല (രണ്ട് വയസ്) മരണമടഞ്ഞു. ഗുരുതരമായി പരിക്കേറ്റ ബാലഭാസ്കർ (40), ഭാര്യ ലക്ഷ്മി (40), ഡ്രൈവർ അർജ്ജുൻ (31) എന്നിവരെ തലസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ പുലർച്ചെ നാല് മണിക്ക് തിരുവനന്തപുരം പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പിന് സമീപത്തെ ശ്രീപാദം കോളനിക്ക് മുന്നിൽ ദേശീയപാതയിലായിരുന്നു അപകടം. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടകാരണമെന്നാണ് പൊലീസ് നിഗമനം. കാറിന്റെ മുൻവശം പൂർണമായും തകർന്നു.

മൂക്കിലൂടെ രക്തം വാർന്നൊലിക്കുന്ന നിലയിൽ മകൾ തേജസ്വിനിയെയാണ് പൊലീസ് ആദ്യം സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്. പക്ഷേ, ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം പോസ്റ്റുമോർട്ടത്തിനായി മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി. അതേ സ്വകാര്യ ആശുപത്രിയിൽ ബാലഭാസ്കറിനെയും ലക്ഷ്മിയെയും അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന ഇരുവരും അപകടനില തരണംചെയ്തിട്ടില്ല. ഡ്രൈവർ അർജ്ജുന്റെ നിലയും ഗുരുതരമാണ്.

തിരുവനന്തപുരം പള്ളിപ്പുറത്തിന് സമീപം വയലിനിസ്റ്റ് ബാലഭാസ്കറും കുടുംബവും സഞ്ചരിച്ച കാർ അപകടത്തിൽപെട്ട് തകർന്നപ്പോൾ

തൃശ്ശൂർ വടക്കുംനാഥക്ഷേത്ര ദർശനം കഴിഞ്ഞ് തിരുമലയിലെ വീട്ടിലേക്ക് മടങ്ങവേയാണ് ഇവർ സഞ്ചരിച്ചിരുന്ന ഇന്നോവ കാർ അപകടത്തിൽപെട്ടത്. കൊല്ലത്തുനിന്ന് വിമാനത്താവളത്തിലേക്ക് പോയ ടാക്സി ഇടിയുടെ ശബ്ദം കേട്ട് തിരികെ വന്നാണ് പൊലീസിൽ വിവരം അറിയിച്ചത്. സ്ഥലത്തെത്തിയ ഹൈവേപൊലീസ്, മുൻസിറ്റിൽ ബാലഭാസ്കറിന്റെ മടിയിൽ ചോരവാർന്നിരുന്നകുഞ്ഞിനെകാറിന്റെ ചില്ലുതകർത്ത്പുറത്തെടുത്ത് ഉടൻആശുപത്രിയിലേക്കാണ്ടു പോവുകയായിരുന്നു. തൊട്ടുപിന്നാലെ അപകടസ്ഥലത്ത് എത്തിയ മംഗലപുരംപൊലീസ്നാട്ടുകാരുടെ സഹായത്തോടെഏറെ പണിപ്പെട്ടാണ്ബാലഭാസ്കർ, ലക്ഷ്മി. അർജ്ജുൻഎന്നിവരെപുറത്തെടുത്തത്. മുവരെയും ആദ്യം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. തുടർന്ന് സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി.

ഹോട്ടലിൽ പോകാതെ മടങ്ങി

തിങ്കളാഴ്ച ഉച്ചയോടെയാണ് ബാലഭാസ്കറും ഭാര്യയും മകൾ തേജസ്വിനിക്ക് വഴിപാട് നടത്താനായി വടക്കുംനാഥക്ഷേത്രത്തിലേക്ക് പോയത്. ദർശനത്തിനുശേഷം താമസിക്കാൻ ക്ഷേത്രത്തിനുസമീപം ഹോട്ടലിൽറൂം ബുക്ക് ചെയ്തിരുന്നെങ്കിലും അങ്ങോട്ട് പോകാതെ രാത്രി തന്നെ തിരുവനന്തപുരത്തേക്ക് വരികയായിരുന്നു.

പുലർച്ചെ പള്ളിപ്പുറത്തെത്തിയപ്പോഴാണ് കാർ നിയന്ത്രണം വിട്ട് മരത്തിൽ ഇടിച്ചത്. ബാലഭാസ്കർഇരുന്നവശംഅകത്തേക്ക്ഇടിച്ചുകയറിയനിലയിലാണ്കാറിന്റെതകർന്നമുൻഭാഗം. കുഞ്ഞിന്റെ മുഖത്തേറ്റ ശക്തമായഇടിയാകാംമരണകാരണമെന്നാണ് സൂചന. ഇടിയുടെ ആഘാതത്തിലാണ്പിൻസീറ്റിലിരുന്ന ലക്ഷ്മിക്കും ഗുരുതരമായി പരിക്കേറ്റത്.

അർജ്ജുൻഒന്നര ആഴ്ചമുമ്പാണ്ബാലഭാസ്കറിന്റെഡ്രൈവറായെത്തിയത്. ആദ്യമായാണ് ഇവർ ഒരുമിച്ച് ദീർഘദൂരയാത്ര പോയതെന്നാണ് വിവരം. സാധാരണ ദീർഘദൂരയാത്ര പോകുമ്പോൾ ബാലഭാസ്കറോ മാനേജർ തമ്പിയോ ആണ് വാഹനമോടിക്കാറുള്ളതെന്ന് സുഹൃത്തുക്കൾപറഞ്ഞു.അപകടവാർത്ത അറിഞ്ഞ് മന്ത്രി കടകംപള്ളി സുരേന്ദ്രനും ബന്ധുക്കളും സംഗീത, സിനിമാ ലോകത്തെ നിരവധി സുഹൃത്തുക്കളും ആശുപത്രിയിൽ എത്തി.

ബാലഭാസ്കറും ഭാര്യയും വെന്റിലേറ്ററിൽ

തിരുവനന്തപുരം : അഞ്ചുമണിക്കൂർ നീണ്ട ശസ്ത്രക്രിയയ്ക്ക് ശേഷം ബാലഭാസ്കറിനെയും ഭാര്യ ലക്ഷ്മിയെയും തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി. ഇരുവരും വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് കഴിയുന്നത്. ഉച്ചയ്ക്ക് 12ന് ആരംഭിച്ച ശസ്ത്രക്രിയ വൈകിട്ട് 5 നാണ് പൂർത്തിയായത്. രാത്രിയോടെ ലക്ഷ്മിക്ക് ബോധം തെളിഞ്ഞെങ്കിലും ബാലഭാസ്കർ ഇപ്പോഴും അബോധാവസ്ഥയിലാണ്.

ആന്തരിക പരിക്കുകൾ കുറവായതിനാൽ ലക്ഷ്മി അപകടനിലതരണംചെയ്തുവരുന്നതായി ആശുപത്രി അധികൃതർ അറിയിച്ചു.ബാലഭാസ്കർഒരാഴ്ചയോളം കൂർമാരുടെ പ്രത്യേക നിരീക്ഷണത്തിലായിരിക്കും. നട്ടെല്ലിലുള്ള ശസ്ത്രക്രിയയാണ് ഇപ്പോൾ നടത്തിയത്. ശ്വാസകോശം, തല, അടിവയർ, നെഞ്ച് എന്നിഭാഗങ്ങളിൽ അതീവഗുരുതര പരിക്കുള്ളതിനാൽ വീണ്ടും ശസ്ത്രക്രിയയ്ക്ക്വിധേയനാക്കിയേക്കും. ബോധം തെളിഞ്ഞ ശേഷം ഇക്കാര്യം തീരുമാനിക്കുമെന്ന് ഡോക്ടർമാർ പറഞ്ഞു.

പൊലിഞ്ഞത് ഒരായുസിന്റെ കൺമണി
ആദ്യം പാഞ്ഞെത്തിയത് ദേവദാസൻ
പേജ് - 7

ഒറ്റനോട്ടം

പ്രതികൾ മത്സരിക്കുന്നത് തടയാൻ നിയമം വേണം: സുപ്രീംകോടതി
പേജ് 11

തലവര

കോൺഗ്രസ്
വാരിയെറിയുന്ന ചെളിയിൽ
ഇന്ത്യയുടെ മുക്കിലും മൂലയിലും
താമര വിരിയും: മോദി

ഞങ്ങൾ കുളംതോണ്ടും...
നിങ്ങൾ ചെളി
വാരിയെറിയും... രണ്ടും
താമര വിരിയാൻ ബെസ്റ്റാ

പ്രളയാനന്തര പുനർനിർമ്മാണം: മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടു

ഒപ്പമുണ്ട് മോദി, ഉറപ്പ്

സ്വന്തം ലേഖകൻ

ന്യഡൽഹി: പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന് കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവു നൽകി അധിക സഹായവും പ്രത്യേക പാക്കേജും വായ്പകളും നൽകണമെന്ന ആവശ്യം പരിഗണിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പു നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രധാനമന്ത്രിയുമായുള്ളകൂടിക്കാഴ്ചയ്ക്കുശേഷം പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പ്രളയത്തിന്ശേഷമുള്ള ദുരവസ്ഥധരിപ്പിച്ച്പുനർനിർമ്മിതിക്ക് കേന്ദ്രത്തിന്റെ നിർലോഭ സഹായം ആവശ്യമാണെന്ന് പ്രധാനമന്ത്രിയോട് പറഞ്ഞു. ലോകബാങ്കും ഏഷ്യൻ വികസന ബാങ്കും ഉൾപ്പെട്ട സംഘത്തിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ ആദ്യം കേന്ദ്ര ധനമന്ത്രാലയത്തിന് റിപ്പോർട്ട് നൽകും. കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ടും ഇക്കാലയളവിൽ ലഭിക്കും. വിദേശസഹായം ലഭിക്കാൻ കേന്ദ്രത്തിന് കൂടി സ്വീകാര്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. മന്ത്രിതല സംഘം സഹായം തേടി വിദേശത്ത് പോകുന്നത് പ്രധാനമന്ത്രിയെ അറിയിച്ചു. എല്ലാ ഉറപ്പുകളും നൽകിയ പ്രധാനമന്ത്രിബന്ധപ്പെട്ടമന്ത്രാലയങ്ങൾക്ക്നിർദ്ദേശം നൽകി. ചീഫ് സെക്രട്ടറിയോട്തുടരന്വേഷണം നടത്താനും ആവശ്യപ്പെട്ടു.

വിദേശസഹായം നേരിട്സ്വീകരിക്കാൻനിലവിൽസംവിധാനമില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിദേശ മലയാളികളുടെ കൂട്ടായ്മകളെ പുനർനിർമ്മാണത്തിൽ ഉൾപ്പെടുത്താൻമുഖ്യമന്ത്രിസഹായം തേടി. കുട്ടനാട്ടിലെപുനരുദ്ധാരണത്തിന് നോർവേയുടെ സാങ്കേതിക സഹായം ലഭ്യമാക്കാനും അനുമതി തേടി.

മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചപ്പോൾ

മുഖ്യമന്ത്രി സമർപ്പിച്ച ആവശ്യങ്ങൾ

- ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 4,796 കോടി രൂപയുടെ അധിക സഹായം
- ലോക ബാങ്ക്, എ. ഡി. ബി, ഐ.എഫ്.സി, യു. എൻ.ഡി.പി സംഘത്തിന്റെ വിലയിരുത്തൽപ്രകാരമുള്ള25,000കോടിരൂപയുടെ പുനർനിർമ്മാണ സഹായം
- വായ്പാപരിധിമൂന്നുശതമാനത്തിൽ നിന്ന് 4.5 ശതമാനമാക്കണം. അടുത്തവർഷംമുതൽ 3.5 ശതമാനമാക്കണം. രണ്ടുവർഷം കൊണ്ട് പ്രതീക്ഷിക്കുന്നത് 16,000 കോടി അധിക വായ്പ
- ഭവനരഹിതർക്ക് വീടുവയ്ക്കാൻ 2,530 കോടി സമാഹരിക്കാൻകേന്ദ്രപദ്ധതികൾപ്രകാരമുള്ളധനസഹായത്തിൽ 10% വർദ്ധന. പ്രതീക്ഷ 1000 കോടി.
- കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്ന് റോഡ് ഫണ്ടായി 3000 കോടി രൂപ.
- ഇൻഷ്വറൻസ് ഇല്ലാത്ത വ്യാപാരികൾ, ചെറുകിട കച്ചവടക്കാർ, സംരംഭകർ തുടങ്ങിയവരെധനസഹായപട്ടികയിൽ ഉൾപ്പെടുത്താൻ ദേശഗതി.
- ലോകബാങ്ക്, എ.ഡി.ബി തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളിൽ നിന്ന് ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ. അന്താരാഷ്ട്ര ഏജൻസികൾക്കും നബാർഡ് അടക്കമുള്ള സ്ഥാപനങ്ങൾക്കും വായ്പ ലഭ്യമാക്കാൻ ഇളവ്.
- അന്താരാഷ്ട്ര ഏജൻസികളിൽ നിന്നുള്ള വായ്പയ്ക്ക് ധനവിഭവം നൽകാൻ 5000 കോടിയുടെ പ്രത്യേക കേന്ദ്ര ഗ്രാന്റ്.

മാർപാപ്പയുടെ മുന്നറിയിപ്പ്

സഭയിലെ സദാചാര അപഭ്രംശം വിശ്വാസികളെ അകറ്റുന്നു

ടാലിൻ: കത്തോലിക്കാ സഭയ്ക്കുള്ളിലുണ്ടാകുന്ന ലൈംഗികാപവാദങ്ങൾ വിശ്വാസികളെയും യുവാക്കളെയും സഭയിൽ നിന്നകറ്റുന്നതായി ഫ്രാൻസിസ്മാർപാപ്പ പറഞ്ഞു. പുതിയ തലമുറയെ ചേർത്തുനിറുത്താൻ സഭ മാറ്റത്തിന് വിധേയമാകണമെന്നും തുടർച്ചയായ അപവാദങ്ങളിൽപെട്ടുന്നവരെ സഭ അപലപിക്കാത്തത് അവരെ അസ്വസ്ഥരാക്കുന്നുണ്ടെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. എസ്റ്റോണിയയിൽ വിശ്വാസികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എസ്റ്റോണിയയിലെ 13 ലക്ഷം ജനതയിൽ മൂന്നിൽ രണ്ടും മതവിശ്വാസത്തിൽ നിന്ന് അകലുകയാണെന്ന റിപ്പോർട്ടുകൾക്കിടെയാണ് മാറ്റത്തിനായുള്ള മാർപാപ്പയുടെ ആഹ്വാനം. ജർമനിയിൽ ബിഷപ്പുമാർ പതിറ്റാണ്ടുകളായി നടത്തിയ പീഡനപരമ്പരകളുടെ റിപ്പോർട്ടുകൾ പുറത്തുവന്ന സാഹചര്യത്തിലാണ് മാർപാപ്പയുടെ പ്രസംഗം ചർച്ച ചെയ്യപ്പെടുന്നത്.

> പരിവർത്തനത്തിന് വിധേയരാവേണ്ടത് ഞങ്ങൾ തന്നെയാണ്. നിങ്ങളുടെപക്ഷത്തുനിലകൊള്ളാൻ ഞങ്ങളുടെ ഭാഗത്ത് മാറ്റങ്ങളുണ്ടാകേണ്ടതുണ്ട് എന്നത് മനസിലാക്കുന്നു
>
> - ഫ്രാൻസിസ് മാർപാപ്പ

1946 മുതൽ 2014 വരെ നീണ്ട പീഡന പരമ്പരയിൽ 3677 പേരാണ് ഇരകളാക്കപ്പെട്ടത്. ഇതിൽ പകുതിയോളം പേർ യുവാക്കളോ 13 വയസിൽ താഴെയുള്ളവരോ ആണ്. കൂടാതെ നിരവധി അൾത്താര ബാലന്മാരും പീഡനത്തിനിരയായി എന്ന റിപ്പോർട്ടുകളും തെളിവുകളും പുറത്തുവന്നിരുന്നു.

സഞ്ചയനം നാളെ (27.09.2018)

ശ്രീ. എം. സത്യബാബു (67, Ex-Serviceman)
രാധാസ്, സ്റ്റാർ ലെയ്ൻ, ചെറുകുന്നം, വർക്കല. ഫോൺ: 9895217060.
മാന്യരേ,
എന്റെ അഭിവന്ദ്യഭർത്താവ് **ശ്രീ. എം. സത്യബാബു** (67) 2018 സെപ്തംബർ 22-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക്പെട്ടെന്നുണ്ടായ അസുഖംമൂലം നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.
പരേതന്റെ മരണാനന്തരചടങ്ങുകൾ 27.09.2018 വ്യാഴാഴ്ച രാവിലെ 8.30 മണിക്ക് സ്വവസതിയിൽവച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ബന്ധുമിത്രാദികൾ ഇത് ഒരറിയിപ്പായി കരുതി സംബന്ധിക്കണമെന്ന് അപേക്ഷ.
എന്ന്, ദുഃഖിതയായ **ഭാര്യ : രാധാ ബാബു** (SNDP യോഗം വനിതാ സംഘം ശിവഗിരി യൂണിയൻ പ്രസിഡന്റ്),
മക്കൾ : ഡോ. അരുൺ. എസ് (Asst. Prof. Medical College, TVM). Er. അബിൻ. എസ്,
മരുമക്കൾ : ഡോ. ദേവിക അരുൺ, സംഗീത അബിൻ (Jr. Er. CPWD),
ചെറുമക്കൾ : ഹൃത്വിക് അരുൺ, കൗഷിക് അരുൺ, നയോമി അബിൻ.

അഭിലാഷ് സുരക്ഷിത തീരത്ത്

സ്വന്തം ലേഖകൻ

കൊച്ചി: പ്രാർത്ഥനാപൂർവം ലോകം കാത്തിരുന്ന ശുഭവാർത്തയെത്തി. നടുക്കടലിൽ കുടുങ്ങിയ കമാൻഡർ അഭിലാഷ് ടോമിയെ സുരക്ഷിതമായി ന്യൂ ആംസ്റ്റർ ഡാം ദ്വീപിലെത്തിച്ചു. പ്രാഥമിക പരിശോധന നടത്തിയ ഫ്രഞ്ച് ഡോക്ടർ ഗുരുതരമായ പരിക്കുകളില്ലെന്ന് അറിയിച്ചു. എക്സ്റേ പരിശോധനാറിപ്പോർട്ടിനായി കാത്തിരിക്കുകയാണ്. അഭിലാഷ് സംസാരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തതായിനാവികസേനവ്യക്തമാക്കി.

ഇന്നലെ രാവിലെ 9.30 നാണ് അഭിലാഷുമായി ഫ്രഞ്ച് മത്സ്യബന്ധന കപ്പലായ 'ഒസിരിസ്' ദ്വീപിലെത്തിയത്. എക്സ്റേ റിപ്പോർട്ട് ലഭിച്ച ശേഷം അഭിലാഷിനെ ആസ്ട്രേലിയയിലേക്കോ മൗറീഷ്യസിലേക്കോ മാറ്റുന്നതിനെക്കുറിച്ച്തീരുമാനിക്കും.

അഭിലാഷ് ടോമി

27ന് ആസ്ട്രേലിയയുടെയും 29ന് ഇന്ത്യൻനാവികസേനയുടെയുംകപ്പലുകൾ ദ്വീപിലെത്തും.

കഴിഞ്ഞ വെള്ളിയാഴ്ചയാണ് ആസ്ട്രേലിയയിലെ പെർത്തിൽ നിന്ന് 3704 കിലോമീറ്റർ അകലെ അഭിലാഷ് സഞ്ചരിച്ചിരുന്ന 'തുരിയ' എന്ന പായ് വഞ്ചി അപകടത്തിൽപെട്ടത്. 12 അടി ഉയരത്തിൽ വീശിയടിച്ച തിരമാലയിലും കൊടുങ്കാറ്റിലും വഞ്ചിയുടെ പാമരം ഒടിയുകയായിരുന്നു. ഒറ്റയ്ക്ക് ലോകം ചുറ്റാനുള്ള ഗോൾഡൻ ഗ്ലോബ് പായ്വഞ്ചി മത്സരത്തിൽ മൂന്നാമതായിരിക്കെയാണ് അഭിലാഷ് അപകടത്തിൽപെട്ടത്. ഫ്രഞ്ച്അധീനതയിലുള്ള ചെറുദ്വീപാണ് ന്യൂ ആംസ്റ്റർ ഡാം.

വല്യാറവീട്ടിൽ വീണ്ടും സന്തോഷം വിരുന്നെത്തി
പേജ് - 7

മുല്ലപ്പള്ളി രാമചന്ദ്രൻ നാളെ ചുമതലയേൽക്കും

തിരുവനന്തപുരം: കെ. പി. സി. സി പ്രസിഡന്റായി മുല്ലപ്പള്ളി രാമചന്ദ്രൻ എം. പി നാളെ ഉച്ചയ്ക്ക് 12ന് ചുമതലയേൽക്കും. വർക്കിംഗ് പ്രസിഡന്റുമാരായ കെ. സുധാകരൻ, എം.ഐ. ഷാനവാസ്എം. പി, കൊടിക്കുന്നിൽ സുരേഷ്എം. പി, കെ. പി. സി. സി പ്രചാരണ വിഭാഗം അദ്ധ്യക്ഷൻ കെ. മുരളീധരൻ, യു. ഡി. എഫ് കൺവീനർ ബെന്നി ബഹനാൻ എന്നിവരും ചുമതലയേൽക്കും. ഇന്ദിരാഭവനിൽ നടക്കുന്ന ചടങ്ങിൽ സ്ഥാനമൊഴിയുന്ന അദ്ധ്യക്ഷൻ എം. എം. ഹസൻ അധികാരം കൈമാറും.

വെള്ളയമ്പലം ജംഗ്ഷനിൽ നിന്ന് ഘോഷയാത്രയായിട്ടാണ് പുതിയ ഭാരവാഹികളെ കെ. പി. സി. സി ആസ്ഥാനത്തേക്ക് ആനയിക്കുക. കോൺഗ്രസ് പ്രവർത്തക സമിതി അംഗങ്ങളായ എ. കെ. ആന്റണി എം. പി, എ. ഐ. സി. സി ജനറൽ സെക്രട്ടറിമാരായ ഉമ്മൻചാണ്ടി എം. എൽ. എ, കെ. സി. വേണുഗോപാൽ എം. പി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, കെ. പി. സി. സി മുൻ പ്രസിഡന്റുമാർ എന്നിവർഉൾപ്പെടെയുള്ള കോൺഗ്രസിന്റെ മുതിർന്ന നേതാക്കൾ, എം. പിമാർ, എം. എൽ. എമാർ തുടങ്ങിയവർ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുക്കും. ഉച്ചകഴിഞ്ഞ് യു. ഡി. എഫ് ഉന്നതാധികാര സമിതി യോഗത്തിൽ പുതിയ അദ്ധ്യക്ഷൻ പങ്കെടുക്കും. വൈകിട്ട് ആറിന് മുല്ലപ്പള്ളി രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ കെ. പി. സി. സി രാഷ്ട്രീയകാര്യ സമിതി യോഗവും ചേരും.

ഇന്ന് ഉച്ചയ്ക്ക് 1.30ന് അന്താരാഷ്ട്രവിമാനത്താവളത്തിലെത്തുന്ന മുല്ലപ്പള്ളിക്ക്തിരുവനന്തപുരം ഡി. സി. സിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകുമെന്ന് തമ്പാനൂർ രവി അറിയിച്ചു.

സാലറി ചലഞ്ച്: 'നോ'ക്കാരോട് കുട്ടികൾ ചോദിക്കും: മുഖ്യമന്ത്രി
പേജ് - 11

സർജിക്കൽ സ്ട്രൈക്ക് ഹീറോയ്ക്ക് വീരമൃത്യു

ശ്രീനഗർ: 2016 ൽ പാക് അതിർത്തി കടന്ന് ഇന്ത്യ നടത്തിയ സർജിക്കൽ സ്ട്രൈക്കിൽ പങ്കെടുത്ത സൈനികൻ കാശ്മീരിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ചു. ലാൻസ്നായിക് സന്ദീപ് സിംഗാണ് (30) നിയന്ത്രണരേഖയിലെ ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ചത്.

താംഗ്ധറിൽ തിങ്കളാഴ്ചയുണ്ടായ ഏറ്റുമുട്ടലിൽ സൈന്യം അഞ്ച് ഭീകരരെ വധിച്ചിരുന്നു. ആക്രമണത്തിനിടെ വെടിയേറ്റ സന്ദീപ് സിംഗിനെ ഉടൻ പ്രാഥമിക ചികിത്സ നൽകി, ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും രക്ഷപെടുത്താനായില്ല. പഞ്ചാബിലെ ഗുർദാസ്പൂർ സ്വദേശിയായ സന്ദീപ് 2007ലാണ് സൈന്യത്തിൽ ചേരുന്നത്.

വേർപാടിന്റെ ഒരുവർഷം (26.09.2018)

ഡോ. കെ. ആർ. തങ്കപ്പൻ
ശ്രീനിലയം, CRA - 40, സാജി ഹോസ്പിറ്റൽ, കഴക്കൂട്ടം.
ദു:ഖിതരായ, മകൾ : ഡോ. ശ്വേത. എസ്
മരുമകൻ: ഡോ. ശബരിനാഥ് രാജു

അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

മാനസികാരോഗ്യ വാർഡ് പൂട്ടിയ സംഭവം: മനുഷ്യാവകാശ കമ്മിഷൻ ഇടപെട്ടു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ജനറൽ ആശുപത്രിയിലെമാനസികാരോഗ്യവാർഡ് അടച്ചുപൂട്ടിയ സംഭവത്തിൽ മനുഷ്യാവകാശ കമ്മിഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ആരോഗ്യവകുപ്പ് ഡയറക്ടറോട് വിശദീകരണം തേടി. ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം. മനുഷ്യാവകാശ പ്രവർത്തകനായ രാഗം റഹിം നൽകിയ പരാതിയിലാണ് നടപടി. മാനസികാരോഗ്യ വാർഡ് അറ്റകുറ്റപ്പണിക്ക് ശേഷം കുട്ടികളുടെ താത്കാലിക വാർഡാക്കി മാറ്റിയതോടെയാണ് ആശുപത്രിയിൽ മനോരോഗ ചികിത്സയുടെ താളംതെറ്റിയത്.

ഇതേക്കുറിച്ച് സെപ്തംബർ ആറിന് 'ജനറൽ ആശുപത്രിയിൽ മാനസികാരോഗ്യ വാർഡ് ഔട്ട്' എന്ന തലക്കെട്ടിൽ സിറ്റി കൗമുദിയിൽ വാർത്ത നൽകിയിരുന്നു. മാനസിക സമ്മർദ്ദവും വെല്ലുവിളികളും നേരിടുന്ന രോഗികളിൽ പലരും പലപ്പോഴും അക്രമവാസന കാട്ടുകയും ബഹളംവയ്ക്കുകയും ചികിത്സ ഉപേക്ഷിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ്. മറ്റ് രോഗികളെ കിടത്തുന്ന വാർഡുകളിൽ ഇവരെ പ്രവേശിപ്പിക്കുന്നത് സുരക്ഷാപ്രശ്നങ്ങൾക്കും കാരണമാകുന്നു. ദീർഘകാല ചികിത്സയും കൗൺസലിംഗും നിരന്തര നിരീക്ഷണവും ആവശ്യമായ ഇവരിൽ പലർക്കും ആത്മഹത്യാ പ്രവണതയുണ്ട്. വാർത്തയെ തുടർന്ന് മനുഷ്യാവകാശ കമ്മിഷൻ ഇടപെട്ടതോടെ വാർഡിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ ആശുപത്രി അധികൃതർ ശ്രമം ആരംഭിച്ചിട്ടുണ്ട്.

അറ്റകുറ്റപ്പണിക്കായി പൂട്ടിയിട്ടിരിക്കുന്ന ജനറൽ ആശുപത്രിയിലെ ശിശുരോഗ വിഭാഗം വാർഡ്

നവീകരണത്തിന് ശേഷം പ്രവർത്തനം തടസപ്പെട്ടു

KAUMUDI FOLLOW UP

സിറ്റി കൗമുദിയിൽ പ്രസിദ്ധീകരിച്ച പ്രധാനവാർത്ത

ആശുപത്രിയിലെ ഏഴാം വാർഡാണ് മാനസിക രോഗികളുടെ കിടത്തി ചികിത്സയ്ക്കായി ഉപയോഗിച്ചിരുന്നത്.

ഒരുവർഷം മുമ്പ് മേൽക്കൂരയുടെ ഓട് പൊട്ടിയുണ്ടായ ചോർച്ച പരിഹരിക്കാനായി വാർഡ് അടച്ചു.

കാലപ്പഴക്കമേറെയുള്ള കെട്ടിടം നവീകരിക്കാനായി പുരുഷൻമാരെ മെഡിക്കൽ വാർഡിലും സ്ത്രീകളെ പതിനൊന്നാം വാർഡിന്റെ മുകളിലും താഴെയുമായി പ്രവേശിപ്പിച്ചു. മാസങ്ങൾക്കുശേഷം കെട്ടിട നവീകരണം പൂർത്തിയായെങ്കിലും മഴക്കാലത്ത് ശിശുരോഗ തീവ്രപരിചരണ വിഭാഗവും നവജാത ശിശുപരിചരണ വിഭാഗവും ചോർന്നൊലിക്കാൻ തുടങ്ങിയതോടെ കുട്ടികളുടെ വാർഡ് ഇവിടേക്ക് മാറ്റിയതാണ് മാനസികാരോഗ്യ വാർഡിന്റെ പ്രവർത്തനത്തിന് തടസമായത്.

കോവളം ശാഖ

കോവളം : എസ്.എൻ.ഡി.പി യോഗം കോവളം ശാഖയുടെ കീഴിലുള്ള ഗുരുമഹിമ മൈക്രോഫിനാൻസ് യൂണിറ്റിന്റെ വാർഷിക പൊതുയോഗം ശാഖാ സെക്രട്ടറി കോവളം പി. സുകേശൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ശാഖാ പ്രസിഡന്റ് മുരളീധരൻ അദ്ധ്യക്ഷനായിരുന്നു. ശാഖാ വൈസ് പ്രസിഡന്റ് എസ്. സതീഷ് കുമാർ, സിനി, ഗീത, വനജ നരേന്ദ്രൻ, രമ എന്നിവർ സംസാരിച്ചു. യൂണിറ്റ് ഭാരവാഹികളായി ആർ. അനിതാരാജ് (കൺവീനർ), എസ്. സിനി (ജോ. കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

വെൺപാലവട്ടം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വെൺപാലവട്ടം ശാഖാ പ്രസിഡന്റ് ജി. ശിവാനന്ദന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കുമാരി സംഘത്തിന്റെ മൂന്നാമത് വാർഷിക പൊതുയോഗവും ഭരണസമിതി തിരഞ്ഞെടുപ്പും നടന്നു. പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയന്റെ കുമാര, കുമാരി സംഘം കോ-ഓർഡിനേറ്റർ വെൺപാലവട്ടം ജി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പ്രസിഡന്റായി സ്നേഹലാൽ, വൈസ് പ്രസിഡന്റ് ദേവികാ രാജഗോപാൽ, സെക്രട്ടറി ആതിര അനിൽകുമാർ, ട്രഷറർ ബിബിത ബിജു, കമ്മിറ്റി അംഗങ്ങളായി അനഘ, അഥിതി, സ്വാതി, ശ്രദ്ധ, ആരഥി, ഗൗരി സജീവൻ എന്നിവരെ തിരഞ്ഞെടുത്തതായി ശാഖ സെക്രട്ടറി അറിയിച്ചു.

കുന്നത്തോട് ശാഖയിൽ കുമാര സംഘം

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം കുന്നത്തോട് ശാഖയിൽ കുമാര സംഘം രൂപീകരിച്ചു. ശാഖാ പ്രസിഡന്റ് കാട്ടിൽ ചന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയന്റെ കുമാര, കുമാരി സംഘം കോ - ഓർഡിനേറ്റർ വെൺപാലവട്ടം ജി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു. കുമാര സംഘം പ്രസിഡന്റായി കൃഷ്ണ സുരേഷ്, വൈസ് പ്രസിഡന്റ് അശ്വിൻ പ്രദീപ്, സെക്രട്ടറി ആധിഷ് അനിൽ, ട്രഷറർ ഷാറോൺ, കമ്മിറ്റി അംഗങ്ങളായി ആദർശ്, പ്രദീപ്, ശരൺ, രാജു, ഇന്ദ്രഗുപ്തൻ, ആധി ഗുപ്തൻ, അജിൻ എന്നിവരെ തിരഞ്ഞെടുത്തതായി ശാഖാ സെക്രട്ടറി രമേശൻ അറിയിച്ചു.

അറപ്പുര ഈശ്വരി അമ്മൻ സരസ്വതീക്ഷേത്രം

തിരുവനന്തപുരം: അറപ്പുര ഈശ്വരി അമ്മൻ സരസ്വതീക്ഷേത്രത്തിലെ വിജയദശമി ദിനത്തിലെ വിദ്യാരംഭത്തിന്റെയും ബാല സരസ്വതി പൂജയുടെയും രജിസ്ട്രേഷൻ ആരംഭിച്ചു. ഒക്ടോബർ 19 ന് രാവിലെ 6.15 ന് ആരംഭിക്കുന്ന വിദ്യാരംഭത്തിന് എം. നന്ദകുമാർ , ഡോ. ഹരീന്ദ്രൻ നായർ(പങ്കജകസ്തൂരി), മനു വർമ്മ, സിംഫണി കൃഷ്ണകുമാർ, ശംഗരമംഗലത്ത് ബി. ത്രിലോചനൻ തുടങ്ങിയവർ നേതൃത്വം നൽകും. രാവിലെ 10 ന് ബാലികമാരെ സരസ്വതി സങ്കൽപത്തിൽ നടത്തുന്ന ബാലസരസ്വതി പൂജയിൽ എം.പി സുരേഷ് ഗോപി പാദപൂജ അർപ്പിക്കും. ക്ഷേത്രതന്ത്രി ആർ. ചന്ദ്രമോഹനര് മുഖ്യകാർമ്മികത്വം വഹിക്കും.

നഗരസഭ മലമുകൾ വ്യദ്ധസദനം

തിരുവനന്തപുരം: ഇന്ന് നടത്താനിരുന്ന തിരുവനന്തപുരം നഗരസഭ മലമുകൾ വൃദ്ധസദനം പ്രവർത്തനോദ്ഘാടനം വൃദ്ധ ദിനമായ ഒക്ടോബർ ഒന്നിലേക്ക് മാറ്റി.

കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം : കിഴക്കുംകര കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രത്തിൽ 29ന് രാവിലെ 10ന് ക്ഷേത്ര മേൽശാന്തി സൗമിത്രന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹ മൃത്യുഞ്ജയ ഹോമം നടത്തുമെന്ന് ക്ഷേത്ര സെക്രട്ടറി കെ.പി. ശൈലചന്ദ്രൻ അറിയിച്ചു.

ഉപജില്ലാതല പരിശീലന ക്യാമ്പുകൾ

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഉപജില്ലാതല പരിശീലന ക്യാമ്പുകൾ 29, 30, ഒക്ടോബർ 6, 7 തീയതികളിലായി നടത്തും. സംസ്ഥാനത്തെ 1901 വിദ്യാലയങ്ങളിൽ നിന്നുള്ള 58,380 ലിറ്റിൽ കൈറ്റ്സ് അംഗങ്ങളിൽനിന്ന് തിരഞ്ഞെടുത്ത പതിന്നാലായിരത്തോളം അംഗങ്ങൾക്കാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പരിശീലനക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. പൂർണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തിയാണ് പരിശീലനം. ലിറ്റിൽ കൈറ്റ്സ് റവന്യൂജില്ലാ ക്യാമ്പിലേക്കുള്ള തിരഞ്ഞെടുപ്പും ഉപജില്ലാക്യാമ്പിലെ ഭാഗമായി നടക്കും. പരിശീലനത്തിന് സംസ്ഥാനത്ത് 275 പരിശീലന കേന്ദ്രങ്ങളും 564 പരിശീലകരെയും സജ്ജമാക്കിയതായി കൈറ്റ്സ് വൈസ് ചെയർമാൻ കെ.അൻവർ സാദത്ത് അറിയിച്ചു.

താത്കാലിക നിയമനം

തിരുവനന്തപുരം: ഭാരതീയ ചികിത്സാ വകുപ്പ് ജില്ലയിൽ നഴ്സ് ഗ്രേഡ് 2 (ആയുർവേദം) തസ്തികയിൽ ഉണ്ടാകാനിടയുള്ള അവധി ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ഗവൺമെന്റ് അംഗീകൃതആയുർവേദനഴ്സിംഗ്ട്രെയിനിംഗ്കോഴ്സ്(ആയുർവേദം) പാസായവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം.

ഉദ്യോഗാർത്ഥികൾ ഒക്ടോബർ അഞ്ചിന് രാവിലെ 10 നം ഉച്ചയ്ക്ക് രണ്ടിനമിടയിൽ തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിന സമീപമുള്ള ആരോഗ്യഭവൻ ബിൽഡിംഗിലെ ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ്) മുൻപാകെ ഹാജരാകണമെന്ന ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2320988.

സാമുവൽ അമൃതം തിരുമേനി അനുസ്മരണം

തിരുവനന്തപുരം: സി.എസ്.ഐ ദക്ഷിണ കേരള മഹായിടവകയുടെ നാലാമത്തെ ബിഷപ്പായ സാമുവൽ അമൃതം തിരുമേനിയുടെ ഒന്നാം അനസ്മരണ സമ്മേളനം 29ന് പാറശാല ഇടവകയിൽ ധർമ്മരാജ് റസാലം തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ നടത്തും. മഹായിടവക വൈസ് ചെയർമാൻ റവ. ആർ. ജ്ഞാനദാസ്, സെക്രട്ടറി പി.കെ. റോസ് ബിസ്റ്റ്, ജോയിന്റ് സെക്രട്ടറി സ്റ്റാൻലി ജോർജ്, ട്രഷറർ റവ. ഡി.എൻ. കാൽവിൻ കിസ്റ്റോ, റവ. ഗിൽബർട്ട് ജോസ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. റവ. വർഗീസ് ടി. ലീ അനസ്മരണ പ്രഭാഷണം നടത്തും.

സാലറി ചലഞ്ചുമായി എ.ഇ.ഒ; എതിർപ്പുമായി അദ്ധ്യാപകർ

■ പട്ടം സെന്റ് മേരീസിൽ യെസ് പറഞ്ഞത് 240ൽ എട്ടുപേർ

എൻ.പി.മുരളീകൃഷ്ണൻ

തിരുവനന്തപുരം: ശമ്പള ചലഞ്ചിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ട് ഹൈസ്കൂളുകളുടെ ചുമതലയില്ലാത്ത എ.ഇ.ഒ സ്കൂളിൽ കാമ്പെയിനിനെത്തിയതിനെതിരെ എതിർപ്പുമായി അദ്ധ്യാപകർ രംഗത്ത്. പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപകരാണ് എ.ഇ.ഒയുടെ നടപടിയിൽ പ്രതിഷേധിച്ചത്.

നോർത്ത് ഉപജില്ലയുടെ ചുമതലയുള്ള എ.ഇ.ഒ സിയാദും എസ്.എസ്.എ പ്രോജക്ട് ഓഫീസർ ശ്രീകുമാറുമാണ് മുഴുവൻ അദ്ധ്യാപകരും സാലറി ചലഞ്ചിൽ പങ്കെടുക്കണമെന്ന ആവശ്യവുമായി കെ.എസ്.ടി.എ പ്രവർത്തകർക്കൊപ്പം സ്കൂളിൽ എത്തി യോഗം വിളിച്ചത്.

യു.പി സ്കൂളുകളുടെ ചുമതലയുള്ള എ.ഇ.ഒയ്ക്ക് ഹൈസ്കൂൾ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തി യോഗം വിളിച്ചു ചേർക്കാനും ചലഞ്ചിന് ആഹ്വാനം ചെയ്യാനുമാവില്ലെന്ന് പറഞ്ഞായിരുന്നു അദ്ധ്യാപകർ എതിർത്തത്. എ.ഇ.ഒയോ എസ്.എസ്.എ പ്രോജക്ട് ഓഫീസറോ സ്കൂളുകളിലെത്തി ചലഞ്ചിൽ പങ്കെടുക്കാൻ ആവശ്യപ്പെടണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുമില്ല. എതിർപ്പിനെ തുടർന്ന് യോഗം തടസപ്പെട്ടു. തിരുവനന്തപുരം നോർത്ത് ഉപജില്ലയിലെ പ്രധാന സ്കൂളായ പട്ടം സെന്റ് മേരീസിൽ ഹൈസ്കൂൾ, യു.പി വിഭാഗങ്ങളിലായി 240 അദ്ധ്യാപകരിൽ 8 പേർ മാത്രമാണ് സാലറി ചലഞ്ചിനോട് യെസ് പറഞ്ഞത്. ബാക്കിയുള്ളവരെ നിർബന്ധിച്ച് ചേർക്കാനാണ് എ.ഇ.ഒ സ്കൂളിൽ എത്തിയത്. ഹൈസ്കൂൾ വിഭാഗത്തിൽ 160ൽ 7 പേരും യു.പിയിൽ 80ൽ ഒരാളുമാണ് ഒരു മാസത്തെ ശമ്പളം കൊടുക്കാൻ തയ്യാറായിട്ടുള്ളത്. ഇവിടത്തെ അദ്ധ്യാപകരിൽ ഹൈസ്കൂളിൽ 30ഉം യു.പിയിൽ 25ഉം പേർ വിദ്യാഭ്യാസ വകുപ്പിന്റെ നിയമനാനുമതി കിട്ടാത്തവരാണ്. ഉപജില്ലയിൽ ആകെയുള്ള 46 സ്വതന്ത്ര എൽ.പി, യു.പി സ്കൂളുകളിൽ 25 സ്കൂളുകളാണ് സാലറി ചലഞ്ചിനെ അനുകൂലിച്ചിട്ടുള്ളത്. 21 സ്കൂളുകൾ യെസ് പറഞ്ഞിട്ടില്ല. 28 വരെയാണ് തീരുമാനം പറയാനുള്ള സമയം.

അദ്ധ്യാപികമാരെ അവഹേളിച്ചിട്ടില്ല

തിരുവനന്തപുരം: ധനുവച്ചപുരം കോളേജിലെ അദ്ധ്യാപികമാരെ അവഹേളിക്കുന്ന രീതിയിൽ താൻ സംസാരിച്ചിട്ടില്ലെന്ന് ബി.ജെ.പി ജില്ലാ പ്രസിഡന്റ് എസ്. സുരേഷ് അറിയിച്ചു. 72 വിദ്യാർത്ഥികളെ രണ്ടുവർഷത്തിനുള്ളിൽ ഇല്ലാത്ത കാരണം പറഞ്ഞ് കോളേജിൽ നിന്ന് പുറത്താക്കുകയായിരുന്നു. കുട്ടികളെ തിരിച്ചെടുക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സർവകലാശാല അധികൃതരോട് ഹൈക്കോടതി നിർദ്ദേശിച്ചിട്ടും അതിനവരെ അനുവദിക്കുന്നില്ലെന്നും സുരേഷ് കുറ്റപ്പെടുത്തി.

ഡോ. അനശ്രുതി (ഒന്നാം റാങ്ക്), ഡോ. അനൂപ് (രണ്ടാം റാങ്ക്) ഡോ. ഗ്രീഷ്മ സുഭാഷ് (മൂന്നാം റാങ്ക്) എന്നിവർ

സർജറി പരീക്ഷയിൽ ആദ്യ മൂന്നു റാങ്കും തിരുവനന്തപുരം മെഡിക്കൽ കോളേജിന്

തിരുവനന്തപുരം: ആരോഗ്യ സർവകലാശാല നടത്തിയ സർജറി (എം.എസ്) പരീക്ഷയിൽ ആദ്യ മൂന്ന റാങ്കും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ നേടി.

ഒന്നാം റാങ്ക് ഡോ. അനശ്രുതിയും രണ്ടാം റാങ്ക് ഡോ. അനൂപും മൂന്നാം റാങ്ക് ഡോ. ഗ്രീഷ്മ സുഭാഷുമാണ് നേടിയത്.

കെ.എം.എസ്.എസ് പേട്ട ശാഖ

തിരുവനന്തപുരം: മൺപാത്ര നിർമ്മാണ സമുദായ സഭ പേട്ട ശാഖയുടെ വിദ്യാഭ്യാസ മെരിറ്റ് അവാർഡ് വിതരണവും കുടുംബ സംഗമവും പേട്ട പഞ്ചമി ഹാളിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എം.ബി.ബി.എസ് ലഭിച്ച വിദ്യാർത്ഥികൾക്കും അവാർഡിന് അർഹരായ വിദ്യാർത്ഥികൾക്കും മന്ത്രി ഉപഹാരങ്ങൾ വിതരണം ചെയ്തു. പ്ലസ് ടുവിന് 1200 മാർക്ക് ലഭിച്ച പി.എം. ഗൗരിക്കുള്ള അവാർഡ് സിനിമാതാരം ദിനേശ് പണിക്കർ വിതരണം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ബി. സുബാഷ് ബോസ് ആമുഖ പ്രസംഗം നടത്തി. ട്രഷറർ സി.കെ. ചന്ദ്രൻ കൗൺസിലർമാരായ ഡി. അനിൽകുമാർ, ശോഭാറാണി, വനിതാ വേദി സംസ്ഥാന പ്രസിഡന്റ് ഡോ. പ്രമീള മഹേഷ്, ജില്ലാ പ്രസിഡന്റ് പി. ബാബുക്കുട്ടൻ, ജില്ലാ സെക്രട്ടറി വിജയകുമാർ, സിന്ധു മോഹൻ, ആർ. വിഘ്നരാജൻ, കെ. ശശിധരൻ എന്നിവർ പ്രസംഗിച്ചു. ശാഖാ പ്രസിഡന്റ് വി. വിജയൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി എം. രാധാകൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജി. ശ്രീകുമാർ സ്വാഗതവും ശ്രീലാൽ നന്ദിയും രേഖപ്പെടുത്തി.

നന്മ ചാരിറ്റി ആൻഡ് റിക്രിയേഷൻ ക്ലബിന്റെ വാർഷികാഘോഷ ചടങ്ങിൽ വീടിന്റെ താക്കോൽദാനം മേയർ വി.കെ. പ്രശാന്ത് നിർവഹിക്കുന്നു

നന്മയുടെ രണ്ടാം വാർഷികം

തിരുവനന്തപുരം: ലൈഫ് പദ്ധതിയും നന്മ ചാരിറ്റി ആൻഡ് റിക്രിയേഷൻ ക്ലബും കൈകോർത്തപ്പോൾ അനഘയ്ക്ക് വീടെന്ന സ്വപ്നം യാഥാർത്ഥ്യമായി.

നന്മ ചാരിറ്റി ആൻഡ് റിക്രിയേഷൻ ക്ലബിന്റെ 2-ാം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് വീടിന്റെ താക്കോൽ ദാനം മേയർ വി.കെ. പ്രശാന്ത് നിർവഹിച്ചു.

ക്ലബ് പ്രസിഡന്റ് സുനിൽ കുമാർ . എസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് കളക്ടർ ജി. പ്രിയങ്ക, മുടവൻമുകൾ വാർഡ് കൗൺസിലർ വി. ഗോപകുമാർ, പൂജപ്പുര വാർഡ് കൗൺസിലർ ഡോ.ബി. വിജയലക്ഷ്മി, ചലച്ചിത്ര പിന്നണി ഗായിക അഖില ആനന്ദ്, മുൻ പൂജപ്പുര വാർഡ് കൗൺസിലർ കെ. മഹേശ്വരൻ നായർ, മുടവൻമുകൾ വാർഡ് കൗൺസിലർ കെ. രാജശേഖരൻ നായർ, നന്മ ചാരിറ്റി ആൻഡ് റിക്രിയേഷൻ ക്ലബ് സെക്രട്ടറി ആർ. രാജീവ് എന്നിവർ പങ്കെടുത്തു.

കോലത്തുകര ശാഖയിൽ വനിതാസംഘം വാർഷികവും വിദ്യാഭ്യാസ അവാർഡ്ദാനവും

കുളത്തൂർ : കോലത്തുകര ശാഖയിൽ വനിതാസംഘം വാർഷികത്തോടനുബന്ധിച്ച് വിദ്യാഭ്യാസ അവാർഡ്ദാനം, പഠനസഹായ വിതരണം, പെൻഷൻ വിതരണം എന്നിവ നടന്നു.

കുളത്തൂർ ജ്യോതിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം മെഡിക്കൽ കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ. അനുജ ഉദ്ഘാടനം ചെയ്തു. എല്ലാ വർഷവും പത്ത് വിദ്യാർത്ഥികൾക്ക് ശാഖയുടെ ആഭിമുഖ്യത്തിൽ പഠനസഹായം നൽകാൻ ഒരു ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിച്ച് മാതൃക കാണിച്ചയാളാണ് കേരളകൗമുദി പത്ര ഏജന്റായിരുന്ന കുളത്തൂർ ഗംഗാധരനെന്ന് പഠന സഹായം വിതരണം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ. പല്പു സ്മാരക എസ്.എൻ.ഡി.പി യൂണിയൻ പ്രസിഡന്റ് പി. ഉപേന്ദ്രൻ കോൺട്രാക്ടർ പറഞ്ഞു.

ചടങ്ങിൽ കോലത്തുകര മോഹനൻ, സി.പ്രമോദ്, കെ.വി.അനിൽകുമാർ, എൻ. മോഹൻദാസ്, പ്രണവ് കോലത്തുകര, ജി.പി. ഗോപകുമാർ, ജീവ ധർമ്മരാജൻ, വിജയാംബിക തുടങ്ങിയവർ പ്രസംഗിച്ചു.

ഭാരവാഹികളായി ജീവ ധർമ്മരാജൻ (പ്രസിഡന്റ്), വിജയാംബിക (സെക്രട്ടറി), ദീപ്തി പ്രമോദ് (വൈസ് പ്രസിഡന്റ്), ശ്രീകല (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

കുളത്തൂർ കോലത്തുകര ശാഖയിൽ നടന്ന വനിതാസംഘം വാർഷികവും വിദ്യാഭ്യാസ അവാർഡ്ദാനവും മെഡിക്കൽ കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ. അനുജ ഉദ്ഘാടനം ചെയ്യുന്നു. പി. ഉപേന്ദ്രൻ കോൺട്രാക്ടർ, കോലത്തുകര മോഹനൻ, സി. പ്രമോദ്, കെ.വി. അനിൽകുമാർ, എൻ. മോഹൻദാസ്, പ്രണവ് കോലത്തുകര, ജി.പി. ഗോപകുമാർ, ജീവ ധർമ്മരാജൻ, വിജയാംബിക എന്നിവർ സമീപം.

കെ.എം.എസ്.എസ് പേട്ട ശാഖയുടെ വിദ്യാഭ്യാസ മെരിറ്റ് അവാർഡ് വിതരണവും കുടുംബ സംഗമവും മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

യു.ഡി.എഫ് പാർലമെന്റ് മണ്ഡലം കൺവെൻഷൻ നാളെ

തിരുവനന്തപുരം: ലോക്‌സഭാ തിരഞ്ഞെടുപ്പിന് മുന്നൊരുക്കമായി യു.ഡി.എഫ് തിരുവനന്തപുരം പാർലമെന്റ് മണ്ഡലം തിരഞ്ഞെടുപ്പ് കൺവെൻഷൻ നാളെ വൈകിട്ട് 4ന് കിഴക്കേകോട്ട പ്രിയദർശിനി ഓഡിറ്റോറിയത്തിൽ കോൺഗ്രസ് പ്രവർത്തകസമിതി അംഗം എ.കെ. ആന്റണി ഉദ്ഘാടനം ചെയ്യുമെന്ന് യു.ഡി.എഫ് ജില്ലാ ചെയർമാൻ സോളമൻ അലക്സും ജനറൽ കൺവീനർ ബീമാപള്ളി റഷീദും അറിയിച്ചു.

പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, ഉമ്മൻ ചാണ്ടി, കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ, പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി, യു.ഡി.എഫ് കൺവീനർ ബെന്നി ബഹനാൻ, ശശി തരൂർ എം.പി, എ.എ. അസീസ്, അനൂപ് ജേക്കബ്, സി.പി. ജോൺ, ദേവരാജൻ, എം.എം. ഹസൻ, തമ്പാനൂർ രവി, പി.പി. തങ്കച്ചൻ, എം.എൽ.എമാരായ കെ. മുരളീധരൻ, വി.എസ്. ശിവകുമാർ, എം. വിൻസെന്റ്, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ എന്നിവർ പങ്കെടുക്കും.

ചിത്രരചനയും ഉപന്യാസ രചനാ മത്സരവും

തിരുവനന്തപുരം: ആഗോളതലത്തിൽ ഐക്യരാഷ്ട്രസഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റെനബിൾ ഡെവലപ്മെന്റ് ആൻഡ് ഗവേണൻസിസ് (ഐ.എസ്.ഡി.ജി) സെക്രട്ടേറിയറ്റിന് മുന്നിൽ മെഗാ കാൻവാസ് ചിത്രരചനയും ഉപന്യാസരചനാ മത്സരവും നടത്തി.

ലളിതകലാ അക്കാഡമി എക്സിക്യൂട്ടിവ് അംഗം കാരയ്ക്കാമണ്ഡപം വിജയകുമാർ ആദ്യ ചിത്രം വരച്ച് ഉദ്ഘാടനം ചെയ്തു. ഐ.എസ്.ഡി.ജി ഡയറക്ടർ ഡോ. എബ്രഹാം ജോർജ് അദ്ധ്യക്ഷത വഹിച്ചു.

ഉപന്യാസ മത്സര വിജയികളായ ഹൈസ്കൂൾ വിഭാഗത്തിൽ മുക്കോലയ്ക്കൽ സെന്റ് തോമസ് എച്ച്.എസ്.എസിലെ ആർച്ച . എ.ജെ, ജനാർദ്ദനപുരം എച്ച്.എസ്.എസിലെ അദ്വൈത് എം. പ്രശാന്ത്, പള്ളിപ്പുറം മോഡൽ പബ്ലിക് സ്കൂളിലെ ഫർസാന എസ്.എസ്, ഹയർ സെക്കൻഡറി വിഭാഗത്തിൽ പേരൂർക്കട ഗവ. ജി.എച്ച്.എസ്.എസിലെ അക്ഷയ.ജി.എം, വെങ്ങാനൂർ എച്ച്.എസ്.എസ് ഫോർ ഗേൾസിലെ അനുപം എ.ജെ, പേരൂർക്കട പി.എസ്.എൻ.എം ജി.എച്ച്.എസ്.എസിലെ സബിത . എസ് എന്നിവർക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റുകളും സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. രവി രാമൻ വിതരണം ചെയ്തു. ഡോ. സിറിയക് മാത്യൂസ്, പ്രദീപ് പനങ്ങാട്, അനിൽകുമാർ . പി. വൈ, അനിൽ രാമൻ, സുനിൽ ജി, അങ്കിത, മീര, സോംഗ് എന്നിവർ നേതൃത്വം നൽകി.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന പദ്ധതിയുടെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് ആൻഡ് ഗവേണൻസിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ വിദ്യാർത്ഥികൾ നടത്തിയ ചിത്രരചന

വയലിൻ മാന്ത്രികനായി പ്രാർത്ഥനയോടെ

■ പൊന്നുമകൾ മരിച്ചത് അറിയാതെ ബാലുവും ഭാര്യയും വെന്റിലേറ്ററിൽ ■ ആശുപത്രിയിൽ നിറമിഴികളുമായി സുഹൃത്തുക്കളുടെ നീണ്ട നിര

◗ കെ.എസ്. അരവിന്ദ്

തിരുവനന്തപുരം: വയലിൻ മാന്ത്രികനും സംഗീതസംവിധായകനുമായ ബാലഭാസ്‌കറും കുടുംബവും അപകടത്തിൽപ്പെട്ടെന്ന വാർത്ത അറിഞ്ഞതോടെ ആരാധകരും സുഹൃത്തുക്കളും വിറങ്ങലിച്ചു. 16 വർഷത്തെ കാത്തിരിപ്പിന് ശേഷം ബാലുവിന് കിട്ടിയ കൺമണി അകാലത്തിൽ പൊലിഞ്ഞത് വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇവർ.

ബാലഭാസ്‌കറും ഭാര്യയും തീവ്രപരിചരണ വിഭാഗത്തിൽ വെന്റിലേറ്ററിലാണ്. തേജസ്വിനിയെ ജീവന് തുല്യം സ്നേഹിച്ച ബാലുവിനോട് ഇനി മകൾ നിന്റെകൂടെ ഇല്ലെന്ന് എങ്ങനെ പറയുമെന്ന് അറിയാതെ വിങ്ങുകയാണ് സുഹൃത്തുക്കൾ.

പ്രിയപ്പെട്ട ബാലുവിനെ തേടി ഇന്നലെ രാവിലെ മുതൽ സുഹൃത്തുക്കളും ആരാധകരും ഈഞ്ചയ്ക്കലിലെ സ്വകാര്യ ആശുപത്രിയിലെത്തി. ഉച്ചയ്ക്ക് 12ന് ഇരുവരെയും ശസ്ത്രക്രിയയ്ക്കായി മാറ്റിയത് മുതൽ നൂറുകണക്കിന് സുഹൃത്തുക്കളാണ് ആശുപത്രിയുടെ ഇടനാഴിയിൽ ബാലുവിനും ഭാര്യയ്ക്കും വേണ്ടി പ്രാർത്ഥനയോടെ നിന്നത്.

വൈകിട്ട് അഞ്ചിന് ലക്ഷ്മിയെ ഐ.സി.യുവിലേക്ക് മാറ്റി. രാത്രിയോടെയാണ് ബാലഭാസ്‌കറെ മാറ്റിയത്. ആദ്യം കാണുമ്പോൾ തന്നെ എല്ലാവരോടും അടുത്തിടപഴകുന്ന സ്വഭാവക്കാരനായ ബാലഭാസ്കറിന് അതുകൊണ്ട് തന്നെ സുഹൃത്തുക്കളും ഏറെയാണ്. ആ നിഷ്കളങ്ക സ്നേഹം അനുഭവിച്ചിട്ടുള്ളവരെല്ലാം ഇന്നലെ ആശുപത്രിയിലെത്തി. സംസ്കൃത കോളേജിൽ ബാലുവിനും ലക്ഷ്മിക്കുമൊപ്പം പഠിച്ചവരാണ് ഏറെയും. കാലങ്ങൾ നീണ്ട ഇരുവരുടെയും പ്രണയസാഫല്യത്തിന് സാക്ഷ്യം വഹിച്ചവരെല്ലാം ഇന്നും ബാലഭാസ്കറിന്റെ ജീവിതത്തിന്റെ ഭാഗമാണ്. 16 വർഷത്തെ മകൾക്കായുള്ള കാത്തിരിപ്പും അതിനായുള്ള പ്രാർത്ഥനകളും കണ്ടറിഞ്ഞവരാണ് സുഹൃത്തുക്കൾ ഏറെയും. പുതുതായി സംഗീത സംവിധാനം നിർവഹിക്കുന്ന ചിത്രത്തിന്റെ തിരക്കിനിടയിലാണ് മകൾക്ക് വഴിപാട് നടത്താൻ ബാലഭാസ്കർ സമയം കണ്ടെത്തിയത്. വയലിനിസ്റ്റായ അമ്മാവൻ ബി. ശശികുമാറിന്റെ ശിക്ഷണത്തിൽ മൂന്ന് വയസു മുതൽ സംഗീതം അഭ്യസിച്ചു തുടങ്ങിയ ബാലഭാസ്കർ ആദ്യമായി വയലിനുമായി സ്റ്റേജിലെത്തിയത് പന്ത്രണ്ടാം വയസിലാണ്. അഞ്ചു വർഷം തുടർച്ചയായി കേരള സർവകലാശാല യുവജനോത്സവത്തിൽ വയലിനിൽ ഒന്നാംസ്ഥാനം നേടിയ ബാലഭാസ്കർ പതിനേഴാം വയസിൽ മംഗല്യപ്പല്ലക്ക് എന്ന സിനിമയ്ക്ക് സംഗീതം ചെയ്ത് മലയാള സിനിമയിലെ ഏറ്റവും പ്രായം കുറഞ്ഞ സംഗീത സംവിധായകനായി. തുടർന്ന് മൂന്ന് സിനിമകൾക്കും നിരവധി ആൽബങ്ങൾക്കും സംഗീതമൊരുക്കി. കേരളത്തിൽ ആദ്യമായി ഇലക്ട്രിക് വയലിൻ പരിചയപ്പെടുത്തിയതും ഇന്തോ വെസ്റ്റേൺ ഫ്യൂഷൻ പരിചയപ്പെടുത്തിയതും ബാലഭാസ്കറാണ്. വയലിനിൽ വിസ്മയം തീർക്കുന്ന ബാലഭാസ്കറിന്റെ പൂർണ ആരോഗ്യത്തോടെയുള്ള മടങ്ങിവരവിനായി പ്രാർത്ഥിക്കുകയാണ് സുഹൃത്തുക്കളും ആരാധകരും. അപകടവാർത്തയറിഞ്ഞ് സിനിമ, സംഗീത മേഖലയിൽ നിന്നുള്ളവരും ആശുപത്രിയിലെത്തി.

പള്ളിപ്പുറത്ത് ബാലഭാസ്കറും കുടുംബവും സഞ്ചരിച്ച കാർ മരത്തിൽ ഇടിച്ച് കയറിയപ്പോൾ

ചോരക്കളമായി മാറി പള്ളിപ്പുറം

◗ കഴക്കൂട്ടം സുരേഷ്

ഒരുവർഷം **17** മരണം
90 അപകടം

കഴക്കൂട്ടം: മംഗലാപുരം - കഴക്കൂട്ടം ദേശീയപാതയിൽ പള്ളിപ്പുറം ഭാഗത്ത് അപകടം പതിവാകുന്നു.

പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കറും കുടുംബവും സഞ്ചരിച്ച കാർ മരത്തിലിടിച്ച് രണ്ടു വസുകാരിയായ മകൾ മരിച്ചതാണ് ഒടുവിലത്തെ സംഭവം. കഴിഞ്ഞ ഒരുവർഷത്തിനിടെ പള്ളിപ്പുറം ഭാഗത്തുണ്ടായ 90 അപകടങ്ങളിൽ 17 പേർ മരിച്ചെന്നാണ് കണക്ക്. രാത്രിയിലാണ് കൂടുതൽ അപകടങ്ങളും ഉണ്ടായിട്ടുള്ളതെന്ന് മംഗലാപുരം പൊലീസ് പറയുന്നു.

ദേശീയപാതയിൽ റീടാറിംഗ് നടത്തിയപ്പോൾ റോഡിന് ഇരുവശത്തും മണ്ണിട്ട് ഉയർത്താത്തതും വാഹനങ്ങൾ മറിയാൻ കാരണമാകുന്നു. റോഡിനിരുവശത്തെ കുഴിയും റോഡിന്റെ വീതി കുറവും മേഖലയിൽ തെരുവ് വിളക്കുകളില്ലാത്തതും അപകടങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നു.

വർഷങ്ങൾക്ക് മുമ്പ് ഇവിടത്തെ അപകടങ്ങൾ കുറയ്ക്കാൻ നാട്പാക് പഠനം നടത്തി റിപ്പോർട്ട് നൽകിയിരുന്നെങ്കിലും നടപ്പായില്ല. അപകടമേഖല സൂചിപ്പിക്കുന്നതിനും വേഗത കുറയ്ക്കുന്നതിനുമുള്ള മുന്നറിയിപ്പ് ബോർഡ് പോലും ഈ മേഖലയിൽ സ്ഥാപിച്ചിട്ടില്ല.

സൗജന്യ ഹൃദയ പരിശോധനാ ക്യാമ്പ്

തിരുവനന്തപുരം : ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് പി.ആർ.എസ് ഹോസ്പിറ്റലിൽ ഹൃദ്രോഗ വിദഗ്ദ്ധൻ ഡോ. ടൈനി നായരുടെ നേതൃത്വത്തിൽ സൗജന്യ ഹൃദയ പരിശോധനാ ക്യാമ്പ് നടത്തുന്നു. 29ന് ഹോസ്പിറ്റൽ ആഡിറ്റോറിയത്തിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെയാണ് ക്യാമ്പ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് സൗജന്യ പരിശോധനയും ആവശ്യമെങ്കിൽ കുറഞ്ഞ നിരക്കിൽ തുടർ ചികിത്സയും ലഭ്യമാക്കുന്നു. ഫോൺ : 8281828182.

സൗജന്യ ഹൃദ്രോഗ നിർണയ ക്യാമ്പ്

തിരുവനന്തപുരം : ലോക ഹൃദയാരോഗ്യ ദിനത്താടേനുബന്ധിച്ച് നിംസ് ഹാർട്ട് ഫൗണ്ടേഷനിൽ സൗജന്യ ഹൃദയാരോഗ്യ നിർണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. 28, 29 തീയതികളിലായി നീണ്ടുനിൽക്കുന്ന ക്യാമ്പിൽ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 100 പേർക്ക് ഇ.സി.ജി, ബി.പി, ജി.ആർ.ബി.എസ് എന്നിവ സൗജന്യമായും എക്കോ, ടി.എം.ടി, ലാബ് പരിശോധനകൾക്ക് 30 ശതമാനം ഇളവും ലഭിക്കും. എല്ലാ ടെസ്റ്റുകളും ഉൾപ്പെടെ ആൻജിയോഗ്രാം 5000 രൂപയ്ക്കും ആൻജിയോപ്ലാസ്റ്റി 40000 രൂപ + സ്റ്റെന്റ് വില, ബൈപ്പാസ് ശസ്ത്രക്രിയകൾ 1.75 ലക്ഷം രൂപയ്ക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള പാക്കേജിൽ ചെയ്തുകൊടുക്കുന്നു.

ക്യാമ്പിൽ പങ്കെടുക്കുന്നവർ രാവിലെ 8.30ന് തന്നെ നിംസ് മെഡിസിറ്റിയിൽ എത്തിച്ചേരണം. ഫോൺ : 9447247772.

സൗജന്യ ഹൃദയ പരിശോധനാ ക്യാമ്പ്

തിരുവനന്തപുരം : വൈസ്‌മെൻസ് ക്ലബ് ഒഫ് ട്രിവാൻഡ്രം ക്യൂൻസ്, വൈസ്‌മെൻസ് ക്ലബ് ഒഫ് ട്രിവാൻഡ്രം നോർത്ത് കേരള കൾച്ചറൽ ഫോറം എന്നിവയുടെ ആഭിമുഖ്യത്തിൽ നെയ്യാറ്റിൻകര നിംസ് മെഡിസിറ്റിയുമായി ചേർന്ന് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ശനിയാഴ്ച രാവിലെ 8.30 മുതൽ 1 വരെ പാളയം സത്യൻ സ്മാരക ഹാളിലാണ് ക്യാമ്പ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ 28ന് ഉച്ചയ്ക്ക് മുമ്പായി രജിസ്റ്റർ ചെയ്യണം. ഫോൺ: 0471-2332545, 7907509980.

പൂവച്ചലിൽ വീട് കുത്തിത്തുറന്ന് 50,000 രൂപ കവർന്നു

കാട്ടാക്കട: പൂവച്ചൽ കുറകോണത്ത് മുകൾവിള അപ്പുവിന്റെ വീട് കുത്തിത്തുറന്ന് 50,000 രൂപ കവർന്നു. രാവിലെ കൂലിപ്പണിക്ക പോയിരുന്ന അപ്പു വൈകിട്ട് അഞ്ചു മണിയോടെ വീട്ടിൽ എത്തിയപ്പോഴാണ് മോഷണം നടന്നതായി കണ്ടത്. കിടപ്പുമുറിയിലെ മേശ കുത്തിത്തുറന്ന നിലയിൽ കണ്ടു. പരിശോധനയിൽ മേശയിൽ സൂക്ഷിച്ചിരുന്ന പണം നഷ്ടപ്പെട്ടതായി കണ്ടെത്തി. തുടർന്ന് കാട്ടാക്കട പൊലീസിൽ പരാതി നൽകി.

അച്ഛന്റെ വഴിയേ മകനും; ഒടുവിൽ പൊലീസ് പിടിയിൽ

നെയ്യാറ്റിൻകര: വീട് കുത്തിത്തുറക്കേണ്ടതെങ്ങനെയെന്ന് ജയിലിൽ കിടക്കുന്ന അച്ഛൻ മൊബൈലിൽ മെസേജ് അയയ്ക്കും. മകനും കൂട്ടുകാരും കൃത്യമായി നടപ്പാക്കും. മോഷ്ടാവായ അച്ഛന്റെ വഴിയേ നടന്ന മകൻ ഒടുവിൽ പൊലീസിന്റെ വലയിലായി.

മോഷണക്കുറ്റത്തിന് തമിഴ്നാട് ജയിലിൽ കഴിയുന്ന ശിവശങ്കരന്റെ മകൻ ജ്യോതിയും മറ്റ് രണ്ട് സുഹൃത്തുക്കളുമാണ് നെയ്യാറ്റിൻകരയിൽ നിരവധി വീടുകൾ കുത്തിത്തുറന്ന് മോഷണം നടത്തിയ കേസിൽ പൊലീസ് പിടിയിലായത്. നാഗർകോവിൽ കൊപ്പുകുഴിയിൽ ജ്യോതി എന്ന കാർത്തിക് (26), നാഗർകോവിൽ ആശാരിവിള കുരുതംകുഴിയിൽ കാർത്തിക് (23), ആശാരിപ്പള്ളം കിട്ടച്ചൻകോട് വീട്ടിൽ സുരേഷ് (26) എന്നിവരെ ഇന്നലെ നെയ്യാറ്റിൻകര ഡിവൈ. എസ്. പി ബി. ഹരികുമാറിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തു. ജ്യോതിയുടെ അച്ഛൻ ശിവശങ്കരനിൽ നിന്നുമാണ് ഇവർ മോഷണരീതികൾ പഠിച്ചത്. കാഞ്ഞിരംകുളത്തിന് സമീപം നെല്ലിമൂട്ടിൽ ഒരു ലോഡ്ജിൽ മുറിയെടുത്താണ് മോഷണം ആസൂത്രണം ചെയ്തിരുന്നത്. മൂന്ന പേരും ചേർന്ന് ആളില്ലാത്ത വീടുകൾ നോക്കി വച്ച ശേഷം രാത്രിയിൽ മോഷണം നടത്തും. ജയിലിൽ കിടക്കുന്ന ശിവശങ്കരൻ ജ്യോതിയുടെ ഫോണിലേക്ക് അയച്ച മോഷണരീതികൾ വിവരിക്കുന്ന സന്ദേശങ്ങൾ പൊലീസ് കണ്ടെടുത്തു. കേരളത്തിലെയും തമിഴ്നാട്ടിലെയും മുപ്പതിലേറെ മോഷണങ്ങൾക്ക് പിന്നിൽ ഇവരാണെന്ന് തെളിഞ്ഞതായി പൊലീസ് പറഞ്ഞു. നെയ്യാറ്റിൻകര സി.ഐ പ്രദീപ്കുമാർ, നെയ്യാറ്റിൻകര എസ്.ഐ സന്തോഷ് കുമാർ, കാഞ്ഞിരംകുളം എസ്.ഐ പ്രതാപചന്ദ്രൻ, പാറാശാല എസ്.ഐ വിനീഷ്, ഷാഡോ പൊലീസ് എസ്.ഐ ഷിജു കെ. നായർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.

കാർത്തിക്, സുരേഷ്, ജ്യോതി എന്ന കാർത്തിക്

25 കിലോ കഞ്ചാവുമായി ആന്ധ്രാ സ്വദേശി അറസ്റ്റിൽ

തിരുവനന്തപുരം: ജില്ലയിലെ കഞ്ചാവ് കച്ചവടക്കാർക്ക് മൊത്തമായി കഞ്ചാവ് എത്തിക്കുന്ന സംഘത്തിലെ പ്രധാനി പിടിയിലായി.

ആന്ധ്രയിലെ നരസിപ്പട്ടണം സ്വദേശി സത്യഅപ്പൽനായിഡു (39) ആണ് സിറ്റി ഷാഡോ പൊലീസിന്റെ പിടിയിലായത്. ഇയാളിൽ നിന്ന് 25 കി.ഗ്രാം കഞ്ചാവ് കണ്ടെടുത്തു.

ജില്ലയിൽ കഞ്ചാവ് മാഫിയകൾക്കെതിരെ സിറ്റി പൊലീസ് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. നഗരത്തിൽ ഈയിടെ പിടിക്കപ്പെട്ട കഞ്ചാവ് മൊത്തക്കച്ചവടക്കാർക്ക് ആന്ധ്രയിൽ നിന്ന് വലിയ അളവിൽ കഞ്ചാവ് എത്തിക്കുന്നത് ഇയാളാണെന്ന് ഷാഡോ പൊലീസിന് മനസിലായി. തുടർന്ന് ഇയാളെ തന്ത്രപൂർവം ബന്ധപ്പെട്ട് വിശ്വാസത്തിലെടുത്ത ശേഷം കഞ്ചാവ് ആവശ്യപ്പെട്ടു. കഞ്ചാവ് കൈമാറുന്നതിനായി ഇയാൾ പൂന്തുറ ഭാഗത്തെത്തിയപ്പോഴാണ് പിടിയിലായത്. പൂന്തുറ പൊലീസ് കേസെടുത്തു. കഞ്ചാവ് വില്പനക്കാർക്കെതിരെയുള്ള നടപടികൾ തുടരുമെന്നും സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശ് അറിയിച്ചു.

സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശ്, ഡി.സി.പി ആദിത്യ, കൺട്രോൾ റൂം അസി. കമ്മിഷണർ സുരേഷ്‌കുമാർ . വി, സി.ഐ സജികുമാർ, പൂന്തുറ എസ്.ഐ വിനോദ് കുമാർ . വി. സി, ഷാഡോ എസ്.ഐ സുനിൽ ലാൽ, എ.എസ്.ഐ ഗോപകുമാർ, സിറ്റി ഷാഡോ ടീമംഗങ്ങൾ എന്നിവർ അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകി.

പിടിയിലായ സത്യഅപ്പൽനായിഡു

കഞ്ചാവ് കച്ചവടം: യുവാവ് പിടിയിൽ

വെള്ളറട: ആറാട്ടുകുഴി, വെള്ളറട, കുടപ്പനമൂട് ഭാഗങ്ങളിൽ കഞ്ചാവ് കച്ചവടം നടത്തിയ യുവാവിനെ പിടികൂടി. കുടപ്പനമൂട് ആനക്കാട്ടുവിള സലജ വിലാസം ബംഗ്ലാവിൽ നന്ദു എന്ന സിദ്ധു എസ്. രവീന്ദ്രനെയാണ് (20) വെള്ളറട എസ്.ഐ സതീഷ്‌കുമാറിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം പിടികൂടിയത്.

ഒരാഴ്ച മുമ്പ് കൂതാളി സ്വദേശി ശരത് മോഹനനെ കഞ്ചാവുമായി പിടികൂടിയിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ പിടിയിലായത്. കഴിഞ്ഞ ദിവസം രാത്രി നെയ്യാറ്റിൻകര ഡിവൈ.എസ്.പി ഹരികുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഞ്ചാവുമായി വരികയായിരുന്ന ഇയാളെ പിടികൂടുകയായിരുന്നു.

നെയ്യാർഡാം പൊലീസ് സ്റ്റേഷനിലും ഇയാൾക്കെതിരെ കേസുണ്ട്.

വിതുരയിൽ തുണിക്കടയിൽ മോഷണം നടത്തിയ യുവാവ് അറസ്റ്റിൽ

വിതുര: പൊൻമുടി വിതുര റോഡിൽ വിതുര കലുങ്ക് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ആർ.കെ ടെക്സ്റ്റൈൽസിൽ കയറി പണവും തുണിത്തരങ്ങളും മോഷ്ടിച്ച യുവാവിനെ പൊലീസ് അറസ്റ്റ് ചെയ്തു. വിതുര കൊപ്പം കുണ്ടാളംകുഴി സ്വദേശി എസ്. ശ്രീരാഗ് (20) ആണ് അറസ്റ്റിലായത്. തിങ്കളാഴ്ച രാത്രി ഒന്നരയോടെയാണ് സംഭവം നടന്നത്. തുണിക്കടയുടെ മുകളിൽ കയറി ഷീറ്റ് ഇളക്കിമാറ്റിയശേഷം ഗ്ലാസ് അടിച്ച് പൊട്ടിച്ച് അകത്ത് കയറിയാണ് മോഷണം നടത്തിയത്. 45,000 രൂപയും, അമ്പതിനായിരത്തിൽ പരം രൂപയുടെ തുണിത്തരങ്ങളുമാണ് മോഷ്ടിച്ചത്. പൊലീസ് പറയുന്നതിങ്ങനെ: രാത്രി തുണിക്കടയിൽ കയറി മോഷണം നടത്തിയ ശേഷം പ്രതി

മോഷ്ടിച്ച ഒരു ബൈക്കിൽ നെടുമങ്ങാടെത്തി. ഈ സമയം പട്രോളിംഗിലായിരുന്ന നെടുമങ്ങാട് പൊലീസിന്റെ ശ്രദ്ധയിൽ പെട്ടു. സംശയം തോന്നിയ ഇയാളെ സ്റ്റേഷനിലേക്ക് കൊണ്ടു പോയി. ഇയാൾ മോഷണം നടത്തിയിട്ട് മുങ്ങിയതാണെന്ന് അപ്പോഴും നെടുമങ്ങാട് പൊലീസിന് അറിയില്ലായിരുന്നു. തുടർന്ന് വിതുര മോഷണക്കേസിന്റെ സി.സി ടിവി ദൃശ്യങ്ങൾ നെടുമങ്ങാട് പൊലീസ് പരിശോധിച്ചപ്പോഴാണ് തങ്ങൾ പിടികൂടിയ യുവാവാണ് വിതുരയിൽ മോഷണം നടത്തിയതെന്ന് വ്യക്തമായത്. തുടർന്ന് വിതുര എസ്.ഐ വി. നിജാമും സി.പി.ഒ നിധിനും സംഘവും നെടുമങ്ങാട് പൊലീസ് സ്റ്റേഷനിൽ എത്തി പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. ഇന്ന് പ്രതിയെ തുണിക്കടയിൽ എത്തിച്ച് തെളിവെടുപ്പ് നടത്തിയ ശേഷം കോടതിയിൽ ഹാജരാക്കുമെന്ന് വിതുര എസ്.ഐ അറിയിച്ചു.

പിടിയിലായ ശ്രീരാഗ്

കുടുക്കിയത് സി.സി ടിവി കാമറ

മോഷണം നടന്ന കടയിൽ സി.സി ടിവി കാമറകൾ ഉണ്ടായിരുന്നു. കാമറ പരിശോധിച്ചപ്പോൾ മോഷ്ടാവ് കടയുടെ മുകളിൽ കയറി ഷീറ്റ് ഇളക്കുന്നതും, ഗ്ലാസ് അടിച്ച് പൊട്ടിക്കുന്നതും കടയ്ക്കത്ത് കയറി പണവും തുണിത്തരങ്ങളും എടുത്ത് ചാക്കിൽ കെട്ടുന്നതും ദൃശ്യമായി.

തുടർന്ന് നടന്ന അന്വേഷണത്തിൽ സംശയാസ്പദമായ സാഹചര്യത്തിൽ ഒരു യുവാവിനെ നെടുമങ്ങാട് പൊലീസ് കസ്റ്റഡിയിലെടുത്തതായി വിവരം ലഭിച്ചു.

അങ്ങനെയാണ് പ്രതി പിടിയിലായത്. ഇയാൾ മുൻപ് ബൈക്ക് മോഷണത്തിന് പിടിയിലായിട്ടുണ്ട്.

ആറ്റിങ്ങലിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കും: ചെയർമാൻ

ആറ്റിങ്ങൽ: നഗരസഭാ പരിധിയിലെ അനധികൃത കൈയേറ്റങ്ങൾക്കും വ്യാജപ്രമാണങ്ങൾക്കുമെതിരെ നിയമ നടപടി സ്വീകരിക്കാൻ നഗരസഭ തീരുമാനിച്ചു. പുറമ്പോക്ക്, സർക്കാർ ഭൂമികൾ ചില സംഘടനകൾ കൈയേറി ആരാധനാലയങ്ങളും ഗോശാലകളും വരെ സ്ഥാപിച്ചിരിക്കുകയാണെന്ന് നഗരസഭാ ചെയർമാൻ എം. പ്രദീപ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കൈയേറ്റം നടത്തിയവർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഹാജരാക്കിയ പ്രമാണം ഉൾപ്പെടെയുള്ള രേഖകൾ വ്യാജമാണെന്നും വ്യാജ പ്രമാണം ചമച്ച വ്യക്തിക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ചെയർമാൻ പറഞ്ഞു. നേരത്തേ പലതവണ ഈ വ്യക്തിയെ നഗരസഭ ഹിയറിംഗിന് വിളിച്ചിരുന്നു. എന്നാൽ ഒരിക്കൽപോലും ഹാജരായിരുന്നില്ല. ഈ സാഹചര്യത്തിലാണ് നിയമനടപടി സ്വീകരിക്കുന്നത്.

കൈയേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ബി.ജെ.പി നടത്തുന്നത് ഇരട്ടത്താപ്പാണെന്ന് എം. പ്രദീപ് ആരോപിച്ചു. നഗരസഭയിലെ നാല് ബി.ജെ.പി അംഗങ്ങൾ കൈയേറ്റം ഒഴിപ്പിക്കുന്നതിന് അനുകൂലമായ നിലപാടാണ് കൗൺസിലിൽ കൈക്കൊണ്ടത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൗൺസിൽ എടുത്ത തീരുമാനത്തോട് യോജിക്കുകയും പുറത്ത് പോയി തീരുമാനത്തിനെതിരെ നിലപാട് എടുക്കുകയും ചെയ്യുന്നത് ജനാധിപത്യവിരുദ്ധമാണെന്നും ചെയർമാൻ ആരോപിച്ചു. എന്ത് പ്രതിസന്ധിയുണ്ടായാലും സർക്കാർ വക വസ്തുക്കൾ വീണ്ടെടുത്ത് സംരക്ഷിക്കുമെന്നും ചെയർമാൻ പറഞ്ഞു.

പൊലീസിന് ഗുരുതര വീഴ്ച : സി.പി.എം

ആറ്റിങ്ങൽ: കൈയേറ്റം ഒഴിപ്പിച്ചതിനെ തുടർന്നുണ്ടായ സംഭവങ്ങളിൽ പൊലീസ് ഗുരുതര വീഴ്ച വരുത്തിയതായി സി.പി.എം നേതാക്കൾ പത്രസമ്മേളനത്തിൽ ആരോപിച്ചു. പൊലീസും സംഘപരിവാർ സംഘടനകളും സംയുക്തമായി നടത്തിയ നാടകമാണ് തിങ്കളാഴ്ച ആറ്റിങ്ങലിൽ നടന്നതെന്നും സി.പി.എം ജില്ലാ സെക്രട്ടേറിയറ്റംഗം ആർ. രാമു പത്രസമ്മേളനത്തിൽ ആരോപിച്ചു.

സംഘപരിവാർ സംഘടനകൾ സമീപത്തെ വസ്തു കൈയേറാൻ ലക്ഷ്യമിട്ടതിന് ശേഷമാണ് സ്ഥിരം ക്ഷേത്രമാക്കാൻ ശ്രമമാരംഭിച്ചതെന്നും അദ്ദേഹം പറഞ്ഞു. അനധികൃത കൈയേറ്റമാണ് നഗരസഭ ഒഴിപ്പിച്ചത്. പൊലീസ് കസ്റ്റഡിയിലെടുത്തവരെ ഒരു മണിക്കൂറിനുള്ളിൽ വിട്ടയച്ചു. എന്നാൽ അവർ വീണ്ടും സർക്കാർ ഭൂമി കൈയേറുകയായിരുന്നു.

ഹർത്താൽ അനുകൂലികൾ കടകൾ നിർബന്ധിച്ച് അടപ്പിക്കുകയും അതിക്രമങ്ങൾ കാണിക്കുകയും ചെയ്യുമ്പോൾ പൊലീസ് കാഴ്ചക്കാരായി നോക്കി നിൽക്കുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു. നഗരസഭ ആവശ്യപ്പെട്ടതനുസരിച്ച് സുരക്ഷ ഒരുക്കുക മാത്രമാണ് തങ്ങൾ ചെയ്തതെന്നും മറ്റ് കാര്യങ്ങളിൽ ഇടപെടില്ലെന്നുമുള്ള ഡിവൈ.എസ്.പിയുടെ മറുപടി നിരുത്തരവാദപരമാണെന്നും ആർ. രാമു പറഞ്ഞു. ഏരിയാ സെക്രട്ടറി എസ്. ലെനിൻ, നഗരസഭാ ചെയർമാൻ എം. പ്രദീപ്, എം. മുരളി, ദേവരാജൻ, ആർ.എസ്. അനൂപ്, സി.ജെ. രാജേഷ്‌കുമാർ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

വാഹനങ്ങൾ കൂട്ടിയിടിച്ചു; 5 പേർക്ക് പരിക്ക്

നേമം: പ്രാവച്ചമ്പലം - പള്ളിച്ചൽ റോഡിൽ 3 ഇരുചക്രവാഹനങ്ങൾ കാറുമായി കൂട്ടിയിടിച്ച് 5 പേർക്ക് പരിക്കേറ്റു. ചീനിവിള സ്വദേശി ജയകുമാരി (54), മകൻ മനോജ് (30), പേരൂർക്കട സ്വദേശി കൃഷ്ണകുമാർ (40), ഭാര്യ സതി (37), ഓലത്താണി സ്വദേശി സുനിൽ (33) എന്നിവർക്കാണ് പരിക്കേറ്റത്.

ഇന്നലെ വൈകിട്ട് 5ഓടെയായിരുന്നു അപകടം. കൃഷ്ണകുമാറും ഭാര്യയും സ്കൂട്ടറിൽ തിരുവനന്തപുരം ഭാഗത്തേക്ക് പോകുകയായിരുന്നു. അതേ ദിശയിൽ സഞ്ചരിച്ചിരുന്ന കാറിനെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ എതിർ ദിശയിൽ നിന്ന് വന്ന ബൈക്കുകൾ സ്കൂട്ടറിലും കാറിലും ഇടിക്കുകയായിരുന്നു. കാറിന്റെ മുൻവശവും ഒരു പൾസർ ബൈക്കും പാടേ തകർന്നു.

പരിക്കേറ്റവരെ തത്ക്ഷണം രണ്ട് ആംബുലൻസിലും, കൺട്രോൾ റൂം വാഹനത്തിലുമായി മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. നില ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. നാഗർകോവിലിൽ നിന്നും തിരുവനന്തപുരം വിമാനത്താവളത്തിലേക്ക് പോകുകയായിരുന്ന തമിഴ്നാട് രജിസ്ട്രേഷൻ കാറിൽ ഡ്രൈവർ ജയസിംഗ് മാത്രമാണുണ്ടായിരുന്നത്. കാറ് നാഗർകോവിലിൽ നിന്നു വരികയായിരുന്നു.

അപകടത്തിൽ തകർന്ന ബൈക്ക്

വിദ്യാർത്ഥികളെ കസ്റ്റഡിയിലെടുക്കാൻ ശ്രമം; ജില്ലാ ആശുപത്രി പരിസരത്ത് സംഘർഷം

നെടുമങ്ങാട്: നെടുമങ്ങാട് ഗവ. കോളേജ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചുവരെഴുത്തിനെച്ചൊല്ലിയുണ്ടായ സംഘർഷത്തിനിടെ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വിദ്യാർത്ഥികളെ കസ്റ്റഡിയിലെടുക്കാനുള്ള പൊലീസിന്റെ നീക്കം സംഘർഷത്തിനിടയാക്കി. ചുവരെഴുതിയ കോളേജ് വിദ്യാർത്ഥികൾക്കൊപ്പം നിന്നതിന്റെ പേരിൽ ഇവരെ കസ്റ്റഡിയിലെടുക്കാനായിരുന്നു പൊലീസിന്റെ നീക്കം. ഇതിനെതിരെ സി. പി. എം, ഡി. വൈ. എഫ്.ഐ പ്രവർത്തകർ ഒത്തുചേർന്നപ്പോൾ പൊലീസിന് പിൻവാങ്ങേണ്ടി വന്നു.

നെടുമങ്ങാട് ജില്ലാ ആശുപത്രി പരിസരത്ത് തടിച്ചു കൂടിയ സി.പി.എം പ്രവർത്തകർ പൊലീസിനും ആശുപത്രി സൂപ്രണ്ടിനുമെതിരെ മുദ്രാവാക്യം മുഴക്കി. ബഹളത്തിനിടെ സൂപ്രണ്ടിന്റെ ഓഫീസിലേക്ക് തള്ളിക്കയറാൻ ചിലർ ശ്രമിച്ചു. പൊലീസും പ്രവർത്തകരും തമ്മിലുള്ള ഉന്തിലും തള്ളിലും രോഗികളുമായി എത്തിയ വാഹനങ്ങൾ ഏറെ നേരം കുടുങ്ങി. സി.പി.എം ഏരിയാ സെക്രട്ടറി അഡ്വ. ആർ. ജയദേവനും നഗരസഭാ ചെയർമാൻ ചെറ്റച്ചൽ സഹദേവനും സ്ഥലത്തെത്തി റൂറൽ എസ്.പിയുമായി സംസാരിച്ചാണ് സംഘർഷം ഒഴിവാക്കിയത്. തലയ്ക്കും കൈയ്ക്കും പരിക്കേറ്റ അഭിജിത്, ലിഥിൻ എന്നീ കുട്ടികളെ പൊലീസിന്റെ സമ്മർദ്ദത്തിന് വഴങ്ങി സൂപ്രണ്ട് ഡിസ്ചാർജ് ചെയ്യുകയായിരുന്നുവെന്ന് സി.പി.എം നേതാക്കൾ ആരോപിച്ചു. സി.പി.എം പ്രതിഷേധത്തെത്തുടർന്ന് വിദ്യാർത്ഥികളെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊലീസിനും ആശുപത്രി സൂപ്രണ്ടിനുമെതിരെ അന്വേഷണം വേണമെന്ന് നഗരസഭാ കൗൺസിലറും ഡി.വൈ.എഫ്.ഐ ഏരിയ സെക്രട്ടറിയുമായ കെ.പി. പ്രമോഷ് ആവശ്യപ്പെട്ടു.

കെ.എസ്.യുക്കാരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധം

സംഭവത്തിൽ കെ.എസ്.യു പ്രവർത്തകരെ അറസ്റ്റ് ചെയ്ത നടപടിയിൽ ഡി.സി.സി ജനറൽ സെക്രട്ടറി ആനാട് ജയൻ പ്രതിഷേധിച്ചു. നെടുമങ്ങാട് ഗവ. കോളേജിൽ കൊടി കെട്ടുന്നതുമായി ബന്ധപ്പെട്ടു നടന്ന സംഘർഷത്തിന്റെ പേരിൽ സ്ഥലത്തില്ലാതിരുന്ന കെ.എസ്.യു ജില്ലാ വൈസ് പ്രസിഡന്റ് ശരത്തിനെയും യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ഷമീമിനെയും നെടുമങ്ങാട് പൊലീസ് അകാരണമായി അറസ്റ്റ് ചെയ്യുകയായിരുന്നുവെന്നും കുറ്റക്കാരായ എസ്.എഫ്.ഐക്കാരെ സംരക്ഷിക്കുകയാണെന്നും ആനാട് ജയൻ ആരോപിച്ചു.

ഓഹരി വിപണി

347.04 ↑	സെൻസെക്സ്	36652.06
100.05 ↑	നിഫ്ടി	11067.45

സ്വർണം

പവൻ (8ഗ്രാം)	22,960
ഒരു ഗ്രാം	2870

കെ.ടി.എം മേള നാളെ മുതൽ: പുതിയ ആകർഷണം യോഗ

▸പ്രത്യേക ലേഖകൻ

കൊച്ചി: പ്രളയ ദുരിതത്തിലമർന്ന കേരള ടൂറിസത്തിന്റെ തിരിച്ചുവരവിന് കളമൊരുക്കി സംസ്ഥാനത്തെ ഏറ്റവും വലിയ വിനോദസഞ്ചാര മേളയായ കേരള ട്രാവൽ മാർട്ട് (കെ.ടി.എം) നാളെ കൊച്ചിയിൽ ആരംഭിക്കും. നാലുനാൾ നീളുന്ന മേളയിൽ 66 രാജ്യങ്ങളിലെ ടൂറിസം സംരംഭകർ പങ്കെടുക്കും. നാളെ വൈകിട്ട് ഏഴിന് ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും.

ടൂറിസംമന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. കേന്ദ്ര ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം മുഖ്യാതിഥിയാകും. കെ.വി. തോമസ് എം.പി., ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി, കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാർ, ടൂറിസം വകുപ്പ് സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ ബാലകൃഷ്ണൻ, കെ.ടി.എം സൊസൈറ്റി പ്രസിഡന്റ് ബേബി മാത്യു എന്നിവർ പ്രസംഗിക്കും.

വില്ലിംഗ്ടൺ ഐലൻഡിലെ സമുദ്രിക കൺവെൻഷൻ സെന്ററിലാണ് 28 മുതൽ 30 വരെ വിപണന - വ്യാപാര മേളകൾ. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമായി 1,600 ടൂറിസം സംരംഭകർ മേളയിൽ പങ്കെടുക്കുമെന്ന് സൊസൈറ്റി പ്രസിഡന്റ് ബേബി മാത്യു, സെക്രട്ടറി ജോസ് പ്രദീപ്, ട്രഷറർ പുരുഷോത്തമൻ, കേന്ദ്ര ടൂറിസം ഉപദേശക സമിതി അംഗം എബ്രഹാം ജോർജ് എന്നിവർ പറഞ്ഞു.

545 വിദേശികൾ പങ്കെടുക്കും. കേരളത്തിലെ 325 സെല്ലർമാരും പങ്കെടുക്കും. വാണിജ്യ കൂടിക്കാഴ്ചകൾ, വിവിധ വിഷയങ്ങളിൽ ശില്പശാലകൾ തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ട്.

കേരള ടൂറിസം പ്രളയത്തിനുശേഷം

95%

95ശതമാനം ടൂറിസം കേന്ദ്രങ്ങൾ സജ്ജമായി

₹2,000 കോടി

പ്രളയത്തിൽ ആകെ നഷ്ടം : ₹2,000 കോടി

KERALA TRAVEL MART

യോഗ നേട്ടമാകും

"ആയുർവേദംകഴിഞ്ഞാൽ യോഗയാണ് ടൂറിസത്തിലെ പുതിയ ആകർഷണം. 18 രാജ്യങ്ങളിലെ സംഘം കേരളത്തിൽ വരുന്നുണ്ട്. യോഗയിലൂടെ ഏറ്റവും ഗുണം ലഭിക്കുക കേരളത്തിനായിരിക്കും"

ബേബിമാത്യു, പ്രസിഡന്റ്, കെ.ടി.എം

ടൂറിസം മേഖലയുടെ നഷ്ടം

ബുക്കിംഗ് റദ്ദാക്കൽ മൂലം	:	₹ 1,500 കോടി
വസ്തുവകകൾ നശിച്ച്	:	₹ 500 കോടി

പ്രളയ ബാധിതർക്ക് ആശ്വാസവുമായി ഫെഡറൽ ബാങ്ക്

കൊച്ചി: പ്രളയ ബാധിതരായ ഉപഭോക്താക്കൾക്ക് ആശ്വാസമേകാനായി ഒട്ടേറെ പദ്ധതികൾക്ക് ഫെഡറൽ ബാങ്ക് തുടക്കമിട്ടു. എ.ടി.എം ഉപയോഗം ഉൾപ്പെടെ വിവിധ സേവനങ്ങളുടെ ഫീസ് ഈമാസം 30 വരെ ഒഴിവാക്കി. സർക്കാർ സഹായം ലഭിച്ചവരുടെ സേവിംഗ്സ് അക്കൗണ്ടുകളിലെ കുടിശികകളും എഴുതിത്തള്ളി.

കുറഞ്ഞത് ഒരു വർഷമായി ഭവന വായ്പ തിരിച്ചടയ്ക്കുന്ന ഉപഭോക്താക്കൾക്ക്, പത്തുലക്ഷം രൂപവരെ പ്രത്യേക വായ്പാ സഹായം ലഭിക്കും. 8.50 ശതമാനമാണ് പലിശയെന്ന് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമാരായ ജോസ് വി. ജോസഫ്, ജോസ് കെ. മാത്യു എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു. പ്രളയബാധിതമായ 981 പ്രദേശങ്ങളിൽ വിവിധ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. വിദ്യാഭ്യാസ വായ്പയ്ക്ക് ആറുമാസവും മറ്റുള്ളവയ്ക്ക് 12 മാസവുമാണിത്.

അർഹരായവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ സഹായിക്കുന്ന 'ഫെഡ്കണക്ട്' ആപ്പ്ബാങ്ക് അവതരിപ്പിച്ചിട്ടുണ്ട്. കൊച്ചിയിൽ നിന്ന് ന്യൂഡൽഹിയിലേക്ക് മോട്ടോർ സൈക്കിൾ പ്രയാണം നടത്തിയ ഫെഡറൽ ബാങ്കിലെ ആറ് വനിതാ ജീവനക്കാർ ഉപയോഗിച്ച ബുള്ളറ്റുകൾ ലേലം ചെയ്യും. ഇതിൽ നിന്നുള്ള തുകയും ദുരിതാശ്വാസത്തിനായി ഉപയോഗിക്കും. പ്രളയം നാശം വിതച്ച ആലുവയെ പുതിയ നഗരമായി വികസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമെന്നും അവർ പറഞ്ഞു.

കുമരകത്ത് ചേർന്ന കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷൻ (കെ3എ) സംസ്ഥാന ജനറൽ കൗൺസിൽ യോഗം ചീഫ് പേട്രൺ ജോസഫ് ചാവറ ഉദ്ഘാടനംചെയ്യുന്നു.

പരസ്യരംഗത്ത് സി.ആർ.ആർ സിസ്റ്റവുമായി കെ3 എ

കോട്ടയം: പരസ്യ മേഖലയ്ക്ക് വെല്ലുവിളിയാകുന്ന കിട്ടാക്കടത്തിന് പരിഹാരം കാണാനായി ക്ലയന്റ് റേറ്റിംഗ് റിപ്പോർട്ട് (സി.ആർ.ആർ) സിസ്റ്റം നടപ്പാക്കാൻ കുമരകത്ത് ചേർന്ന കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷൻ (കെ3എ) സംസ്ഥാന ജനറൽ കൗൺസിൽ തീരുമാനിച്ചു. ഇതിനായി വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. നോട്ട് അസാധുവാക്കൽ, ജി.എസ്.ടി, പ്രളയം എന്നിവമൂലം തകർന്ന പരസ്യ മേഖലയ്ക്ക് ഉണർവേകാൻ ക്രിയാത്മക പദ്ധതികൾ നടപ്പാക്കും.

സാഗരവും സംഘർഷഭൂമിയും ഒരുപോലെയാണ്. പ്രക്ഷുബ്ധതയാണ് രണ്ടിന്റെയും പ്രകൃതം. പടക്കളത്തിൽ യുദ്ധത്തിനിറങ്ങുന്നതിനു മുൻപ്, ആയോധനകലയിൽ നല്ല പ്രാവീണ്യവും പരിചയവും സിദ്ധിക്കണം. അതിനു പ്രഗല്ഭനായ ഒരു ഗുരുവിന്റെ കീഴിൽ അഭ്യസിക്കണം. കടലോളങ്ങൾക്കൊത്തു നീന്തിത്തുടിച്ചുല്ലസിക്കാൻ സമർത്ഥനായൊരു നീന്തൽക്കാരൻ ആ വിദ്യയുടെ മർമ്മം പഠിപ്പിച്ചുതരണം. അതുപോലെതന്നെയാണു ജീവിതത്തിന്റെ കാര്യവും. ലോകത്തിൽ വിജയം നേടുന്നവർ പലരും അതിനു വിലയായി നല്കുന്നതു സ്വന്തം ജീവിതംതന്നെയാണ്. സ്നേഹവും സന്തോഷവും സമാധാനവും നഷ്ടപ്പെടുത്തിക്കൊണ്ടുള്ള വിജയം. അതാണോ ലക്ഷ്യം? അല്ലെങ്കിൽ, പരിമിതമായ ശരീരത്തെയും ഇന്ദ്രിയങ്ങളെയും മാത്രം ആശ്രയിച്ചാൽ പോരാ. അമ്മയെപ്പോലെയുള്ള സദ്ഗുരുക്കന്മാരുടെ സഹായം തേടണം. അവരുടെ ജീവിതവും സാന്നിദ്ധ്യവും ഉപദേശങ്ങളും ഒരു വലിയ ഉൾപ്രേരകശക്തിയായിത്തീരും. അതു നമ്മളെ ശരിയായ ദിശയിലൂടെ നയിക്കും.

കർമ്മധീരന്മാരായ പാർത്ഥന്മാരെ സൃഷ്ടിക്കാൻ അമ്മയെപ്പോലുള്ള മഹാഗുരുക്കന്മാർക്കു യാതൊരു പ്രയാസവുമില്ല. രാമായണത്തിലെ ചില ഉദാഹരണങ്ങൾ ഓർമ്മവരുന്നു. രാവണവധം കഴിഞ്ഞു ശ്രീരാമൻ അയോദ്ധ്യയിൽ തിരിച്ചെത്തി. രാജാവായി ഭരണം ഏറ്റെടുത്ത അദ്ദേഹത്തിനു നേരിടേണ്ടി വന്ന ഏറ്റവും വലിയ വെല്ലുവിളി രാജ്യത്തെ സമ്പദ്സമൃദ്ധിയിലേക്കു നയിക്കുക എന്നുള്ളതായിരുന്നു. ഇതിനുവേണ്ടി ആദ്യം അദ്ദേഹം ശത്രുക്കളുമായി സന്ധിയുണ്ടാക്കി. അവരെ മിത്രങ്ങളാക്കി.

സ്വന്തം രാജ്യത്തിന്റെ വികസനത്തിനും സമൃദ്ധിക്കുംവേണ്ടി, അന്യരാജ്യങ്ങളെ ആക്രമിക്കുകയും അവിടുത്തെ ജനങ്ങളെ പീഡിപ്പിക്കുകയും അവരുടെ സംസ്കാരത്തിനു തുരങ്കം വയ്ക്കുകയും ചെയ്യുന്ന കാഴ്ചയാണു നാം ഇന്നു കാണുന്നത്. പക്ഷേ, വികസനത്തെക്കുറിച്ചുള്ള രാമന്റെ സങ്കല്പം അതായിരുന്നില്ല. അഭിരുചിക്കനുസരിച്ചു ജനങ്ങൾക്കു വളരാൻ വേണ്ടത്ര അവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കുക, അതിലൂടെ രാജ്യത്തിനു വികാസം കൈവരിക്കുക. അങ്ങനെയാണു രാമൻ വികസനപദ്ധതി ആവിഷ്കരിച്ചത്. നിറഞ്ഞൊഴുകുന്ന സരയൂ നദി, ഫലഭൂയിഷ്ഠമായ ഭൂമി, സത്യസന്ധരും സദാചാരനിഷ്ഠരും അദ്ധ്വാനികളുമായ ജനങ്ങൾ കൃഷി, ചെറുകിടവ്യവസായങ്ങൾ, കച്ചവടം അങ്ങനെ എല്ലാംകൊണ്ടും സമ്പന്നമായിരുന്ന രാമരാജ്യം.

അതിശക്തനും ദയാലുവും ധർമ്മമൂർത്തിയും ആയിരുന്ന ശ്രീരാമൻ. അതുകൊണ്ടാണ്, ലങ്ക കീഴടക്കിയെങ്കിലും രാജ്യം തിരികെ വിഭീഷണനു നല്കിയതും രാജാവായി വാഴിച്ചതും. എന്നാൽ, ഈ സംഭവത്തിലൂടെ തന്ത്രപ്രധാനമായ വിദേശനയത്തിന്റെ മനോഹരമായൊരു മാതൃകയും രാമൻ ലോകത്തിനു നല്കുന്നു.

രാമന്റെ സർവസ്വവും ജനങ്ങളായിരുന്നു. അയോദ്ധ്യയിൽ പ്രജകളുടെ സ്ഥാനം രാജാവിനും മുൻപിലായിരുന്നു. അതേസമയം, അവിടെ വ്യക്തികൾക്കും അവരുടെ ജീവിതരീതിക്കും വിലക്കുകളൊന്നും ഉണ്ടായിരുന്നില്ല. ഉത്തമനായ ഭരണാധികാരി രാജ്യം ഭരിക്കുമ്പോൾ, ധർമ്മവും

ഓരോ വ്യക്തിയിലും ആത്മശക്തിയുടെ അഗ്നിജ്വാലകളെ ഊതിക്കത്തിക്കുന്ന ദൗത്യമാണ് അമ്മ ഏറ്റെടുത്തിരിക്കുന്നത്. ജനഹൃദയങ്ങളിൽ ദിവ്യപ്രേമത്തിന്റെ ജീവജലം പകരുന്ന മന്ദാകിനിയാണ് അമ്മ

നിയമവും ജനങ്ങളെ അടിച്ചു പഠിപ്പിക്കേണ്ടി വരില്ല. അതുകൊണ്ടാണ്, രാമന്റെ രാജ്യം 'അയോദ്ധ്യ' ആയത്, യുദ്ധവും സംഘർഷവും ഇല്ലാത്തിടം ആയത്.

ശ്രീരാമൻ ജനങ്ങളെ പ്രാണനു തുല്യം സ്നേഹിച്ചു. അമ്മയും അതുപോലെയാണ്. മക്കളാണ് അമ്മയ്ക്ക് എല്ലാം. അവരുടെ സുഖവും സന്തോഷവും സമാധാനവും ആണ് അമ്മയ്ക്ക് ഏറ്റവും വലുത്. സ്വന്തം ആഗ്രഹങ്ങളും താത്പര്യങ്ങളും സംരക്ഷിക്കാനുള്ള പരക്കംപാച്ചിൽ അമ്മയുടെ ജീവിതത്തിൽ ഇല്ല. അവകാശവാദങ്ങൾ ഒന്നുമില്ല. "ലോകത്തിനു സമർപ്പിച്ച ജീവിതം. ഇവിടെ ആര്, എന്ത് അവകാശപ്പെടാൻ" അമ്മ ചോദിക്കാറുണ്ട്. ആഴ്ചയിൽ ഏഴുദിവസവും വർഷത്തിൽ മുന്നൂറ്റി അറുപത്തഞ്ചു ദിവസവും ആരിൽനിന്നും ഒന്നും പ്രതീക്ഷിക്കാതെ അമ്മ കഠിനാദ്ധ്വാനം ചെയ്യുന്നു. അതു മക്കൾക്കും പ്രചോദനം നല്കുന്നു. ശമ്പളവും കിമ്പളവും വാങ്ങാതെ, സമരവും ഹർത്താലും നടത്താതെ അവരും എല്ലുമുറിയെ പണിയെടുക്കുന്നു. "മനസിൽ വെറുപ്പും വിദ്വേഷവും പകയും നിറച്ചു മത്സരിച്ചു നശിപ്പിക്കാനുള്ളതല്ല ജീവിതം. അത് അന്യർക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്തു ധന്യമാക്കേണ്ടതാണ്" എന്ന അമ്മയുടെ ഉപദേശം നെഞ്ചിലേറ്റി അവർ നിസ്വാർത്ഥമായി കർമ്മം ചെയ്യുന്നു.

ജനങ്ങളുടെ ദുഃഖവും ദുരിതവും ആണ് അമ്മയെ വേദനിപ്പിക്കുന്നത്. അതു പരിഹരിക്കാനുള്ള മാർഗങ്ങളാണ് അമ്മ എപ്പോഴും ചിന്തിക്കുന്നതും നടപ്പാക്കുന്നതും. സമ്പത്തല്ല, കാരുണ്യമാണ് അമ്മയുടെ ശക്തി. അതാണ് മനുഷ്യമനസുകളുടെ ഉള്ളറ തുറക്കാൻ അമ്മ ഉപയോഗിക്കുന്ന താക്കോൽ. ഓരോ വ്യക്തിയിലും ആത്മശക്തിയുടെ അഗ്നിജ്വാലകളെ ഊതിക്കത്തിക്കുന്ന ദൗത്യമാണ് അമ്മ ഏറ്റെടുത്തിരിക്കുന്നത്. ജനഹൃദയങ്ങളിൽ ദിവ്യപ്രേമത്തിന്റെ ജീവജലം പകരുന്ന മന്ദാകിനി ആണ് അമ്മ. പ്രേമത്തിന്റെ ഒരു പുതിയ വിജയഗാഥ ഇവിടെ രചിക്കപ്പെടുകയാണ്. അതു കേൾക്കാൻ ലോകം കാതോർത്തിരിക്കുന്നു..

ഇടിഞ്ഞു താഴ്ന്ന രൂപയും ചില പാഠങ്ങളും

ഡോ. എം. ജയപ്രകാശ്

ഡോളറുമായുള്ള രൂപയുടെ വിനിമയ മൂല്യം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലെത്തിയതിൽ നിന്ന് കരകയറാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇടിഞ്ഞിറങ്ങിയതിലെ വേഗതയെ ആദ്യം തന്നെ നിയന്ത്രിക്കാൻ കഴിയാതെ പോയതാണ് പ്രശ്നം രൂക്ഷമാക്കിയത്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇന്ത്യൻ കറൻസിയുടെ കൈമാറ്റ വില വർദ്ധിക്കുകയായിരുന്നു; 17 ശതമാനത്തിന്റെ ഉയർച്ചയാണ് ഈ കാലഘട്ടത്തിൽ രൂപയ്ക്ക് സംഭവിച്ചത്. അപ്രകാരം വന്നുചേർന്ന രൂപയുടെ വിനിമയ നിരക്ക് അതിന് യഥാർത്ഥത്തിൽ അർഹതപ്പെട്ട മൂല്യത്തിനും മേലേയാണെന്നായിരുന്നു പണ്ഡിതമതം. അതുകൊണ്ട് തന്നെ നമ്മുടെ നാണയത്തിന്റെ വിദേശ മൂല്യം മെല്ലെ മെല്ലെ താഴേക്ക് വന്നിരുന്നെങ്കിൽ അതൊരു തിരുത്തൽ പ്രക്രിയയായി കാണാമായിരുന്നു; അതോടൊപ്പം ഇടിവിന്റെ ആഘാതങ്ങൾ തരണം ചെയ്യാനുള്ള, സാവകാശവും ലഭിച്ചിരുന്നേനെ. പക്ഷേ, സംഭവിച്ചത് വേഗത്തിലുള്ള ഇടിഞ്ഞിറങ്ങലാണ്. ആറര മാസത്തിനുള്ളിൽ 12 - 13 ശതമാനത്തിന്റെ തകർച്ചയാണ് ഉണ്ടായിരിക്കുന്നത്.

രൂപയുടെ ആഭ്യന്തര മൂല്യവും വിദേശ മൂല്യവും കാത്തുസൂക്ഷിക്കേണ്ട കാവലാൾ ഇന്ത്യയുടെ കേന്ദ്ര ബാങ്ക് തന്നെയാണ്. എന്നാൽ ഇക്കഴിഞ്ഞ മാസങ്ങളിൽ ഇന്ത്യൻ കറൻസിയുടെ വിദേശ വിനിമയ നിരക്ക് താഴേക്ക് വന്നുകൊണ്ടിരുന്നപ്പോൾ, അത് നിലവിലെ അമിത നിരക്കിൽ നിന്നും സ്വാഭാവികമായി വന്നുചേരേണ്ട ഇറക്കമായി മാത്രം കാണുകയും, അക്കാരണം കൊണ്ട് തന്നെ വിദേശ നാണയക്കമ്പോളത്തിൽ ഇടപെടേണ്ട ആവശ്യവുമില്ലെന്ന നിലപാടാണ് റിസർവ് ബാങ്ക് സ്വീകരിച്ചത്. എന്നാൽ മൂല്യം ഒരു ഡോളറിന് 71 രൂപയെന്ന നിരക്കും കടന്ന് 72-ൽ എത്തുമെന്ന സ്ഥിതി സംജാതമായ ഈ മാസം അഞ്ചിന് മാത്രമാണ് കേന്ദ്ര ബാങ്ക് ഡോളർ വിറ്റഴിച്ചുകൊണ്ട് രൂപയുടെ മൂല്യത്തകർച്ചയെ പ്രതിരോധിക്കാൻ തയ്യാറായത്. അപ്പോഴേക്കും സംഗതി എളുപ്പമല്ലാതായിക്കഴിഞ്ഞിരുന്നു. വീണ്ടും 12-ാം തീയതി ഇടപെട്ടെങ്കിലും റെക്കാഡ് വീഴ്ചയിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കുറേക്കൂടി നേരത്തേ കേന്ദ്ര ബാങ്കിൽ നിന്ന് ഇടപെടൽ ഉണ്ടായിരുന്നെങ്കിൽ താഴ്ചയുടെ ഗതി കൂടുതൽ അടക്കവും ഒതുക്കവും ഉള്ളതായേനെ; അത് വഴി ദുഷ്ഫലങ്ങളെ ഒതുക്കാനുള്ള സമയവും ലഭിച്ചേനെ. എന്തായാലും സംഭവിക്കാതെ പോയതിനെക്കുറിച്ച് ഇനിയിപ്പോൾ വിലപിച്ചിട്ട് കാര്യമില്ല. കരണീയമായിട്ടുള്ളത് മൂല്യത്തകർച്ചയുടെ കാരണങ്ങളും അതേൽപ്പിക്കുന്ന പ്രഹരങ്ങളെയും കണ്ടെത്തി പ്രതിവിധികൾ അനുഷ്ഠിക്കുകയെന്നതാണ്.

രൂപയുടെ മൂല്യമിടിഞ്ഞതിന്റെ പ്രധാന കാരണം അമേരിക്കയുമായി ബന്ധപ്പെട്ട സംഭവവികാസങ്ങൾ തന്നെയാണ്. ഉത്പാദനത്തിലെ മുരടിപ്പ്, ഉയർന്ന തൊഴിലില്ലായ്മ, പൂജ്യം ശതമാനത്തിനടുത്തുള്ള പലിശ നിരക്ക് എന്നിങ്ങനെയുള്ള വ്യഥകളാൽ ഉലഞ്ഞുപോയിരുന്ന അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ, കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ സാമ്പത്തിക സൗഭാഗ്യങ്ങൾ പൂത്തുലഞ്ഞു. സാമ്പത്തിക വളർച്ചാനിരക്ക് 4 ശതമാനത്തിലേറെയായി - 4 ശതമാനം വളർച്ചയെന്നത് ലോകത്തെ ഒന്നാം നമ്പർ സാമ്പത്തിക ശക്തിയുടേതാകയാൽ അതൊരു ഒന്നൊന്നര വളർച്ചയാകുന്നു. തൊഴിൽ ലഭ്യത ഗണ്യമായി ഉയർന്നു. സാമ്പത്തിക സ്ഥിതി അനുകൂലമായപ്പോൾ പലിശ നിരക്ക് ഉയർത്താൻ അമേരിക്കയുടെ കേന്ദ്ര ബാങ്ക് തയ്യാറായി. ഇതിന്റെയൊക്കെ ഫലമായി മറ്റ് രാജ്യങ്ങളിൽ മുടക്കിയിരുന്ന വിദേശ മൂലധനം പിൻവലിച്ച് അവ അമേരിക്കയിലേക്ക് വഴിതിരിച്ചുവിടാൻ നിക്ഷേപകർ തയ്യാറായി. ഇതിനിടയിൽ അമേരിക്കയും ചൈനയും തമ്മിൽ കൊണ്ടും കൊടുത്തുമുള്ള വ്യാപാരയുദ്ധം മുറുകിയെങ്കിലും നഷ്ടം ലോകത്തെ രണ്ടാം നമ്പർ സാമ്പത്തിക ശക്തിയായ ചൈനയ്ക്കും, നേട്ടം അമേരിക്കയ്ക്കുമായി. ഇപ്പറഞ്ഞ കാര്യങ്ങളൊക്കെ ഡോളറിന്റെ പ്രൗഢിയും ആവശ്യകതയും ലോകമെമ്പാടും ഉയർത്തുകയും, അതുവഴി അമേരിക്കൻ കറൻസിയുടെ വിനിമയമൂല്യം ഓടിക്കയറുകയും ചെയ്തു. അതായത് രൂപയടക്കമുള്ള മറ്റ് കറൻസികളുടെ വിലയിടിയാനുള്ള പ്രധാന കാരണം ഡോളറിന്റെ വിലയിലുണ്ടായ വേലിയേറ്റം തന്നെയാണ്.

എന്നാൽ ഡോളറിന്റെ ആരോഹണം എല്ലാ രാജ്യങ്ങളുടെയും കറൻസികളെ ഒരുപോലെയല്ല ബാധിച്ചതെന്ന സത്യവും കാണേണ്ടതുണ്ട്. പൊതുവിൽ, കയറ്റുമതി - ഇറക്കുമതി രംഗത്ത് വ്യാപാരക്കമ്മിയുള്ള രാജ്യങ്ങളുടെ കറൻസികളാണ് അമേരിക്കൻ കറൻസിയുടെ തേരോട്ടത്തിൽ ഏറെ ദുർബലമായിപ്പോയത്. ആറ് വർഷത്തിനിടയിലെ ഏറ്റവും രൂക്ഷമായ വ്യാപാരക്കമ്മിയാണ് ഇന്ത്യയിപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്; ദേശീയ വരുമാനത്തിന്റെ മൂന്ന് ശതമാനം വരും കമ്മിയുടെ വ്യാപ്തി (8000 കോടി ഡോളറിന്റെ കമ്മി). ഏഷ്യൻ കറൻസികളിൽ ഏറ്റവും കൂടുതൽ മൂല്യച്യുതി അനുഭവിക്കേണ്ടിവന്നത് ഇന്ത്യൻ കറൻസിയ്ക്കാണെന്നതിന്റെ കാരണവും മറ്റൊന്നല്ല. ഡോളറിന്റെ വില വീണ്ടും ഉയരുമെന്ന ചിന്തയിൽ, എണ്ണക്കമ്പനികളും, മറ്റ് ഇറക്കുമതിക്കാരും മാത്രമല്ല, ഊഹാപോഹക്കാരും വൻതോതിൽ ഡോളർ വാങ്ങിക്കൂട്ടുന്നുണ്ട്. സ്വാഭാവികമായി ഇതും ഡോളറിന്റെ വില ഉയർത്താനും, രൂപയുടേത് ഇടിക്കാനും കാരണമാകുന്നുണ്ട്.

ഡോളറിന്റെ വിലവർദ്ധനവിനാൽ എണ്ണയടക്കമുള്ള ഇറക്കുമതി ഉത്പന്നങ്ങളുടെ ചെലവേറുന്നത് രാജ്യത്തിനകത്തെ പൊതുവിലക്കയറ്റത്തിന് ഇടയാക്കും. ഇതിന് മുൻപ് തന്നെ വിലക്കയറ്റ ഭീഷണി നേരിടുന്നതിനായി റിസർവ് ബാങ്ക് രണ്ടുപ്രാവശ്യം പലിശ നിരക്ക് ഉയർത്തിയിരുന്നു. ഡോളറിന്റെ മൂല്യക്കയറ്റം വഴി വന്നുചേരാവുന്ന വിലക്കയറ്റം നേരിടുന്നതിനായി പലിശ നിരക്ക് വീണ്ടും ഉയർത്താൻ കേന്ദ്ര ബാങ്ക് തയ്യാറായേക്കാം. അങ്ങനെ വന്നാൽ വ്യവസായ സ്ഥാപനങ്ങളും മറ്റ് ഉത്പാദന മേഖലകളും നടത്താനിടയുള്ള നിക്ഷേപങ്ങൾ ഇല്ലാതാകും. ഇതൊക്കെ, ഇപ്പോൾ ഉയർന്ന് നിൽക്കുന്ന സാമ്പത്തിക വളർച്ചയെ പിന്നോട്ടടിക്കും.

മുകളിൽ പറഞ്ഞ വസ്തുതകൾ വിരൽചൂണ്ടുന്നത് രൂപയുടെ മൂല്യം ഇനിയും ഇടിയാതിരിക്കാനുള്ള നടപടികളുടെ അനിവാര്യതയിലേക്കാണ്. മൂല്യത്തകർച്ചയ്ക്ക് വിരാമമിടാനുള്ള ആദ്യ ബ്രേക്കിടേണ്ടത് നമ്മുടെ കേന്ദ്ര ബാങ്ക് തന്നെയാണ്; അതിനുള്ള കോപ്പും ആ സ്ഥാപനത്തിന്റെ പക്കലുണ്ട്. രാജ്യത്തെ പത്ത് മാസത്തേക്കുള്ള ഇറക്കുമതിക്ക് വേണ്ട തുകയ്ക്ക് തുല്യമായ വിദേശ നാണ്യശേഖരം റിസർവ് ബാങ്കിനുണ്ട് (40,000 കോടി ഡോളർ). ഈ നിധിയുടെ ചെറിയൊരു ഭാഗമെങ്കിലും, ആവശ്യാനുസരണം വിദേശ നാണയ വിപണിയിലിറക്കിക്കളിക്കാൻ റിസർവ് ബാങ്ക് തയ്യാറായാൽ രൂപയുടെ മൂല്യം, വലിയൊരു പരിധി വരെ, പിടിച്ചുനിറുത്താനാകും. അത്യാവശ്യത്തിന് ഡോളർ ലഭിക്കുമെന്ന സ്ഥിതി വന്നാൽ ഭാവിയിൽ ഡോളർ ആവശ്യമുള്ളവരും, ഊഹാപോഹക്കാരും അമിതമായി ഡോളർ വാങ്ങിക്കൂട്ടുന്ന പ്രവണതയ്ക്ക് വിലങ്ങിടാനാകും.

കുറേക്കൂടി സമയമെടുക്കുമെങ്കിലും, നിർവഹിക്കപ്പെടേണ്ട മറ്റൊരു ദൗത്യം ഇന്ത്യയുടെ കടുത്ത വിദേശ വ്യാപാരക്കമ്മി കുറച്ചുകൊണ്ടുവരാനുള്ള നടപടികളാണ്. കയറ്റുമതി ഉയർത്തിയും ഇറക്കുമതി കുറച്ചും ലക്ഷ്യം നേടാവുന്നതാണെന്ന വസ്തുത പരക്കെ അറിവുള്ളതാണ്. സാധാരണ രൂപയുടെ മൂല്യം ഇടിയുന്നത് കയറ്റുമതിക്കാർക്ക് ഗുണകരമാ

ഡോളറിന്റെ മൂല്യക്കയറ്റം വഴി വന്നുചേരാവുന്ന വിലക്കയറ്റം നേരിടുന്നതിനായി പലിശ നിരക്ക് വീണ്ടും ഉയർത്താൻ കേന്ദ്ര ബാങ്ക് തയ്യാറായേക്കാം. അങ്ങനെ വന്നാൽ വ്യവസായ സ്ഥാപനങ്ങളും മറ്റ് ഉത്പാദന മേഖലകളും നടത്താനിടയുള്ള നിക്ഷേപങ്ങൾ ഇല്ലാതാകും. ഇതൊക്കെ, ഇപ്പോൾ ഉയർന്ന് നിൽക്കുന്ന സാമ്പത്തിക വളർച്ചയെ പിന്നോട്ടടിക്കും

കേണ്ടതാണ്. പക്ഷേ ഇപ്പോഴത് കാര്യമായി സംഭവിച്ചു കാണുന്നില്ല. പല കയറ്റുമതി വസ്തുക്കളുടെയും ഉത്പാദനം ഉയർത്തുന്നതിൽ തടസങ്ങൾ നിലനിൽക്കുന്നതാണ് ഇതിന് കാരണം. കയറ്റുമതി പ്രോത്സാഹന ബോർഡുകളും, സമിതികളും അവരുടെ പതിവ് ശൈലി വെടിഞ്ഞ്, അടിയന്തര പരിഹാരക്രിയകൾക്ക് നേതൃത്വം നൽകേണ്ടതുണ്ട്. അതുപോലെ തന്നെ, അമേരിക്ക - ചൈന വ്യാപാര യുദ്ധത്തിൽ സംഭവിച്ച ചൈനയുടെ നഷ്ടം ഇന്ത്യയുടെ നേട്ടമാക്കി മാറ്റാനുള്ള നടപടികളും ഉണ്ടാകാവുന്നതാണ്. എണ്ണയ്ക്ക് പകരം വൈദ്യുതിയിലും ജൈവ ഇന്ധനത്തിലും ഓടാവുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുമെന്ന് കേൾക്കാൻ തുടങ്ങിയിട്ട് നാളേറെയായി; പക്ഷേ സാക്ഷാത്കാരം ഇനിയും അകലെയാണ്. നമ്മുടെ ഇറക്കുമതി ഉത്പന്നങ്ങളിൽ സ്വർണത്തിനുണ്ടായിരുന്ന രണ്ടാം സ്ഥാനമിപ്പോൾ കൈയടക്കിയിരിക്കുന്നത് ഇലക്ട്രോണിക് ഉത്പന്നങ്ങളാണ്. എന്നാൽ ഇത്തരം ഉത്പന്നങ്ങൾ രാജ്യത്തിനകത്തുതന്നെ ഉത്പാദിപ്പിക്കുവാൻ വേണ്ട ശേഷിയുള്ളതാണ് നമ്മുടെ നാട്. ഇത്തരം ഉത്പന്നങ്ങളുടെ മത്സരക്ഷമത ഉയർത്താൻ കഴിഞ്ഞാൽ ഇവയുടെ ഇറക്കുമതിയുടെ തോത് കുറയ്ക്കാനാവും.

ചുരുക്കത്തിൽ, രൂപയുടെ വിദേശമൂല്യം രാജ്യതാത്പര്യങ്ങൾക്ക് അനുസൃതമായ നിലയിലാവാനുള്ള ക്ലേശകരമായ കർമ്മങ്ങൾക്ക് ബന്ധപ്പെട്ടവരെല്ലാം തയ്യാറാകേണ്ടതുണ്ട്.

വായനക്കാർ പറയുന്നു

www.keralakaumudi.com/letters

ഗുരുദേവനും കോലത്തുകര ക്ഷേത്രവും

ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി നവതി ആചരണം നടക്കുന്ന ഈ സാഹചര്യത്തിൽ ഗുരു പ്രതിഷ്ഠ നടത്തിയ ക്ഷേത്രങ്ങളുടെ പ്രസക്തിയും വർദ്ധിച്ചുവരികയാണ്. ക്ഷേത്ര പ്രതിഷ്ഠയ്ക്കുള്ള കുത്തക ഒരു പ്രത്യേക വിഭാഗത്തിനില്ലെന്ന് അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ഗുരു കാട്ടിക്കൊടുത്തു. അനാചാരങ്ങൾ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യവും ഗുരുവിനുണ്ടായിരുന്നു.

അരുവിപ്പുറം പ്രതിഷ്ഠയ്ക്കുശേഷം കുളത്തൂർ കോലത്തുകരയിൽ ഗുരു ഒരു മഠം സ്ഥാപിച്ച് ഏകാന്ത ധ്യാനത്തിൽ കഴിയുമായിരുന്നു. ആദ്യകാലത്ത് ഇവിടെ ഭദ്രകാളി ക്ഷേത്രമായിരുന്നു. കുടുംബകാരണവരുമായി ആലോചിച്ച് ഭദ്രകാളി പ്രതിഷ്ഠ മാറ്റി ഗുരു ശിവപ്രതിഷ്ഠ നടത്തുകയായിരുന്നു. ജന്തുബലി അവസാനിപ്പിക്കുകയെന്നതായിരുന്നു ഗുരുവിന്റെ ഉദ്ദേശ്യം. ഏതാനും വർഷങ്ങൾക്കു ശേഷമാണ് തിരുവിതാംകൂറിൽ റീജന്റ് മഹാറാണി ജന്തുബലി നിരോധിച്ചത്. കടയ്ക്കാവൂർ ഊട്ടുപറമ്പ് ക്ഷേത്രം ഗുരു സന്ദർശിച്ച ശേഷം പക്ഷിമൃഗാദികളെ ബലികഴിച്ചുള്ള ആരാധന നിറുത്തലാക്കണമെന്നും ആവശ്യപ്പെട്ടു. അതു ശിരസാവഹിച്ച ഭക്തരുടെ അഭ്യർത്ഥന പ്രകാരം ഭദ്രകാളി പ്രതിഷ്ഠ മാറ്റി ശിവപ്രതിഷ്ഠ നടത്തിയെന്നതും ചരിത്രം. ഓരോ ക്ഷേത്ര പ്രതിഷ്ഠയ്ക്കും ഇത്തരത്തിൽ ഓരോ പ്രാധാന്യമുണ്ട്. ഗുരു പ്രതിഷ്ഠ നടത്തിയ, പ്രകൃതി സൗന്ദര്യം തുളുമ്പുന്ന കുന്നുംപാറ ക്ഷേത്രത്തിനുമുണ്ട് മഹത്വം.

എ. സീതമ്മാൾ, നെയ്യാറ്റിൻകര

ജയിൽ പരിഷ്കരണത്തിന് മൂന്നംഗ കമ്മിറ്റി

ന്യൂഡൽഹി: ജയിൽ പരിഷ്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മൂന്നംഗ കമ്മിറ്റിയെ സുപ്രീംകോടതി നിയമിച്ചു. റിട്ട. ജസ്റ്റിസ് അമിതാവ് റോയ് അദ്ധ്യക്ഷനായാണ് സമിതി. തടവുകാരുടെ എണ്ണം, വനിതാ തടവുകാരുടെ വിവിധ പ്രശ്നങ്ങൾ തുടങ്ങിയവ സമിതി പരിശോധിക്കുമെന്ന് ജസ്റ്റിസ് എം.ബി. ലോകൂർ അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. തടവുകാരുടെ മനുഷ്യാവകാശം ഉറപ്പാക്കാനും സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും നിർദ്ദേശങ്ങൾ സമിതി സമർപ്പിക്കും.

www.keralakaumudi.com www.facebook.com/keralakaumudi

പൊലിഞ്ഞത് ഒരായുസിന്റെ കൺമണി

എൻ.പി.മുരളീകൃഷ്ണൻ

തിരുവനന്തപുരം: ആറ്റുനോറ്റ് 16 വർഷത്തെ കാത്തിരിപ്പിനൊടുവിൽ കിട്ടിയ കൺമണിയാണ് ഇന്നലെ അപകടത്തിൽപൊലിഞ്ഞ തേജസ്വിബാല. ബാലഭാസ്കറിന്റെയും ലക്ഷ്മിയുടെയും ഏകമകൾ. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലെ അതിതീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന ഇവരുടെ ബോധം തെളിയുമ്പോൾ തേജസ്വിയുടെ വിയോഗം എങ്ങനെ അറിയിക്കുമെന്നറിയാതെ വിങ്ങുകയാണ് ബന്ധുക്കളും സുഹൃത്തുക്കളും.

തിരുവനന്തപുരം യൂണിവേഴ്സിറ്റികോളേജിലെപഠനകാലത്താണ് ബാലഭാസ്കറും ലക്ഷ്മിയും പ്രണയത്തിലാകുന്നത്. വീട്ടുകാരുടെ എതിർപ്പുകളെ മറികടന്ന് 22-ാം വയസിലായിരുന്നു വിവാഹം. യൂണിവേഴ്സിറ്റികോളേജിൽ എം.എ സംസ്കൃതം അവസാനവർഷ വിദ്യാർത്ഥിയായിരുന്നു ബാലഭാസ്കർ. ലക്ഷ്മി എം.എ ഹിന്ദി വിദ്യാർത്ഥിയും. വിവാഹം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും ഇവർക്ക് സന്താനഭാഗ്യം ഉണ്ടായില്ല. ഏറെ നാളത്തെ ചികിത്സകൾക്കുശേഷമാണ് രണ്ടുവർഷം മുമ്പ് തേജസ്വി ഇവരുടെ ജീവിതത്തിൽ വെളിച്ചം നിറച്ച് എത്തിയത്. സന്തോഷം നിറഞ്ഞുനിന്ന നാളുകളെയാണ് ഇന്നലെ അപകടം തട്ടിയെടുത്തത്. ആ കുഞ്ഞുചിരി ഇന്നലെ റോഡിൽ അസ്തമിച്ചു.

അപകടസമയത്ത് കാറിന്റെ മുൻസീറ്റിൽ അച്ഛന്റെ മടിയിലിരുന്ന് ഉറങ്ങുകയായിരുന്നു കുഞ്ഞുതേജസ്വിനി. തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ തൊഴുത് കുഞ്ഞിന്റെ പേരിൽ വഴിപാടുകൾ നടത്തി മടങ്ങും വഴിയായിരുന്നു അപകടം. കാറിന്റെ ചില്ല് തകർത്താണ് തേജസ്വിയെ പുറത്തെടുത്തത്. അബോധാവസ്ഥയിലായിരുന്നു കുഞ്ഞിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം കൂട്ടിക്കൊണ്ടുപോയിക്കഴിഞ്ഞിരുന്നു.

തേജസ്വിനി ബാല

അന്ന് സുരേഷ് ഗോപിയുടെ മകൾ ലക്ഷ്മി

തേജസ്വിനിബാലയെപ്പോലെ ഓടിക്കളിച്ച് തുടങ്ങും മുമ്പേ കാറപകടത്തിന്റെ രൂപത്തിൽ മരണം തട്ടിയെടുത്തതാണ് സുരേഷ് ഗോപിയുടെ മൂത്ത മകൾ ലക്ഷ്മിയെയും. 26 വർഷം മുമ്പായിരുന്നു അത്. 1992ൽ പൂലർച്ചെയായിരുന്നു ആ അപകടവും. ജൂൺ ആറിന്. മകളെയും കൂട്ടി ഒരു കല്യാണത്തിൽ പങ്കെടുത്ത് മടങ്ങുമ്പോഴായിരുന്നു അപകടം. ചടങ്ങുകഴിഞ്ഞ് സുരേഷ്ഗോപി ഷൂട്ടിംഗിനായി കൊച്ചിയിലേക്ക് പോയി. മകളെയും രാധികയെയും കൂട്ടി സുരേഷിന്റെ സഹോദരൻ സനിൽ ഗോപിനാഥൻ തിരുവനന്തപുരത്തേക്ക് തിരിച്ചു. തോന്നയ്ക്കൽ വച്ച് അംബാസഡറുമായി ഇവരുടെ മാരുതി കാർ കൂട്ടിയിടിക്കുകയായിരുന്നു. രാധികയ്ക്കും സാരമായ പരിക്കേറ്റു. ആനിമിഷങ്ങളെപ്പറ്റി പറഞ്ഞാൽ ഇന്നും സുരേഷ്ഗോപിയുടെ കണ്ണുനിറയും.

പി.സി ജോർജിനെതിരെ കന്യാസ്ത്രീയുടെ പരാതി

കോട്ടയം: ബിഷപ്പിനെതിരെ പരാതി നൽകിയ കന്യാസ്ത്രീയെ അപമാനിച്ച സംഭവത്തിൽ പി.സി ജോർജ് എം.എൽ.എക്കെതിരെ കന്യാസ്ത്രീ ജില്ലാ പൊലീസ് മേധാവി ഹരിശങ്കറിന് പരാതി നൽകി. പ്രാഥമിക അന്വേഷണത്തിന് ശേഷം ആവശ്യമെങ്കിൽ കേസെടുക്കാൻ അന്വേഷണ ഉദ്യോഗസ്ഥൻ വൈക്കം ഡിവൈ.എസ്.പി കെ.സുഭാഷിന് ജില്ലാ പൊലീസ് മേധാവി നിർദ്ദേശം നൽകി. കഴിഞ്ഞ ആഴ്ച കോട്ടയം പ്രസ്ക്লബിലും, പി.സി ജോർജിന്റെ വസതിയിലും നടന്ന വാർത്താ സമ്മേളനങ്ങളിൽ കന്യാസ്ത്രീക്കെതിരെ നടത്തിയ പരാമർശങ്ങൾ വിവാദമായിരുന്നു. തുടർന്ന് കുറവിലങ്ങാട്ടെ മഠത്തിൽ പൊലീസ് എത്തിയെങ്കിലും, തല്ലാലേ പരാതി നൽകുന്നില്ലെന്ന നിലപാടിലായിരുന്നു കന്യാസ്ത്രീ.

ബിഷപ്പ് ജയിലിൽ ആയതിനു പിന്നാലെയാണ് പി.സി ജോർജിനെതിരെ ഇവർ പരാതി നൽകിയത്.

സിസ്റ്റർ ലൂസിയെ അപകീർത്തിപ്പെടുത്തുന്നതായി പരാതി

മാനന്തവാടി: കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ ഇരയ്ക്കൊപ്പം നിന്നതിന് സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ തന്നെ അപകീർത്തിപ്പെടുത്തുന്നുവെന്ന് പരാതി നൽകിയിട്ടും പൊലീസ് അവഗണിക്കുന്നുവെന്ന് സിസ്റ്റർ ലൂസി. പരാതിയുമായി മാനന്തവാടി പൊലീസ് സ്റ്റേഷനിലെത്തിയപ്പോൾ ക്ഷമിക്കാൻ ആയിരുന്നു പൊലീസിന്റെ നിർദ്ദേശം. അപകീർത്തിപ്പെടുത്തുന്നത്സഭയ്ക്കുള്ളിൽനിന്നുതന്നെയാണോ എന്ന് സംശയമുണ്ടെന്നും തന്നെ സമൂഹത്തിൽ അവഹേളിക്കാൻ മനഃപൂർവമുള്ള ശ്രമമാണിതെന്നും സംശയിക്കുന്നതായി സിസ്റ്റർ ലൂസി കളപ്പുര. പൊലീസിന് പരാതി നൽകിയതിനു ശേഷവും അപകീർത്തിപ്പെടുത്തൽ തുടർന്നുകൊണ്ടേയിരുന്നു. ഇതിനെതിരെ സൈബർ സെല്ലിലും പരാതി കൊടുത്തതായി സിസ്റ്റർ ലൂസി പറഞ്ഞു.

ജനപ്രതിനിധികൾക്ക് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യാം

ന്യൂഡൽഹി: ജനപ്രതിനിധികൾ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നത് തടയാനാവില്ലെന്ന് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, എ.എം. ഖാൻവിൽക്കർ, ഡി. വൈ ചന്ദ്രചൂഡ് എന്നിവരുടെ ബെഞ്ചിന്റേതാണ് നടപടി.

ജനപ്രതിനിധികളെ മുഴുവൻ സമയ വേതനം വാങ്ങുന്നവരായി കാണാനാവില്ല. ശമ്പളവും ആനുകൂല്യവും വാങ്ങുന്നുണ്ടെങ്കിലും തൊഴിലാളി, മുതലാളി ബന്ധമല്ല ഗവൺമെന്റും സാമാജികരും തമ്മിലുള്ളത്. കോടതി വ്യക്തമാക്കി. ജനപ്രതിനിധികൾ അഭിഭാഷകരായി പ്രവർത്തിക്കുന്നത് വിലക്കണമെന്നാവശ്യപ്പെട്ട് ബി. ജെ പി നേതാവ് അശ്വനികുമാർ ഉപാദ്യായ ഉൾപ്പെടെയുള്ളവർ നൽകിയ ഹർജികൾ തള്ളിയാണ് സുപ്രീംകോടതി ഉത്തരവ്. ബാർ കൗൺസിൽ നിയമത്തിന്റെ അടിസ്ഥാനത്തൽ എം.പിമാരെയും എം. എൽ.എമാരെയും അഭിഭാഷകരായ പ്രാക്ടീസ് ചെയ്യുന്നതിൽ നിന്ന് ഡി ബാർ ചെയ്യണമെന്നായിരുന്നു ആവശ്യം. എന്നാൽ, കേന്ദ്രസർക്കാർ ഇതിനെ എതിർത്തിരുന്നു. ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയാണെന്നും സർക്കാരിന്റെ മുഴുസമയ ജോലിക്കാരനല്ലെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി.

16 പ്രതികൾക്കെതിരെ കുറ്റപത്രം

അഭിമന്യുവിനെ ഷിഫാസ് പിടിച്ചു, സഹൽ കുത്തി

നിയമകാര്യലേഖകൻ

കൊച്ചി : മഹാരാജാസ് കോളേജിലെ വിദ്യാർത്ഥിയും എസ്.എഫ്.ഐ നേതാവുമായിരുന്ന അഭിമന്യുവിനെ കൊലപ്പെടുത്തിയ കേസിൽ 16 പ്രതികൾക്കെതിരെ പൊലീസ് കുറ്റപത്രം സമർപ്പിച്ചു. ഒമ്പതാം പ്രതി ചിപ്പ എന്ന വിളിക്കുന്ന വി.എൻ. ഷിഫാസ് അഭിമന്യുവിനെ കത്താൻ പിടിച്ചുനിറുത്തിക്കൊടുത്തെന്നും പത്താം പ്രതി സഹലാണ് കുത്തിവീഴ്ത്തിയതെന്നും ഇന്നലെ എറണാകുളം ഇൻഡിയൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു.

അഭിമന്യുവിനെ കൊലയാളി സംഘത്തിന് ചൂണ്ടിക്കാട്ടിക്കൊടുത്തത് മഹാരാജാസിലെ ബിരുദ വിദ്യാർത്ഥിയായ ജെ. ഐ. മുഹമ്മദാണ്. അഭിമന്യുവിനൊപ്പമുണ്ടായിരുന്ന അർജ്ജുൻ കൃഷ്ണയെ കുത്തി പരിക്കേൽപ്പിച്ച് 12 -ാം പ്രതി മുഹമ്മദ് ഷഹീമാണെന്നും അർജ്ജുനെ കുത്താനായി പിടിച്ചു നിറുത്തിക്കൊടുത്തത് 11 -ാം പ്രതി ജിസാൽ റസാഖാണെന്നും കൺട്രോൾ റൂം അസിസ്റ്റന്റ് കമ്മിഷണർ എസ്. ടി. സുരേഷ്കുമാർ നൽകിയ കുറ്റപത്രത്തിൽ പറയുന്നു. ജൂലായ് ഒന്നിന് രാത്രി 12.30 നാണ് മഹാരാജാസ് കോളേജിനു പിന്നിലെ ടി.ഡി. റോഡിൽ വച്ച് അഭിമന്യുവിനെ കാമ്പസ് ഫ്രണ്ട് പ്രവർത്തകർ കുത്തിക്കൊലപ്പെടുത്തിയത്. പ്രതികളല്ലാം കാമ്പസ് ഫ്രണ്ട്, പോപ്പുലർ ഫ്രണ്ട്, എസ്. ഡി. പി.ഐ എന്നീ സംഘടനകളിലെ ഭാരവാഹികളും സജീവ പ്രവർത്തകരുമാണ്. മഹാരാജാസ് കോളേജിലെ പുതിയ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്നതിനുള്ള ചുവരെഴുത്തുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐയും കാമ്പസ് ഫ്രണ്ടും തമ്മിൽ നിലനിന്ന സംഘർഷമാണ് ആക്രമണത്തിൽ കലാശിച്ചതെന്നും കുറ്റപത്രത്തിൽ പറയുന്നു. അഭിമന്യവിനും അർജ്ജുനമൊപ്പമുണ്ടായിരുന്ന വിനീത് എന്ന വിദ്യാർത്ഥിയെ കുത്തിപരിക്കേൽപ്പിച്ചത് പള്ളുരുത്തി സ്വദേശി സനീഷാണ്. ഇയാൾ റിമാൻഡിൽ കഴിയുകയാണ്.

കൊല നടന്ന് 85 ദിവസം പിന്നിട്ടപ്പോഴേക്കും അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചു. അറസ്റ്റിലായ പ്രതികൾക്ക് സ്വാഭാവികജാമ്യം ലഭിക്കാനുള്ള അവസരം ഇതോടെ നഷ്ടമായി. തെളിവു നശിപ്പിക്കാനും പ്രതികളെ ഒളിപ്പിക്കാനും ശ്രമിച്ചവർക്കെതിരെ അനുബന്ധ കുറ്റപത്രം പിന്നീട് അന്വേഷണസംഘം സമർപ്പിക്കും.

ഏഴ് പ്രതികൾ ഒളിവിൽ

കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്ത ഏഴ് പ്രതികൾ ഇപ്പോഴും ഒളിവിലാണ്. ഇവരെ കണ്ടെത്താൻ പൊലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

നെട്ടൂർ മേക്കാട്ട് ഹംസയുടെ മകൻ സഹൽ, പാണാവള്ളി കാരിക്കുഴി ക്ഷേത്രത്തിന് സമീപം നമ്പിപ്പത്തലത്ത് വീട്ടിൽ താമസിക്കുന്ന ഷഹീം, പള്ളുരുത്തി കച്ചേരിപടി വെളിപ്പറമ്പ് വീട്ടിൽ വി. എൻ. ഷിഫാസ്, പള്ളുരുത്തിവെളിപ്പെയ്നലൈനിൽ പുതുവീട്ടിൽ പറമ്പിൽ ജിസാൽ റസാഖ്, ആലുവ ഉളിയന്നൂർ പാലിയത്ത് പി.എം. ഫായിസ്, നെട്ടൂരിൽ കരിങ്ങമ്പാറ വീട്ടിൽ തൻസീൽ മുഹമ്മദ് കുട്ടി, നെട്ടൂർ മേക്കാട്ട് വീട്ടിൽ സനിദ് ഹംസ എന്നിവരെയാണ് ഇനിയും പിടികൂടാനുള്ളത്.

കുറ്റപത്രത്തിലെ മറ്റു പ്രതികൾ

ആലുവ ഈസ്റ്റ് എരുത്തല ചുണങ്ങംവേലി ആരിഫ് ബിൻ സലിം, സഹോദരൻ ആദിൽബിൻ സലിം, ഫോർട്ടുകൊച്ചി കൽവത്തി പുത്തനങ്ങാടി റിയാസ് ഹുസൈൻ, കോട്ടയം കങ്ങഴ പത്തനാട് ചിറയ്ക്കൽ ബിലാൽസജി, പത്തനംതിട്ട കുളത്തൂർ ചുങ്കപ്പാറ നാരകത്തുകുഴി ഫറൂഖ് അമാനി, എറണാകുളം മരട് പെരിങ്ങാട്ടുപറമ്പ് പി.എം. റജീബ്, പെരിങ്ങാട്ടുപറമ്പ് നാച്ചുവെന്ന് വിളിക്കുന്ന അബ്ദുൽ നാസർ, പള്ളുരുത്തി സ്വദേശി സനീഷ്, അരൂക്കുറ്റി വടുതല നടുവത്ത് പറമ്പിൽ ജെ.ഐ. മുഹമ്മദ്.

ആദ്യം പാഞ്ഞെത്തിയത് ദേവദാസൻ

കഴക്കൂട്ടം സുരേഷ്

അപകടം പറ്റിയ സ്ഥലം ദേവദാസൻ ചൂണ്ടികാണിക്കുന്നു

കഴക്കൂട്ടം: ഉഗ്രശബ്ദം കേട്ട് ഞെട്ടിയുണർന്ന് ആദ്യം അപകട സ്ഥലത്ത് പാഞ്ഞെത്തിയത് സമീപവാസിയായ 72 കാരൻ ദേവദാസനായിരുന്നു. മരത്തിൽ ഇടിച്ച് കയറിയ കാർ കാണാനാവാതെ പുകമൂടിയ നിലയിലായിരുന്നുവെന്ന് ദേവദാസൻ പറഞ്ഞു. പിന്നാലെ ഒരുകാറും അവിടെ നിറുത്തി. അതിലെ യാത്രക്കാർക്കൊപ്പം കാർ പരിശോധിക്കുമ്പോഴാണ് മുൻസീറ്റിൽ രക്തത്തിൽ കുളിച്ച യുവാവിനെയും കുഞ്ഞിനെയും കണ്ടത്. കാർ ഞെരിഞ്ഞമർന്ന് നാലു ഡോറും തുറക്കാൻ കഴിയാത്ത വിധമായിരുന്നു. കൂരിരുട്ടും രക്ഷാപ്രവർത്തനത്തിന് തടസമായി. പിന്നാലെ വാഹനങ്ങൾ നിറുത്തിയെങ്കിലും ഇവരെ പുറത്തെടുക്കാനായി ഗ്ലാസ് പൊട്ടിക്കാൻ വസ്തുക്കൾ തേടിയെങ്കിലും കിട്ടിയില്ല. ദേവദാസൻ വീട്ടിലേക്ക് പോയി കമ്പിപ്പാര കൊണ്ടു വന്ന് വാഹനത്തിന്റെ ഹെഡ്ലൈറ്റ് വെളിച്ചത്തിലാണ് കുത്തിതുറന്നത്. ആദ്യം കുഞ്ഞിനെ പുറത്തെടുത്ത് സ്ഥലത്ത് എത്തിയ പൊലീസ് വാഹനത്തിൽ ആശുപത്രിയിലേക്ക് വിട്ടു. രണ്ടാമതാണ് ബാലഭാസ്കറെയും ഭാര്യയെയും

വാഹനാപകടത്തിൽ അച്ഛനും മകളും മരിച്ച കേസിൽ 4 കോടി നഷ്ടപരിഹാരം

പത്തനംതിട്ട: വാഹനാപകടത്തിൽ മരിച്ച വിദേശത്ത് നഴ്സായിരുന്ന മകളുടെയും അച്ഛന്റെയും അവകാശികൾക്ക് 4 കോടി നഷ്ടപരിഹാരം നൽകാൻ പത്തനംതിട്ട മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ വിധിച്ചു. കുളത്തൂപ്പുഴ വട്ടക്കരിക്കം മോളിവില്ലയിൽ ജോൺ തോമസിന്റെ ഭാര്യ ഷിബിയും (34) പിതാവ് എബ്രഹാമു (64) മാണ് ഓമല്ലൂരിലുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടത്. ആസ്ട്രേലിയയിൽ നഴ്സായിരുന്ന ഷിബി. ഷിബിയുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും ഏഴും രണ്ടും വയസുള്ള കുട്ടികളുടെ ഭാവി സംരക്ഷണവും കണക്കിലെടുത്ത് 2.92കോടി രൂപയും 7ശതമാനം പലിശയും കോടതി ചെലവും എബ്രഹാമിന്റെ അവകാശികൾക്ക് 4. 92ലക്ഷം രൂപയും 9ശതമാനം പലിശയും കോടതി ചെലവും നൽകണം. നാഷണൽ ഇൻഷ്വറൻസ് കമ്പനി 30 ദിവസത്തിനകം തുക കെട്ടിവയ്ക്കണം.

എൻ. മോഹനൻ പുരസ്കാരം കാരശേരിക്ക്

തിരുവനന്തപുരം: പ്രശസ്ത ചെറുകഥാകൃത്ത് എൻ. മോഹനന്റെ പേരിലുള്ള പുരസ്കാരം സാംസ്കാരിക പ്രവർത്തകനും സാഹിത്യ നിരൂപകനുമായ പ്രൊഫസർ എം. എൻ. കാരശേരിക്ക് നൽകും. പുരസ്കാരമായ ഒരു പവന്റെ സുവർണമുദ്ര ഒക്ടോബർ 3ന് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ നടക്കുന്ന ചടങ്ങിൽ നൽകുമെന്ന് എൻ. മോഹനൻ സുഹൃദ്സംഘം അറിയിച്ചു.

ബാലാമണിയമ്മ പുരസ്കാരം ശ്രീകുമാരൻ തമ്പിക്ക്

കൊച്ചി: കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ച് സമർപ്പിക്കുന്ന മലയാള കാവ്യരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ബാലാമണിയമ്മ പുരസ്കാരത്തിന് ശ്രീകുമാരൻ തമ്പി അർഹനായി. 50001 രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് പുരസ്കാരം. നവംബർ 8ന് അന്താരാഷ്ട്ര പുസ്തകോത്സവവേദിയിൽ പുരസ്കാരം സമ്മാനിക്കും.

ദേവരാജൻ പുരസ്കാരം സതീഷ് ബാബുവിന്

കോഴിക്കോട്: ജി. ദേവരാജൻ മാസ്റ്റർ അനുസ്മരണ സമിതിയുടെ പ്രഥമ ജി. ദേവരാജൻ മാസ്റ്റർ പുരസ്കാരത്തിന് ഗായകൻ സതീഷ്ബാബു അർഹനായി. 10,001 രൂപയാണ് അവാർഡ് തുക. മാസ്റ്ററുടെ ജന്മദിനമായ സെപ്തംബർ 27ന് കോഴിക്കോട് ടൗൺ ഹാളിൽ നടക്കുന്ന ചടങ്ങിൽ സാഹിത്യകാരൻ വി. ആർ സുധീഷ് അവാർഡ് സമ്മാനിക്കും.

ഇ-പോസ് വന്നിട്ടും രക്ഷയില്ല

മാസപ്പടി വാങ്ങാൻ ഏജന്റുമാർ

■ റേഷൻ വെട്ടിപ്പും തുടരുന്നു

◗കോവളം സതീഷ്‌കുമാർ

തിരുവനന്തപുരം: ഇ-പോസ് മെഷീൻ വന്നിട്ടും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ മാസപ്പിരിവ് പുത്തൻവഴികളിലൂടെ തുടരുന്നതായി വ്യാപാരികളുടെ പരാതി.
റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനു വേണ്ടിയാണ് ഇ-പോസ് മെഷീൻ സ്ഥാപിച്ചത്.
എന്നാൽ മെഷീൻ വച്ചതിനു ശേഷവും 'തങ്ങളുടെ വിഹിതം' ഒരുവിഭാഗം ഉദ്യോഗസ്ഥർ ചോദിച്ച് വാങ്ങുകയാണ്.

റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവർക്കു വേണ്ടി ഏജന്റുമാർ മുഖേനയാണ് ഇപ്പോൾ മാസപ്പിരിവ്. ഇതു സംബന്ധിച്ച നിരവധി പരാതികൾ വിജിലൻസിനും വകുപ്പ്മന്ത്രിയുടെ ഓഫീസിലും എത്തിയിട്ടുണ്ട്. ഏജന്റുമാർ റേഷൻ വ്യാപാരികളിൽ നിന്നു പണം പിരിച്ച് ഉദ്യോഗസ്ഥരുടെ വീട്ടിൽ എത്തിക്കും. ഇതിന് ഏജന്റുമാർക്ക് കമ്മിഷനും ലഭിക്കും.

ഇ-പോസ് സ്ഥാപിച്ച ശേഷം കുറെ ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങുന്നത് അവസാനിപ്പിച്ചെങ്കിലും അവരുടെ പേരിലും പിരിവ് നടക്കുന്നതായാണ് വിവരം. മാസപ്പടി നൽകാതിരുന്നാൽ വ്യാപാരികൾക്ക് നേരെ വിരട്ടലും ഉണ്ടാകും. എന്നിട്ടും കേട്ടില്ലെങ്കിൽ എന്തെങ്കിലും ചെറിയ കുറ്റങ്ങൾ കണ്ടെത്തി റേഷൻ ലൈസൻസ് മരവിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നടപടികളെടുക്കും.

> "ഒരു ക്രമക്കേടും അനുവദിക്കില്ല. തട്ടിപ്പ് നടത്തുന്നവരെക്കുറിച്ച് ആർക്കും പരാതി നൽകാം. ഇക്കാര്യത്തിൽ റേഷൻ വ്യാപാരികളും ഗുണഭോക്താക്കളും മടി കാണിക്കരുത്"
> -മന്ത്രി പി. തിലോത്തമൻ

■ മാസപ്പടിക്രമം ഇങ്ങനെ:

റേഷനിംഗ് ഇൻസ്പെക്ടർക്ക്	₹ 500
താലൂക്ക് സപ്ലൈ ഓഫീസർക്ക്	₹ 1000
ജില്ലാ സപ്ലൈ ഓഫീസർക്ക്	₹ 500

■ റേഷൻ തട്ടിപ്പും തകൃതി

റേഷൻ തട്ടിപ്പ് നടക്കുന്നതായി പരാതികളുണ്ട്. മാസപ്പടി വാങ്ങുന്ന ഉദ്യോഗസ്ഥർ ഇത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

■ തട്ടിപ്പ് രണ്ട് വിധം

1. അരി വിഹിതം കുറവാണെന്ന നുണ പറഞ്ഞ് ഓരോ കാർഡുടമയ്ക്കും റേഷൻകടക്കാർ 5 കിലോ അരി വീതം കുറച്ചു നൽകും.

2. അരി വാങ്ങാത്ത ഗുണഭോക്താക്കളുടെ വീടുകളിൽ ഇ-പോസ് എത്തിച്ച് അരി വാങ്ങിയതായി രേഖപ്പെടുത്തും.

ആയുഷ്മാൻ ഭാരത് ബഹിഷ്കരിക്കുന്നത് ആപത്ത്: പി.എസ്. ശ്രീധരൻ പിള്ള

കോഴിക്കോട്: കേന്ദ്രസർക്കാരിന്റെ ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളം ബഹിഷ്കരിക്കുന്നത് ദൗർഭാഗ്യകരവും ആപത്കരവുമാണെന്ന് ബി. ജെ. പി സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻ പിള്ള വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാനത്തെ പാവപ്പെട്ടവരെ ഗുണഭോക്താക്കളാക്കുന്ന പദ്ധതിയിലൂടെ 5 ലക്ഷം രൂപ വരെ ചികിത്സാസഹായമായി ലഭിക്കും. ഇത്തരം ഒരു പദ്ധതി കേരളത്തിൽ വേറെയില്ല. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്ക് മാത്രമേ അമേരിക്കയിൽ പോയി ചികിത്സിക്കാൻ സാധിക്കൂ. സംസ്ഥാന സർക്കാർ കേന്ദ്രത്തോടുള്ള അന്ധമായ രാഷ്ട്രീയ വിരോധം ഉപേക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ബി.ജെ.പി തിരുവനന്തപുരം ജില്ലാ പ്രസിഡന്റിനെതിരെ കേസെടുത്ത പൊലീസ്, കന്യാസ്ത്രീകൾക്കെതിരെ ലേഖനമെഴുതിയ പാർട്ടി പത്രത്തിനെതിരെയും വിവാദപരാമർശം നടത്തിയ കോടിയേരി ബാലകൃഷ്ണനെതിരെയുമാണെന്ന് കേസെടുക്കേണ്ടിയിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

ബി. ജെ. പി ജില്ലാ സെക്രട്ടറി എസ്. അമർനാഥ്, ജില്ലാ ജനറൽ സെക്രട്ടറി ജിജ ചന്ദ്രൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

നിലപാട് പുനഃ പരിശോധിക്കണം: കൃഷ്ണദാസ്

50 കോടി ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ആയുഷ്മാൻ ഭാരത് ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് മാറിനിൽക്കാനുള്ള തീരുമാനം സംസ്ഥാന സർക്കാർ പുന:പരിശോധിക്കണമെന്ന് ബി.ജെ.പി ദേശീയ നിർവാഹക സമിതി അംഗം പി.കെ. കൃഷ്ണദാസ് ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാരിന് മാനുഷിക മുഖം നഷ്ടപ്പെടുന്നു എന്നതിന്റെ ഉദാഹരണമാണിത്.

കേരളത്തിലെ 63 ലക്ഷം കുടുംബങ്ങളിൽ 21 ലക്ഷത്തിനും പ്രയോജനം ചെയ്യുന്ന പദ്ധതിയിൽ കേരളം ചേർന്നില്ലെങ്കിൽ ശക്തമായ സമരത്തിന് ബി.ജെ.പി തയ്യാറാകും.

ഇന്നും നാളെയും കൊച്ചിയിൽ ചേരുന്ന ബി.ജെ.പി സംസ്ഥാന കൗൺസിൽ യോഗം സമര പരിപാടികൾ ആവിഷ്കരിക്കുമെന്നും കൃഷ്ണദാസ് പറഞ്ഞു.

സാലറി ചലഞ്ച്: 'നോ' പറഞ്ഞവരുടെ പട്ടിക നോട്ടീസ് ബോർഡിൽ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു മാസത്തെ ശമ്പളം നൽകാൻ നിർദ്ദേശിച്ചുള്ള സാലറി ചലഞ്ചിന് വിസമ്മതപത്രം അറിയിച്ചവരുടെ പേര് വിവരം നോട്ടീസ് ബോർഡിൽ തൂക്കിയിട്ടത് വിവാദത്തിൽ. ഷൊർണൂർ ഗവ. പ്രസ് ഡെപ്യൂട്ടി സൂപ്രണ്ടാണ് വിസമ്മത പത്രം അറിയിച്ച ജീവനക്കാരുടെ പേര് വിവരമുള്ള പട്ടിക നോട്ടീസ് ബോർഡിൽ തൂക്കിയിട്ടത്. വിസമ്മതം അറിയിച്ചവരുടെ വിവരം പരസ്യമാക്കില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടും പട്ടിക നോട്ടീസ് ബോർഡിലിട്ടതിനെതിരെ ഗവ. പ്രസിൽ പ്രതിപക്ഷ സംഘടനാ നേതാക്കൾ രംഗത്തെത്തി.

255 ജീവനക്കാരാണ് ഷൊർണൂർ ഗവ. പ്രസിലുള്ളത്. പട്ടികയനുസരിച്ച് 130 പേർ വിസമ്മത പത്രം നൽകിയിട്ടുണ്ട്. 70 പേരെ ഐ.എൻ.ടി.യു.സി പ്രവർത്തകരായി ഇവിടെയുള്ളൂ എന്ന് നേതാക്കൾ പറയുന്നു. ബാക്കിയുള്ളവരിൽ ഭരണകക്ഷി യൂണിയനിൽ പെട്ടവരുമുണ്ടെന്ന് അവർ ആരോപിച്ചു. പ്രിന്റിംഗും സ്റ്റേഷനറിയും മുഖ്യമന്ത്രിയുടെ കീഴിലുള്ള വകുപ്പാണ്.

നിയമസഭയിലെ കൈയാങ്കളിക്കേസ് റദ്ദാക്കുന്നതിനെതിരെ ചെന്നിത്തലയുടെ ഹർജി

കൊച്ചി: നിയമസഭയിലെ കൈയാങ്കളിക്കേസ് റദ്ദാക്കുന്നതിനെതിരെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഹർജി നൽകി. ജനപ്രതിനിധികൾക്കെതിരായ കേസുകൾ പരിഗണിക്കുന്ന കൊച്ചിയിലെ പ്രത്യേക കോടതിയിലാണ് ഹർജി നൽകിയത്.

ധനമന്ത്രിയായിരുന്ന കെ. എം. മാണി 2015 മാർച്ച് 13ന് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനെ ഇടത് എം. എൽ. എമാർ തടഞ്ഞതാണ് കൈയാങ്കളിയിൽ അവസാനിച്ചത്. സംഭവത്തെത്തുടർന്ന് നിയമസഭാ സെക്രട്ടറി നൽകിയ പരാതിയിൽ വി. ശിവൻകുട്ടി, ഇ.പി. ജയരാജൻ, കെ.ടി. ജലീൽ, കെ. അജിത്, സി.കെ. സദാശിവൻ, കെ. കുഞ്ഞുമുഹമ്മദ് എന്നിവർക്കെതിരെ ക്രൈംബ്രാഞ്ച് അന്വേഷണസംഘം കുറ്റപത്രം നൽകിയിരുന്നു. എന്നാൽ ഇടതുസർക്കാർ അധികാരത്തിൽ വന്നതോടെ കേസ് റദ്ദാക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് കോടതിയിൽ അസി. പബ്ലിക് പ്രോസിക്യൂട്ടർ അപേക്ഷ നൽകിയിരുന്നു. ഇതിനെയാണ് രമേശ് ചെന്നിത്തല തന്റെ ഹർജിയിൽ എതിർക്കുന്നത്.

പൊതുമുതൽ നശീകരണം തടയുന്നതിനുള്ള നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കുന്നത് പൊതുതാത്പര്യം പരിഗണിച്ചല്ലെന്ന് ഹർജിയിൽ പറയുന്നു. ഹർജി വാദം കേൾക്കാനായി ഒക്ടോബർ നാലിന് പരിഗണിക്കും.

പീപ്പിൾസ് ഫൗണ്ടേഷൻ 500 വീടുകൾ നിർമ്മിച്ചു നൽകും

തിരുവനന്തപുരം: കേരള പുനർനിർമ്മാണത്തിന്റെ ഭാഗമായി പീപ്പിൾസ് ഫൗണ്ടേഷൻ 500 വീടുകൾ നിർമ്മിച്ചു നൽകും. 1000 വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 500 പേർക്ക് തൊഴിൽ നൽകുകയും ചെയ്യും. ലാപ്ടോപ്പ്, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയവയും വിതരണം ചെയ്യും. വാർത്താസമ്മേളനത്തിൽ രക്ഷാധികാരി എം. ഐ. അബ്ദുൾ അസീസ്, ചെയർമാൻ പി. മുജീബ് റഹ്മാൻ, ട്രസ്റ്റി എം.കെ. മുഹമ്മദലി, സെക്രട്ടറി പി.സി. ബഷീർ, ജമാഅത്ത് ഇസ്ലാമി ജില്ലാ പ്രസിഡന്റ് എച്ച്. ഷഹീർ മൗലവി, മേഖല പി. ആർ. സെക്രട്ടറി എം. മെഹബൂബ്, സംസ്ഥാന പി.ആർ. സെക്രട്ടറി ടി. ഷാക്കിർ എന്നിവർ പങ്കെടുത്തു.

തദ്ദേശസ്ഥാപനങ്ങളിൽ കാന്റീൻ നടത്താൻ കുടുംബശ്രീ യൂണിറ്റുകൾക്ക് അനുമതി

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു കൈമാറ്റം ചെയ്യുന്ന ഓഫീസുകളിലും ടെൻഡർ നടപടികളില്ലാതെ വാർഷിക കരാർ അടിസ്ഥാനത്തിൽ കാന്റീൻ നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് സർക്കാർ അനുമതി ലഭിച്ചു.
പുതിയ ഉത്തരവ് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 1074 കാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾക്ക് ഏറെ പ്രയോജനകരമാകും. ഇതോടൊപ്പം തദ്ദേശ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന വിവിധപരിപാടികൾക്ക് ഭക്ഷണമൊരുക്കുന്ന കരാറും കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാൻ കഴിയും. നിലവിൽ ഓരോ ജില്ലയിലും കളക്ടറേറ്റുകൾ, ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന കാന്റീൻ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽകൂടി അവസരം ലഭിക്കുന്നതോടെ ആറായിരത്തിലേറെ സ്ത്രീകൾക്കാണ് നേരിട്ട് തൊഴിൽ ലഭിക്കുന്നത്.

സ്വദേശാഭിമാനി നാടുകടത്തൽ വാർഷികം

തിരുവനന്തപുരം: സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതിന്റെ 108-ാം വാർഷിക ദിനം ഇന്ന് ആചരിക്കും. സ്വദേശാഭിമാനി സ്മാരക സമിതിയുടെ ആഭിമുഖ്യത്തിൽ രാവിലെ 9ന് സ്വദേശാഭിമാനി സ്മാരകത്തിൽ നടക്കുന്ന ചടങ്ങ് എ.ഐ.സി.സി ജനറൽ സെക്രട്ടറി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുമെന്ന് സ്മാരക സമിതി ജനറൽ സെക്രട്ടറി തമ്പാനൂർ രവി അറിയിച്ചു. പുഷ്പാർച്ചനയും അനുസ്മരണ സമ്മേളനവും നടക്കും.

വിളംബരം

ഇന്റർവ്യൂ 28ന്

തിരുവനന്തപുരം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായി നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് പ്രവേശനത്തിന് ഇന്റർവ്യൂ 28ന് രാവിലെ 10 മുതൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നടക്കും. വെബ്സൈറ്റ്: www.dme.kerala.gov.in

വിഷ ചികിത്സ

തിരുവനന്തപുരം: ഗവ. ആയുർവേദ കോളേജ് പൂജപ്പുര പഞ്ചകർമ്മ ആശുപത്രി ക്യാമ്പസിലെ അഗദതന്ത്ര വിഭാഗത്തിൽ ചിലന്തി വിഷത്തിന് ഗവേഷണാടിസ്ഥാനത്തിൽ നിബന്ധനകൾക്കു വിധേയമായി സൗജന്യ ചികിത്സ ലഭിക്കും. ഫോൺ: 9447518041

സോറിയാസിസിന് ചികിത്സ

തിരുവനന്തപുരം: ഗവൺമെന്റ് ആയുർവേദ കോളേജ് പൂജപ്പുര പഞ്ചകർമ്മ ആശുപത്രി കാമ്പസിലെ അഗദതന്ത്ര വിഭാഗത്തിൽ ഗവേഷണ പദ്ധതിയുടെ ഭാഗമായി സോറിയാസിസിനുള്ള പ്രത്യേക ചികിത്സ നൽകും. ഫോൺ: 9447863883

സൗജന്യ ചികിത്സ

തിരുവനന്തപുരം: സ്ഥായിയായ കടുത്ത ദുഃഖം, ഉറക്കം കുറയുക, അമിത ഉറക്കം, ഏകാകിയായി ഇരിക്കാൻ താത്പര്യം, കുറ്റബോധം, ആത്മഹത്യാ ചിന്ത/ശ്രമം എന്നീ ലക്ഷണങ്ങൾ രണ്ട് ആഴ്ചയിൽ കൂടുതലായി നിലനിൽക്കുന്ന 65 നും 75 നും ഇടയിൽ പ്രായമുള്ളവർക്ക് തിരുവനന്തപുരം പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ പ്രവർത്തിക്കുന്ന സ്വസ്ഥവൃത്തം 2-ാം നമ്പർ ഒ.പി. യിലും ജെറിയാട്രിക് ഒ.പി. യിലും ഞായറാഴ്ച ഒഴികെ രാവിലെ 8 മണിമുതൽ ഉച്ചയ്ക്ക് 1 മണി വരെയുള്ള സമയങ്ങളിൽ സൗജന്യ ചികിത്സ ലഭ്യമാണ്. ഫോൺ: 9497458690

ഒന്നാം വർഷ ഹയർസെക്കൻഡറി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി തുല്യതാ പരീക്ഷ ഹാൾടിക്കറ്റ്

30, ഒക്ടോബർ ഒന്ന്, മൂന്ന് തിയതികളിൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി തുല്യതാ പരീക്ഷയുടെ ഹാൾടിക്കറ്റ് പരീക്ഷാർത്ഥികൾക്ക് അവരവരുടെ രജിസ്ട്രേഷൻ കേന്ദ്രങ്ങളിൽ നിന്നും 26, 27 തീയതികളിൽ വിതരണം ചെയ്യും. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ കേന്ദ്രങ്ങളിലെത്തി പ്രിൻസിപ്പൽമാരിൽ നിന്ന് ഹാൾടിക്കറ്റ് കൈപ്പറ്റണം.

പബ്ലിക് ഹെൽത്ത് കോഴ്സിന് അപേക്ഷിക്കാം

ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പബ്ലിക് ഹെൽത്തിൽ കേരള ആരോഗ്യ സർവകലാശാല (കെ.യു.എച്ച്.എസ്) അംഗീകരിച്ച ദ്വിവത്സര മാസ്റ്റർ ഒഫ് പബ്ലിക് ഹെൽത്ത് (എം.പി.എച്ച്) കോഴ്സിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി 28. ഫെഡറൽ ബാങ്കിന്റെ എല്ലാ ശാഖകളിലും അപേക്ഷാഫീസ് സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: www.lbscentre.kerala.gov.in, 0471- 2560361.

തിരുവനന്തപുരം

അപേക്ഷ ക്ഷണിച്ചു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് കേരളത്തിലെ വിവിധ
കേന്ദ്രങ്ങളിൽ ഡിസംബർ 15ന് നടത്താൻ തീരുമാനിച്ച ഇലക്ട്രിക്കൽ സൂപ്പർവൈസർ ബി ഗ്രേഡ് പരീക്ഷയ്ക്ക് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ ഫോമും മറ്റു വിവരങ്ങളും എല്ലാ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരുടെ കാര്യാലയങ്ങളിലും വെബ്സൈറ്റിലും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ മതിയായ രേഖകൾ സഹിതം ഒക്ടോബർ 31 ന് വൈകുന്നേരം അഞ്ചിനകം സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ ലഭിക്കണം.

സ്കോളർഷിപ്പ്: അപേക്ഷ ഒക്ടോബർ 31 വരെ

2017 -18 വർഷം (നവംബർ 2017) നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് യോഗ്യത പരീക്ഷ പാസായ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് (ഇപ്പോൾ ഒൻപതാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ) 2018 -19 വർഷത്തെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് ലഭിക്കാൻ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഫ്രഷ് അപേക്ഷകർ സമർപ്പിക്കണം. സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ (3473) വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. സ്കോളർഷിപ്പിന് അർഹരായ എല്ലാ കുട്ടികളും നിർബന്ധമായും പോർട്ടൽ വഴി ഓൺലൈൻ അപേക്ഷിക്കണം. പ്രതിമാസം 1000 രൂപ നിരക്കിൽ ഒരു വർഷം സ്കോളർഷിപ്പ് തുകയായി 12,000 രൂപ ലഭിക്കും. ഒൻപത്, 10, 11, 12 എന്നീ നാലു ക്ലാസുകളിലേക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി ഒക്ടോബർ 31.

സർട്ടിഫിക്കറ്റ് പ്രോഗ്രാം

സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജിന്റെ ആഭിമുഖ്യത്തിൽ ഹെൽത്ത് കെയർ (ഹോസ്പിറ്റൽ) ക്വാളിറ്റി മാനേജ്മെന്റിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം സംഘടിപ്പിക്കും. സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അപേക്ഷ നൽകാം. ബിരുദധാരികൾക്കും, മെഡിക്കൽ/പാരാമെഡിക്കൽ ഡിപ്ലോമയുള്ളവയർക്കും, ആശുപത്രി ജീവനക്കാർക്കും അപേക്ഷിക്കാം. അവസാന തീയതി ഒക്ടോബർ അഞ്ച്. വെബ്സൈറ്റ്: www.src.kerala.gov.in ഫോൺ: 9048110031

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

■ സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഗണിതശാസ്ത്രവിഭാഗത്തിൽ ബിരുദാനന്തരബിരുദ കോഴ്സിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കായി സംവരണം ചെയ്ത സീറ്റിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് താത്പര്യമുള്ളവർ അസൽ രേഖകളും 1250 രൂപ ഫീസും സഹിതം 28 ന് രാവിലെ 10.30 ന് കാര്യവട്ടം ക്യാമ്പസിലെ ഗണിത ശാസ്ത്ര വിഭാഗത്തിൽ ഹാജരാകണം. ഫോൺ: 0471 2308303

സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലുള്ള മലയാള വിഭാഗത്തിൽ ബിരുദാനന്തര ബിരുദ കോഴ്സിൽ (2018 അഡ്മിഷൻ) പട്ടികജാതി വിഭാഗത്തിൽ രണ്ടും പട്ടിക വർഗ വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യതയുള്ളവർ ഒക്ടോബർ 3 ന് രാവിലെ 10 മണിക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി മലയാള വിഭാഗത്തിൽ ഹാജരാകണം.

■ എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ ഒപ്ടോഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുള്ള എം.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ഒപ്ടോഇലക്ട്രോണിക്സ് & ഒപ്ടിക്കൽ കമ്മ്യൂണിക്കേഷൻ) പ്രോഗ്രാമിന് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഒഴിവുള്ള മൂന്നു സീറ്റുകളിലേക്കും സ്പോൺസേർഡ് വിദ്യാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലേക്കും മറ്റു സംവരണ വിഭാഗങ്ങളിലേക്കും മാറ്റപ്പെടുന്ന അഞ്ചു സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തും. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി 28ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള സർവകലാശാലയുടെ ഒപ്ടോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകണം. ഫോൺ: 0471 2308167.

■ പരീക്ഷാഫലം

കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഒക്ടോബർ 17 നകം ഓൺലൈനായി അപേക്ഷിക്കണം.

■ ഇൻഡക്ഷൻ പ്രോഗ്രാം

സർവകലാശാല ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി (2018 അഡ്മിഷൻ) ഇൻഡക്ഷൻ പ്രോഗ്രാം ഇന്നു രാവിലെ 10 മണിക്ക് സെനറ്റ് ഹാൾ, പാളയം കാമ്പസിൽ നടത്തും.

■ പെൻഷൻകാർക്ക് സമ്മതപത്രം നൽകാം

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ താല്പര്യമുള്ള സർവകലാശാല പെൻഷൻകാർക്ക് തുക പരമാവധി പത്ത് ഗഡുക്കളായി പ്രതിമാസ പെൻഷനിൽ നിന്നും ഈടാക്കി ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുന്നതിനുള്ള സമ്മതപത്രം പെൻഷൻ സെക്ഷനിൽ നൽകാം.

■ പരീക്ഷാകേന്ദ്രം

28 ന് നടക്കുന്ന ബി.കോം ആന്വൽ സ്കീം പാർട്ട് - II (അഡിഷണൽ - ലാംഗ്വേജ്) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ. ആർട്സ് കോളേജ് സെന്ററായി അപേക്ഷിച്ചവർ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷ എഴുതണം.

28ന് ഗവ. ആർട്സ് കോളേജിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി (വിദൂര വിദ്യാഭ്യാസ വിഭാഗം) പരീക്ഷ പാളയം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നടത്തും.

എം.ജി
www.mgu.ac.in

■ ബിരുദം: ഫീസടയ്ക്കാനുള്ള തീയതി നീട്ടി

സർവകലാശാലാ സെർവർ തകരാറിലായതിനാൽ ബിരുദ കോഴ്സുകൾക്ക് പിഴയില്ലാതെ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 29 വരെയും ഫീസടയ്ക്കാം.

■ എൽ എൽ.ബി പരീക്ഷ

ഒൻപതാം സെമസ്റ്റർ എൽ എൽ. ബി. ബി.എ ക്രിമിനോളജി എൽ എൽ. ബി (ഓണേഴ്സ്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സ്, ബി.എ എൽ എൽ. ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് കോഴ്സ് (2013 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ എൽ എൽ.ബി (ഓണേഴ്സ് 2013 അഡ്മിഷൻ റഗുലർ), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി. കോം. എൽ എൽ. ബി. (ഓണേഴ്സ് 2013 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഒക്ടോബർ ഒൻപതു മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 29 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ ഒന്നു വരെയും 500 രൂപ സൂപ്പർഫൈനോടെ മൂന്നു വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം.

■ സംവരണ സീറ്റൊഴിവ്

സ്കൂൾ ഒഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ എം.എ പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് കോഴ്സിലേക്ക് എസ്.സി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം നിശ്ചിത യോഗ്യതയുള്ള പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ 27ന് രാവിലെ 11ന് അസൽ രേഖകൾ സഹിതം ഓഫീസിൽ ഹാജരാകണം.

ഐ.ടി.ഐയിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ ഇന്റർവ്യൂ 28ന്

തിരുവനന്തപുരം: കഴക്കൂട്ടം ഗവ. വനിതാ ഐ.ടി.ഐയിൽ വിവിധ ട്രേഡുകളിൽ താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ ഒഴിവുണ്ട്. താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള വേതനം ലഭിക്കും. ട്രേഡ്, ഒഴിവ് എന്ന ക്രമത്തിൽ ചുവടെ:
ഡ്രസ്മേക്കിംഗ് (രണ്ട്), ഹോസ്പിറ്റൽ ഹൗസ്കീപ്പിംഗ് (ഒന്ന്), ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ (രണ്ട്). യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപകർപ്പുകളും സഹിതം 28ന് രാവിലെ 10ന് സ്ഥാപനത്തിൽ ഹാജരാകണം. ഫോൺ: 0471 2418317.

കരാർ നിയമനം: വാക് ഇൻ ഇന്റർവ്യൂ നാലിന്

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട ബോർഡിൽ ബിൽ ചെക്കിംഗ് അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ഒക്ടോബർ നാലിന് രാവിലെ 10ന് തിരുവനന്തപുരത്ത് തൈക്കാട് ഗസ്റ്റ്ഹൗസിനു സമീപമുള്ള CMD ഓഫീസിൽ വാക്-ഇൻ-ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് www.cmdkerala.net.

ദേവസ്വം സ്കൂളുകളിൽ അദ്ധ്യാപക നിയമനം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്കൂളുകളിൽ യു. പി. എസ് അദ്ധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ ഒക്ടോബർ 3,4 തീയതികളിൽ രാവിലെ 10.30 ന് ദേവസ്വം ബോർഡിന്റെ തിരുവനന്തപുരം നന്ദൻകോട്ടെ ആസ്ഥാനമന്ദിരത്തിൽ നടക്കും. മെമ്മോയോ റിജക്ഷൻ മെമ്മോയോ ലഭിക്കാത്തവർ 29 ന് മുൻപായി ദേവസ്വം ബോർഡിന്റെ നന്ദൻകോട്ടെ ഓഫീസുമായി ബന്ധപ്പെടണം.

വിമുക്തിമിഷൻ കൗൺസലർമാരുടെ ഇന്റർവ്യൂ

വിമുക്തിമിഷന്റെ ഭാഗമായി ആരംഭിക്കുന്ന കൗൺസലിംഗ് സെന്ററിലേക്ക് കൗൺസലർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം 27,28,29 തീയതികളിൽ നന്ദാവനത്തുള്ള എക്സൈസ് ആസ്ഥാനത്ത് നടത്തും. എക്സൈസ് കമ്മീഷറുടെ കാര്യാലയത്തിലും, www.keralaexcise.gov.in ലും വിശദവിവരം ലഭിക്കും. ഫോൺ: 0471 -2322825

മോദിയും പിണറായിയും ജനജീവിതം ദുസ്സഹമാക്കി: ചെന്നിത്തല

കൊച്ചി: നരേന്ദ്രമോദിയും പിണറായി വിജയനും ചേർന്ന് ജനജീവിതം ദുസ്സഹമാക്കിയെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. യു.ഡി.എഫ് പാർലമെന്റ് മണ്ഡലം നേതൃസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇതുവരെ ഒരു ജനക്ഷേമ പദ്ധതി പോലും നരേന്ദ്രമോദി സർക്കാർ ആവിഷ്കരിച്ചിട്ടില്ല. അധികാരത്തിൽ വന്നാൽ കള്ളപ്പണം കൊണ്ടുവന്ന് ഓരോരുത്തരുടെയും അക്കൗണ്ടിൽ 15 ലക്ഷം രൂപ വീതം നിക്ഷേപിക്കുമെന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിച്ചു. 50 രൂപക്ക് പെട്രോൾ നൽകുമെന്നും 10 കോടി പേർക്ക് തൊഴിൽ നൽകുമെന്നും പറഞ്ഞതും വെറുതേയായി.

www.keralakaumudi.com www.facebook.com/keralakaumudi

ഡി.വൈ.എഫ്.ഐ നേതൃത്വത്തിന്റെ മൊഴി പി.കെ. ശശിക്ക് അനുകൂലമെന്ന് സൂചന

സ്വന്തം ലേഖകൻ

പാലക്കാട്: വനിതാ നേതാവിനെ പീഡിപ്പിച്ചെന്ന പരാതി അന്വേഷിക്കുന്ന സി.പി.എം അന്വേഷണ കമ്മിഷന് മുമ്പാകെ ഡി.വൈ.എഫ്.ഐ ജില്ലാ നേതൃത്വത്തിൽ ഭൂരിഭാഗവും പി.കെ. ശശി എം.എൽ.എയ്ക്ക് അനുകൂലമായി മൊഴി നൽകിയതായി സൂചന.

കമ്മിഷന് മുമ്പിലെത്തിയ എട്ടുപേരിൽ ആറാളും പരാതിക്ക് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് മൊഴി നൽകി. യുവതിയുടെ പരാതി സത്യമാണെന്നും നടപടി ആവശ്യമാണെന്നും ചൂണ്ടിക്കാട്ടിയത് രണ്ടുപേർ മാത്രമാണ്. വനിതാ നേതാവ് ഇത്തരമൊരു പരാതി ജില്ലാ നേതൃത്വത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നില്ലെന്നും പിന്നീട് ഇതേക്കുറിച്ച് ചോദിച്ചപ്പോൾ ഡി.വൈ.എഫ്.ഐയുമായി പരാതിയുടെ വിശദാംശം പങ്കുവയ്ക്കാനില്ലെന്ന നിലപാടാണ് സ്വീകരിച്ചതെന്നും ജില്ലാനേതാക്കൾ കമ്മിഷന് മൊഴി നൽകി.

ഇതിനിടെ ഡി.വൈ.എഫ്.ഐ ജില്ലാ സെക്രട്ടറി കെ. പ്രേംകുമാർ ഒത്തുതീർപ്പിന് ശ്രമിച്ചെന്ന ആരോപണത്തെക്കുറിച്ചും കമ്മിഷൻ വിശദീകരണം തേടി.

പ്രേംകുമാറിന് പുറമേ ജില്ലാ പ്രസിഡന്റ് പി.എം. ശശിയും ഇന്നലെ സി.പി.എം ജില്ലാ കമ്മിറ്റി ഓഫീസിലെത്തി കമ്മിഷനംഗങ്ങളായ മന്ത്രി എ.കെ. ബാലനും പി.കെ. ശ്രീമതി എം.പിക്കും മൊഴി നൽകി. മൊഴി നൽകേണ്ടിയിരുന്ന മൂന്നുപേർ പാലക്കാടെത്തി വിവരം നൽകുന്നതിൽ അസൗകര്യമുണ്ടെന്ന് കമ്മിഷനെ അറിയിച്ചതായാണ് വിവരം. 30ന് സംസ്ഥാന സെക്രട്ടേറിയറ്റ് കൂടുന്നതിനാൽ 28ന് മുമ്പായി ഇവരെ മൂന്നപേരെയും തിരുവനന്തപുരത്തേക്ക് വിളിപ്പിച്ച് മൊഴി രേഖപ്പെടുത്തും. പരാതിക്കാരിയായ യുവതിയുടെയും പി.കെ.ശശിയുടെയും മൊഴി അന്വേഷണ സംഘം രണ്ടുഘട്ടങ്ങളിലായി ഫോണിലൂടെയും നേരിട്ടും രേഖപ്പെടുത്തിയിരുന്നു. മൊഴി നൽകിയതിൽ ഭൂരിഭാഗം പേരും ഗൂഢാലോചനയുണ്ടെന്ന് പറഞ്ഞതോടെ ഇതു സംബന്ധിച്ചും പാർട്ടിതല അന്വേഷണം നടക്കുമെന്നാണ് സൂചന.

അച്ചൻകോവിലാറ്റിൽ കുളിക്കാനിറങ്ങിയ വിദ്യാർത്ഥി മുങ്ങി മരിച്ചു

പന്തളം: സുഹൃത്തുക്കൾക്കൊപ്പം അച്ചൻകോവിലാറ്റിൽ കുളിക്കാനിറങ്ങിയ വിദ്യാർത്ഥി മുങ്ങി മരിച്ചു. പന്തളം എൻ.എസ്.എസ്.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി മങ്ങാരം മുത്തുണിയിൽ വടക്കേതിൽ ഷാജഹാൻ റാവുത്തർ

ഷംനാദ്

ഫെമിന ദമ്പതികളുടെ മകൻ ഷംനാദ് (17) ആണ് മുങ്ങി മരിച്ചത്.

ഇന്നലെ ഉച്ചയ്ക്ക് മൂന്ന മണിയോടെ കൂടി സ്കൂളിൽ നിന്നും മറ്റു രണ്ടു സുഹൃത്തുക്കളോടൊപ്പം അച്ചൻകോവിലാറ്റിൽ കുളനട കൈപ്പുഴ കടവിൽ കുളിക്കാനിറങ്ങിയതാണ്. ഇവർ കയത്തിൽപ്പെട്ടു. സുഹൃത്തുക്കൾ നീന്തി രക്ഷപ്പെടുകയായിരുന്നു. ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് ഷംനാദിനെ പുറത്തെടുത്തത്. മൃതദേഹം ഇടപ്പോണിലെ സ്വകാര്യ ആശുപത്രി മോർച്ചറിയിൽ. സംസ്കാരം ഇന്ന് മങ്ങാരം മുസ്ലീം ജമാഅത്തിൽ നടക്കും. സുൽത്താന സഹോദരിയാണ്.

കടക്കെണി: വയനാട്ടിൽ വീണ്ടും കർഷക ആത്മഹത്യ

പുൽപ്പള്ളി: കടബാദ്ധ്യതയാൽ വയനാട്ടിൽ വീണ്ടും കർഷക ആത്മഹത്യ. പുൽപ്പള്ളി കുറിച്ചിപ്പറ്റ മാനിക്കാട് രാമദാസ് (58) ആണ് ആത്മഹത്യ ചെയ്തത്. വീടിനോട് ചേർന്നുള്ള തോട്ടത്തിൽ ഇന്നലെ രാവിലെ വിഷം ഉള്ളിൽ ചെന്ന് മരിച്ച

രാമദാസ്

നിലയിൽ കണ്ടെത്തിയത്. രാവിലെമുതൽ ഇദ്ദേഹത്തെ കാണാനില്ലായിരുന്നു. നാട്ടുകാർ നടത്തിയ തെരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്. പുൽപ്പള്ളി അർബൻ ബാങ്ക്, പിന്നാക്ക വികസന കോർപ്പറേഷൻ, സ്വാശ്രയ സംഘങ്ങൾ എന്നിവയിൽ അഞ്ച് ലക്ഷത്തോളം രൂപയുടെ കടബാധ്യതയുള്ളതായി ബന്ധുക്കൾ പറഞ്ഞു. നാട്ടുകാരിൽ നിന്നും മറ്റും കടം വാങ്ങിയ പണം ഉപയോഗപ്പെടുത്തി കൃഷി നടത്തിയെങ്കിലും പരാജയപ്പെട്ടു. മക്കളുടെ വിവാഹ ആവശ്യത്തിനെടുത്ത തുകയും മടക്കി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. വനാതിർത്തിയോട് ചേർന്ന് 20 സെന്റോളം സ്ഥലം മാത്രമെ ഇവർക്കുള്ളൂ. ഭാര്യ: ചന്ദ്രമതി. മക്കൾ: ഗോകുൽ, രാഹുൽ, നീതു. മരുമകൻ: രാംദാസ്.

ഭാര്യയെ കൊന്ന് മുങ്ങിയ ഭർത്താവ് തമിഴ്നാട്ടിൽ പിടിയിൽ

പിടിച്ചത് ബന്ധു നൽകിയ വിവരം വച്ച്

തിരുവനന്തപുരം: ഭാര്യയെ കഴുത്തറുത്ത് കൊന്നശേഷം മുങ്ങിയ ഭർത്താവ് മുക്കോലയ്ക്കൽ ക്ഷേത്രത്തിന് സമീപം എസ്.കെ. നിവാസിൽ താമസിക്കുന്ന മാരിയപ്പനെ തമിഴ്നാട് പൊലീസ് പിടിച്ചു. ഭാര്യ കന്നിയമ്മയെ കൊലപ്പെടുത്തിയശേഷം ഇയാൾ തമിഴ്നാട്ടിലെത്തിയതായി ഒരു ബന്ധു നൽകിയ രഹസ്യവിവരത്തെതുടർന്ന് കേസ് അന്വേഷിക്കുന്ന ഫോർട്ട് പൊലീസ് തമിഴ്നാട് പൊലീസിന് വിവരം കൈമാറിയിരുന്നു.

തിങ്കളാഴ്ച രാത്രിയോടെ അംബാസമുദ്രം പൊലീസാണ് പ്രതിയെ പിടികൂടിയത്. ഇയാളെ കൊണ്ടുവരാൻ ഫോർട്ട് എസ്.ഐയുടെ നേതൃത്വത്തിലുള്ള സംഘം തമിഴ്നാട്ടിലേക്ക് തിരിച്ചു. ഇയാളെ ഇന്ന് തിരുവനന്തപുരത്ത് കൊണ്ടുവരുമെന്നാണ് സൂചന.

സംശയരോഗമാണ് കൊലപാതകത്തിന് കാരണമെന്ന് പറയപ്പെടുന്നുണ്ടെങ്കിലും മാരിയപ്പനെ ചോദ്യം ചെയ്താൽ മാത്രമേ കൂടുതൽ കാര്യങ്ങൾ വ്യക്തമാകൂ.

ഞായറാഴ്ച രാത്രി 11.30നാണ് കൊലനടത്തിയത്. ജോലി കഴിഞ്ഞ് മടങ്ങിയെത്തിയ ഇളയമകൻ മണികണ്ഠനാണ് അമ്മ ചോരയിൽ കുളിച്ച് കിടക്കുന്നത് കണ്ടത്.

ഓടിക്കൂടിയ നാട്ടുകാർ വിവരമറിയിച്ചതിനെതുടർന്ന് സ്ഥലത്തെത്തിയ ഫോർട്ട് പൊലീസ് രക്തം പുരണ്ട ചുറ്റികയും കത്തിയും കണ്ടെടുത്തു. വീട്ടിലേക്ക് വരുമ്പോൾ അച്ഛൻ സ്കൂട്ടറിൽ പാഞ്ഞു പോകുന്നത് കണ്ടതായി മണികണ്ഠൻ പൊലീസിൽ മൊഴി നൽകി. മാരിയപ്പൻ മൊബൈൽ ഫോൺ ഉപേക്ഷിച്ച് കടന്നുകളഞ്ഞതിനാൽ ടവർ നിരീക്ഷിച്ച് പ്രതിയെ കണ്ടെത്താൻ കഴിഞ്ഞില്ല. തുടർന്നാണ് തമിഴ്നാട്ടിലേക്ക് അന്വേഷണം വ്യാപിപ്പിച്ചത്. തിങ്കളാഴ്ച മെഡിക്കൽ കോളേജ് മോർച്ചറിയിൽ പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുനൽകിയ കന്നിയമ്മയുടെ മൃതദേഹം ഉത്തുകുടിയിൽ സംസ്കരിച്ചു.

ഡെപ്യൂട്ടി പൊലീസ് കമ്മിഷണർ ആദിത്യയുടെ മേൽനോട്ടത്തിൽ ഫോർട്ട് അസി. കമ്മിഷണർ ദിനിലിന്റെ നേതൃത്വത്തിലാണ് അന്വേഷണം.

പ്രളയബാധിത കുടുംബശ്രീക്കാർക്ക് കുറഞ്ഞ നിരക്കിൽ ഗൃഹോപകരണങ്ങൾ

തിരുവനന്തപുരം: പ്രളയത്തിൽപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ഗൃഹോപകരണങ്ങളും മറ്റ് അനുബന്ധ വസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും. ഒരു ലക്ഷം രൂപ വരെ ഇതിനായി വായ്പ ലഭിക്കും. സാധനങ്ങൾക്ക് ചുരുങ്ങിയത് 50 ശതമാനമെങ്കിലും ഡിസ്കൗണ്ട് നൽകണമെന്ന് വിവിധ കമ്പനി പ്രതിനിധികളുമായി നടന്ന യോഗത്തിൽ മന്ത്രി ഇ.പി. ജയരാജൻ ആവശ്യപ്പെട്ടു. കമ്പനികളുടെ ഉന്നതതലയോഗത്തിൽ അവതരിപ്പിച്ചശേഷം ഡിസ്കൗണ്ട് സംബന്ധിച്ച കൃത്യമായ വിവരം നൽകാമെന്ന് കമ്പനി മേധാവികൾ ഉറപ്പ് നൽകി. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുള്ള അംഗങ്ങൾക്കാണ് ഈ ഡിസ്കൗണ്ട് ലഭ്യമാകുക.

കാറും ബുള്ളറ്റും കൂട്ടിയിടിച്ച് യുവാവ് മരിച്ചു

ചെങ്ങന്നൂർ: എം.സി.റോഡിൽ ബുള്ളറ്റും കാറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ യുവാവ് മരിച്ചു. ഒപ്പമുണ്ടായിരുന്ന സുഹൃത്തിന്റെ രണ്ട് കാലും ഒടിഞ്ഞു. തിങ്കളാഴ്ച അർദ്ധരാത്രി ഉണ്ടായ അപകടത്തിൽ വെണ്മണി കൈമളേത്ത് പുത്തൻവീട്ടിൽ അനൂപ് ആനന്ദാണ് (വിഷ്ണു -27) മരിച്ചത്.

ബുള്ളറ്റിന്റെ പിന്നിലിരുന്ന സുഹൃത്ത് വെണ്മണി ചെറിയാലുംമൂട് തെങ്ങിഴേത്ത് വീട്ടിൽ ഷിജുവിന്റെ (21) ഇരുകാലുകളും ഒടിഞ്ഞ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തിങ്കളാഴ്ച രാത്രി 12 മണിയോടെയാണ് അപകടമെന്ന് പൊലീസ് പറഞ്ഞു. സുഹൃത്തുക്കൾക്ക് ഒപ്പം തട്ടുകടയിൽ നിന്ന് ഭക്ഷണം കഴിച്ച് വെണ്മണിയിലെ വീട്ടിലേക്ക്

അനൂപ്

മടങ്ങുകയായിരുന്ന അനൂപും ഷിജുവും. ഗവ.ഐ.ടി.ഐ. ജംഗ്ഷന സമീപത്തുവച്ച് തെങ്കാശിയിൽ നിന്നും എറണാകുളത്തേക്ക് പോകുകയായിരുന്ന കാറുമായി കൂട്ടിയിടിക്കുകയായിരുന്നു. അനൂപ് സംഭവസ്ഥലത്തുതന്നെ മരിച്ചു. ഇരുകാലുകളും ഒടിഞ്ഞു തൂങ്ങിയ നിലയിൽ ഷിജുവിനെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഇയാൾ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. ബംഗളൂരുവിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുകയായിരുന്ന അനൂപ് മെച്ചപ്പെട്ട ജോലിക്കായി വിദേശത്തേക്ക് പോകാൻ തയാറെടുക്കുകയായിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട് 3ന് വീട്ടുവളപ്പിൽ നടക്കും.

പിതാവ് വിമുക്തഭടൻ ആനന്ദൻപിള്ള പക്ഷാഘാതത്തെ തുടർന്ന് കിടപ്പിലാണ്. വിരമിച്ചശേഷം വിദേശത്ത് ജോലി നോക്കുന്നതിനിടെ ഉണ്ടായ അസുഖത്തെ തുടർന്ന് സംസാരശേഷിയും നഷ്ടപ്പെട്ടിരുന്നു. മാതാവ്: പത്മിനി. സഹോദരി: അശ്വതി. സഹോദരീഭർത്താവ്: രഞ്ജിത്ത് (മസ്കറ്റ്).

പാലക്കാടിന്റെ ആനപ്പേടി മാറ്റാൻ സൂര്യ എത്തി

പാലക്കാട്: ജനവാസ മേഖലയിലെ കാട്ടാനശല്യം നിയന്ത്രിക്കുന്നതിനായി വനം വകുപ്പ് പാലക്കാട് ഡിവിഷന് കീഴിൽ കുങ്കിയാനയെത്തി. വയനാട് മുത്തങ്ങയിൽ നിന്നുള്ള സൂര്യയെയാണ് (34) ഇന്നലെ രാവിലെ ധോണി സാറ്റലൈറ്റ് കേന്ദ്രത്തിലെത്തിച്ചത്. ഒപ്പം കൊണ്ടുവരാനിരുന്ന കോന്നി സുരേന്ദ്രനെ (20) മദപ്പാട് കാരണം എത്തിച്ചില്ല.

കാട്ടാനശല്യം രൂക്ഷമായ വാളയാർ, ഒലവക്കോട് റേഞ്ചുകളിലാണ് ആദ്യം സേവനം ലഭിക്കുക. ഇന്നലെ വൈകിട്ടോടെ ഉൾക്കാട്ടിലേക്ക് കടക്കാതെ ഏഴ് കിലോമീറ്റർ ചുറ്റളവിൽ സൂര്യയുമായി വനം വകുപ്പ് പട്രോളിംഗ് ആരംഭിച്ചു. മദപ്പാട് തീരുമ്പോൾ സുരേന്ദ്രനെ എത്തിക്കുമെന്നും കാട്ടാനശല്യം കുറയുന്നതു വരെ ഇവ ധോണിയിലുണ്ടാകുമെന്നും ഡി.എഫ്.ഒ നരേന്ദ്രനാഥ് വേലൂരി പറഞ്ഞു.

കാട്ടാനകളെ തുരത്താൻ മുത്തങ്ങയിൽ നിന്ന് വനം വകുപ്പിന്റെ ധോണി സാറ്റലൈറ്റ് കേന്ദ്രത്തിലെത്തിച്ച കുങ്കിയാന 'സൂര്യ'യെ മധുരം നൽകി സ്വീകരിക്കുന്നു

തമിഴ്നാട് മുതുമല തൊപ്പക്കാട്ടെ ആന പരിശീലന കേന്ദ്രത്തിൽ നിന്നാണ് സൂര്യയ്ക്ക് ശിക്ഷണം ലഭിച്ചത്. സംസ്ഥാനത്ത് പരിശീലനം ലഭിച്ച കുങ്കിയാനകളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ആദ്യ ഉദ്യമമാണ് പാലക്കാട്ടേത്. തമിഴ്നാട്ടിൽ നിന്ന് കുങ്കിയാനകളെ അവശ്യ സമയത്ത് ലഭിക്കാത്ത സാഹചര്യത്തിലാണ് കേരളത്തിലെ മൂന്ന് ആനകൾക്ക് മുതുമലയിൽ 14 ലക്ഷം ചെലവഴിച്ച് പരിശീലനം നൽകിയത്. ജൂണിൽ കൊണ്ടുപോയ ആനകളെ പരിശീലനത്തിന് ശേഷം ഈ മാസം മദ്ധ്യത്തോടെയാണ് മുത്തങ്ങയിലെത്തിച്ചത്.

ചാണ്ടിയുടെ മക്കൾക്കെതിരെ തെളിവില്ലെന്ന് വിജിലൻസ്

കൊച്ചി: നിലംനികത്തി ലേക്പാലസ് റിസോർട്ടിലേക്ക് റോഡ് പണിത കേസിൽ മുൻമന്ത്രി തോമസ് ചാണ്ടിയുടെ മക്കളായ ഡോ. ടോബി ചാണ്ടി, ബെറ്റി ചാണ്ടി എന്നിവർക്കെതിരെ തെളിവുകളില്ലെന്ന് വിജിലൻസ് സംഘം. അതിനാൽ ഇവരെ കേസിൽനിന്ന് ഒഴിവാക്കാൻ വിജിലൻസ് കോടതിയിൽ അപേക്ഷ നൽകുമെന്നും വിജിലൻസ് സംഘം ഹൈക്കോടതിയിൽ ബോധിപ്പിച്ചു. ടോബി, ബെറ്റി, മാതാവായ മേരി ചാണ്ടി, ബന്ധു ജോൺ മാത്യു എന്നിവർ നൽകിയ ഹർജിയിലാണ് വിജിലൻസ് ഡിവൈ.എസ്.പി ഹരിവിദ്യാധരൻ ഇക്കാര്യം വ്യക്തമാക്കി സ്റ്റേറ്റ്മെന്റ് നൽകിയത്. എന്നാൽ മേരി ചാണ്ടിക്കും ജോൺ മാത്യുവിനുമെതിരെ തെളിവുണ്ടെന്നും വിജിലൻസ് വ്യക്തമാക്കിയിട്ടുണ്ട്.

തോമസ് ചാണ്ടി ഡയറക്ടറായ വാട്ടർവേൾഡ് ടൂറിസം കമ്പനിയുടെ ലേക് പാലസ് റിസോർട്ടിലേക്ക് കരുവേലി പാടശേഖരത്തിലൂടെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി നിലംനികത്തി റോഡ് നിർമ്മിച്ചെന്നാണ് കേസ്. തോമസ് ചാണ്ടിയും മക്കളും ഭാര്യയുമുൾപ്പെടെ 22 പേരെ കേസിൽ പ്രതികളാക്കിയിരുന്നു. ആലപ്പുഴ മുൻ ജില്ലാകളക്ടർ വേണുഗോപാൽ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥരും കേസിൽ പ്രതികളാണ്.

നികത്തൽ എട്ടിടങ്ങളിൽ

2003 ൽ ലേക് പാലസ് റിസോർട്ടിന്റെ നിർമ്മാണം നടക്കുമ്പോൾ റോഡ് ഉണ്ടായിരുന്നില്ല. എം.പി ഫണ്ട് ദുരുപയോഗം ചെയ്ത് 2011 ൽ ഇവിടേക്ക് റോഡ് നിർമ്മിച്ചു. പൊതുആവശ്യത്തിന് നിലം നികത്തണമെങ്കിൽ സർക്കാരിന്റെ അനുമതിയും സംസ്ഥാനതല നിരീക്ഷണ സമിതിയുടെ പരിശോധനയുമൊക്കെ വേണം. ഇതൊക്കെ മറികടന്നാണ് റോഡ് നിർമ്മിച്ചത്. പ്രാഥമികാന്വേഷണത്തിൽ റോഡ് നിർമ്മിച്ചതിനു പുറമേ റിസോർട്ടിന്റെ പാർക്കിംഗ് ഏരിയ ഉൾപ്പെടെ എട്ട് സ്ഥലങ്ങളിൽ നിലം നികത്തിയതായി കണ്ടെത്തി. ഇതുവരെയുള്ള അന്വേഷണത്തിൽ പൊതുജനസേവകർ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തെന്നും റിസോർട്ട് അധികൃതർക്ക് അന്യായമായ നേട്ടമുണ്ടാക്കിക്കൊടുത്തെന്നും കണ്ടെത്തിയിട്ടുണ്ട്.

അന്വേഷണം പ്രാഥമിക ഘട്ടത്തിലാണെന്നും ആഴത്തിലുള്ള അന്വേഷണം വേണമെന്നും സ്റ്റേറ്റ്മെന്റിൽ പറയുന്നു.

വിദേശമദ്യം കടത്തിയ കമ്പനി സഹകരിക്കുന്നില്ലെന്ന് കസ്റ്റംസ്

കൊച്ചി: അനധികൃതമായി വിദേശമദ്യം എയർപോർട്ടിനു പുറത്തേക്ക് കടത്തിയ കേസിൽ പ്ലസ് മാക്സ് കമ്പനി അധികൃതർ അന്വേഷണവുമായി സഹകരിക്കുന്നില്ലെന്ന് കസ്റ്റംസ് ഹൈക്കോടതിയിൽ അറിയിച്ചു.

വിദേശ നിർമ്മിത മദ്യം വ്യാജരേഖകളുണ്ടാക്കി പുറത്ത് കടത്തിയതിനെത്തുടർന്ന് തിരുവനന്തപുരം എയർപോർട്ടിലെ പ്ലസ് മാക്സ് ഡ്യൂട്ടി ഫ്രീ ഷോപ്പിന് ലൈസൻസ് നിഷേധിച്ചതിനെതിരെ കമ്പനി നൽകിയ ഹർജിയിലാണ് കൊച്ചി കസ്റ്റംസ് ജോയിന്റ് കമ്മിഷണർ അനീഷ് പി. രാജൻ സത്യവാങ്മൂലത്തിൽ ഇക്കാര്യം ബോധിപ്പിച്ചത്.

തട്ടിപ്പിൽ തിരുവനന്തപുരം എയർ കാർഗോ കോംപ്ലക്സ് സൂപ്രണ്ട് ലൂക്ക് കെ. ജോർജിനും എയർപോർട്ട് അതോറിട്ടി ഒഫ് ഇന്ത്യയിലെ ചില ഉദ്യോഗസ്ഥർക്കും പങ്കുണ്ടെന്ന് തെളിവു ലഭിച്ചിട്ടുണ്ട്.

KERALA KAUMUDI Classifieds കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

ചികിത്സ
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

ബാങ്ക് സ്വർണ്ണം
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96
98 47 30 11 58
രാധികാ ജ്വല്ലറി

നഷ്ടപ്പെട്ടു
KL 21 C 4436-ാം നമ്പർ വണ്ടിയുടെ ആർ.സി ബുക്ക് നഷ്ടപ്പെട്ടു. പരാതിയുള്ളവർ 15 ദിവസത്തിനകം നെടുമങ്ങാട് ആർ.ടിയുമായി ബന്ധപ്പെടുക.
ബി. സുലോചന

നഷ്ടപ്പെട്ടു
KL 01 CF 1780 ACTIVA 125 BS IV (RED) വാഹനത്തിന്റെ ആർ.സി ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ 15 ദിവസത്തിനകം തിരുവനന്തപുരം ആർ.ടി. ഒ.യെ വിവരം അറിയിക്കുക.
ജി. രാമു, 9744444369

ഉടൻ ആവശ്യമുണ്ട്
സൗദി അറേബ്യ പ്രമുഖ കമ്പനിയിലേക്ക് പ്ലംബർ, ഫോട്ടോ കോപ്പി ടെക്നീഷ്യൻ, Age : 22 - 35.
9995396958
Swirathconsultancy786@gmail.com

GAS PIPELINE INSTALLATION
CHIMNEY & HOB SALES & INSTALLATION
RT TRADERS, KUNJALUMMOODU.
Mobile : 7012863350, 9447243681.

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

നഷ്ടപ്പെട്ടു
എന്റെ S 226991 നമ്പർ പാസ്പോർട്ട് യാത്രാ മദ്ധ്യേ ആറ്റിങ്ങലിൽ നഷ്ടപ്പെട്ടു. പരാതിയുള്ളവർ തിരുവനന്തപുരം പാസ്പോർട്ട് ഓഫീസുമായി ബന്ധപ്പെടുക.
നിത്യരാധാകൃഷ്ണപിള്ള (രേഷ്മR.പിള്ള) സരസ്വതിഭവൻ ആലംകോട്-8281275377

CHANGE OF NAME
I, Nithya Radhakrishna Pillai, holder of Indian Passport No. S 226991, hereby change my name to Reshma R. Pillai.

നഷ്ടപ്പെട്ടു
എന്റെ പേരിലുള്ള KL 04 A 1666 യമഹ RX 100 മോട്ടോർ സൈക്കിളിന്റെ ആർ.സി. ബുക്കും SSLC ബുക്കും ആധാർ കാർഡും അടങ്ങിയ ബാഗ് നഷ്ടപ്പെട്ടു. ആർ.സി ബുക്ക് ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ നെയ്യാറ്റിൻകര ആർ.ടി.ഒ.യെ അറിയിക്കേണ്ടതാണ്.
ഹരികൃഷ്ണൻ. കെ.എസ്, 9744020013.

ടീച്ചറെ ആവശ്യമുണ്ട്
9th-ൽ പഠിക്കുന്ന CBSE Student-ന് Science, SS, Spoken English പഠിപ്പിക്കുന്നതിന് Lady Teacher-മാരെ ആവശ്യമുണ്ട്.
8138999890, 7559999884.

CHANGE OF NAME
I, AJUKUMAR SARITHA, holder of Indian Passport No. G 7361219, do hereby change my name to AJUKUMAR VIJAYAN as per my Aadhar No. 808654015011 for all purpose.

പ്രമാണം നഷ്ടപ്പെട്ടു
എന്റെ പിതാവായ ജോൺസൻ പേരിലുള്ള വെള്ളനാട് SRO വക 560/ 1985 -ാം നമ്പർ വിലയാധാരം (അരുവിക്കര വില്ലേജിൽ സർവ്വെ 2847/2) തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടുപോയി. ടി പ്രമാണത്തിന്റെ അടയാള സഹിതം പകർപ്പ് ഉപയോഗിച്ച് മുണ്ടേല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനും ക്രയവിക്രയങ്ങൾ ചെയ്യുന്നതിനും ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യതീയതി മുതൽ 15 ദിവസത്തിനകം ടി ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.
ബാബു.ജെ
സുമാഭവൻ, വെള്ളൂർക്കോണം
മഞ്ച പി.ഒ., നെടുമങ്ങാട്

DISTANCE EDUCATION
UGC, PSC, UPSC അംഗീകരിച്ചതും, UGC നിബന്ധന പ്രകാരമുള്ള യൂണിവേഴ്സിറ്റി പരിധിക്കകത്തും
BA BCom BSc MA MSc MCom MBA
തുടങ്ങിയ ഡിഗ്രി/പി.ജി. കോഴ്സുകൾ
ഏറ്റവും കുറഞ്ഞ ഫീസോടെ രജിസ്റ്റർ ചെയ്യുന്നതിനും, പാതിവഴിയിൽ ഡിഗ്രി/പി.ജി. പഠനം നിർത്തിയവർക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനും ബന്ധപ്പെടുക.
SIMS DISTANCE EDUCATION
MALAPPURAM : 8893 673433
KOCHI : 8893 853433
PALAKKAD : 9072 204040
KANNUR : 8893 703433
CALICUT : 8893 753433

കേരളകൗമുദി കളിക്കുടുക്ക കുട്ടികളുടെ വാരിക

ITI/KCGE അഡ്മിഷൻ
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്റേ-വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978 UBDACE INSTITUTIONS
കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

Member SAP Student Academy Program
SAP ACCOUNTING LOGISTICS
JOB ORIENTED TRAINING IN WORLD'S NO. 1 BUSINESS SOFTWARE WITH PLACEMENT SUPPORT
ELIGIBILITY : DEGREE (Course Completed)
1) SAP FICO/LOGISTICS-MM (Materials Mgmt.)/SD (Sales & Distribution) : 45 Days
2) SAP FICO + Tally ACE with GST/VAT + Corporate Accounting : 3 Months
3) SAP FICO + Tally PRO + Peachtree + QB + MS Office, Word, Exel + Softskill + Spoken English + Interview Sessions : 6 months
4) SAP FICO + Tally GURU + MS Office, Word, Exel + Softskill + Spoken English + Interview Sessions : 8 months
5) SAP MM/SD + Diploma in Logistics & International Trade : 4 months
ADMISSION OPEN | NO.1 SAP EDUCATION CENTRE IN KERALA
SAP & Tally AUTHORIZED CERTIFICATION | 9645012140 | 9809412140 | Ulloor | Trivandrum-11 | cokonetacademy.com | COKONET

പാർക്കിൻസൺസ് (PARKINSON'S DISEASE)
ശരീരം മുഴുവനായോ കൈകാലുകളിലോ ഉണ്ടാകുന്ന വിറയൽ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ വിറയൽ കൂടുന്ന അവസ്ഥ, നടക്കുമ്പോൾ ബാലൻസ് ഇല്ലാതായി വേഗം കൂടുകയോ കുറയുകയോ ചെയ്യുന്ന അവസ്ഥ, ഉറക്കക്കുറവ്, അമിതമായ ദേഷ്യം, അകാരണമായ ഭയം, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ പാർക്കിൻസൺസ് രോഗത്തിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും ഫലപ്രദമായ ശാസ്ത്രീയ ആയുർവ്വേദ ചികിത്സ വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ ലഭ്യമാണ്.
DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
Mezhathur, Pattambi, Palakkad (Dt)
E mail:info@viams.in Website:www.viams.in Ph: 0466 2270142, 09846362442, 09446456442

നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ
വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് 100% ആയുർവ്വേദ ചികിത്സ. ഇതിന്റെ ഉപയോഗത്താൽ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, നപുംസകത എന്നിവ മാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാനന്ദസുഖം അനുഭവിച്ചറിയൂ.
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം
ചികിത്സയ്ക്കായി ഫോൺ ചെയ്യുക
8750336928, 9540376105

തൊഴിലവസരം
കേന്ദ്രസർക്കാർ അംഗീകാരമുള്ള പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ പുതുതായി ആരംഭിക്കുന്ന STATUE ബ്രാഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
• MANAGERS – Package: ₹35,000 (Qualf. Degree & Above)
• CO-ORDINATORS – Package: ₹30,000 (Qualf. Pre-degree & above)
• OFFICE SECRETARY – (Females only)(Qualf. + 2 above) Pckg: ₹18000
• COMPANY PARTNERS – Package: ₹45,000 (Rtd. Govt. Employees and NRI's Preffered)
Age : 25 to 65
Contact : 8593813873, 8129216791

ആവശ്യമുണ്ട്
ഒരു പ്രമുഖ കേന്ദ്ര ധനകാര്യ സ്ഥാപനത്തിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്.
Manager : 6 Nos.
Qualification : ITA, Diploma, Degree.
Manager Trainee : 20 Nos.
Qualification : SSLC & Above
Ex-NRI, Housewives, Retd. employees എന്നിവർക്ക് മുൻഗണന.
Mobile : 6282863043, 6282335263.

URGENTLY REQUIRED
ഗവ. അംഗീകൃത പ്രമുഖ ധനകാര്യ സ്ഥാപനത്തിലേയ്ക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്.
TEAM MANAGER
Qualification : Degree & above, Age: 40 - 65 yrs, Pay pack : 30-35 k
Govt / Pvt retirees, Ex NRI, Pvt. employees & House wives preferred.
LIFE PLANNER
Qualification : SSLC/+2/Degree, Age: 30-45 yrs., Pay pack: 20-30 k
Call : 9605151411, 9847752804

കിടപ്പറയിലെ കുതിരശക്തിയ്ക്ക്
♦ 40-50-60 വയസ്സ് കഴിഞ്ഞവർക്ക് കൂടുതൽ ദൃഢതയും ബലവുമുള്ള ഉദ്ധാരണം കിട്ടാൻ സഫല ക്യാപ്സൂളും പൗഡറും.
♦ പ്രമേഹരോഗികളുടെ ലൈംഗിക പ്രശ്നങ്ങൾക്ക് പരിഹാരം. കരുത്തോടെ കൂടുതൽ നേരം ലൈംഗിക ബന്ധം ആസ്വദിക്കാം.
♦ ശീഘ്രസ്ഖലനത്തിന് ഫലപ്രദമായ പരിഹാരമാണ്. കിടപ്പറയിലെ ക്ഷീണം, തളർച്ച, താല്പര്യക്കുറവ് ഇവ മാറും.
സഫല ക്യാപ്സൂളും, പൗഡറും കൊറിയർ/തപാൽ മുഖേനയും ലഭ്യമാണ്
സഫല ക്യാപ്സൂളിനേയും പൗഡറിനേയും പറ്റി കൂടുതൽ അറിയാൻ വിളിക്കുക : 85929 66222

രോഗികൾ മാത്രം വായിക്കുക
• കൊല്ലം - ബുധനാഴ്ച
• കൊച്ചി - വ്യാഴം, വെള്ളി
തിരുവനന്തപുരം ശനി മുതൽ ചൊവ്വ വരെ
കൺസൾട്ടിംഗ് ഉണ്ടായിരിക്കുന്നതാണ്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീംഷാക്കിർ അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
2nd Floor, CDRC ബിൽഡിംഗ്, മണക്കാട് മാർക്കറ്റിന് എതിർവശം, തിരുവനന്തപുരം

തൊഴിൽ വാർത്തകൾ

കർണാടകയിൽ 100 നഴ്സ്, 169 പാരാമെഡിക്കൽ സ്റ്റാഫ്

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപറേഷന് കീഴിൽ കർണാടകയിലെ കൽബുർഗി യിലുള്ള ഹോസ്പിറ്റൽ, മെഡിക്കൽ/ ഡെന്റൽ / നഴ്സിങ് കോളേജ് എന്നിവയിൽ വിവിധ തസ്തികകളിലായി 269 ഒഴിവുകളുണ്ട്. കരാർ നിയമനമാണ്. ഇ.എസ്.ഐ.സി. ഹോസ്പിറ്റലിൽ 65, മെഡിക്കൽ കോളേജിൽ 52, ഡെന്റൽ കോളേജിൽ 47, നഴ്സിങ് കോളേജിൽ 5 എന്നിങ്ങനെയാണ് പാരാമെഡിക്കൽ ഒഴിവുകൾ. വാക്ഇന്റർവ്യൂവിനായുള്ള രജിസ്ട്രേഷൻ ഒക്ടോബർ 3ന് രാവിലെ 9 മണിക്ക് തുടങ്ങും. ഒക്ടോബർ 4,5 തീയതികളിലായി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടക്കും. വെബ്സൈറ്റ്: www.esic.nic.in/recruitments.

മ്യൂസിയം മൃഗശാല വകുപ്പിൽ



തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് തസ്തികയിൽ ഓഷൻ വിഭാഗത്തിൽ ഭിന്നശേഷിക്കാർക്കുള്ള താത്കാലിക ഒഴിവുണ്ട്. എസ്.എസ്.എൽ.സി പാസ്, ടൈപ്റൈറ്റിംഗ് ഇംഗ്ലീഷ് ലോവർ, മലയാളം ലോവർ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവർ, ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് ലോവർ, മലയാളം ലോവർ, എന്നിവയാണ് യോഗ്യത. 20,000-45800 രൂപ വേതനം ലഭിക്കും. വയസ് 18നും 41നും ഇടയിലായിരിക്കണം. ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 29 നകം പേര് രജിസ്റ്റർ ചെയ്യണം.

കേരള സർവകലാശാലയിൽ ഫീൽഡ് അസിസ്റ്റന്റ്

കേരള സർവകലാശാലയുടെ ബോട്ടണി വകുപ്പിൽ ഗ്രാഡ്യേറ്റ് ഫീൽഡ് അസിസ്റ്റന്റിന്റെ ഒരു ഒഴിവുണ്ട്. കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം.

ശമ്പളം: 18000 രൂപ യോഗ്യത: 60 ശതമാനം മാർക്കോടെ ബോട്ടണിയിലോ അഗ്രിക്കൾച്ചറിലോ ബി.എസ്സി. പ്രായം: 2018 ജനവരി 1-ന് 36 കവിയരുത്. സംവരണവിഭാഗക്കാർക്ക് നിയമാനുസൃതവയസ്സിളവ് ലഭിക്കും. രജിസ്ട്രേഷൻഫീസ്: 100 രൂപ. ഇത് കേരളയൂണിവേഴ്സിറ്റി ക്യാഷ് കൗണ്ടറിലോ ഫ്രൻഡ്സ്കേന്ദ്രങ്ങളിലോ നേരിട്ട് അടയ്ക്കാം. ഡി.ഡി. യായി അപേക്ഷയ്ക്കൊപ്പം അയയ്ക്കുന്നവർ Finance Officer, University of Kerala എന്ന പേരിൽ 110 രൂപയുടെ ഡി.ഡി. എടുക്കണം.

വിലാസം: Registrar, University of Kerala, Senate House Campus, Palayam, Thiruvananthapuram, Pin 695034. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് തസ്തികയുടെ പേരെഴുതണം. അപേക്ഷസ്വീകരിക്കുന്ന അവസാന തീയതി: സെപ്തംബർ 29. വെബ്സൈറ്റ്: www.keralauniversity.ac.in.

ഇ.ആർ.ഡി.ഒ എഡ്യുക്കേഷൻ റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ

എഡ്യുക്കേഷൻ റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (EDRO) 13634 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജില്ല എഡ്യുക്കേഷൻ കൺട്രോളർ- 13222, ബ്ലോക്ക് എഡ്യുക്കേഷൻ കൺട്രോളർ – 383 ബേസിക് ട്യൂഷൻ ടീച്ചർ – 29 തസ്തികകളിലാണ് നിയമനം. ഒക്ടോബർ 18 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.erdo.in

ഐ.സി.എസ്.ഐ.എൽ

ഇന്റലിജന്റ് കമ്യൂണിക്കേഷൻ സിസ്റ്റംസ് ഇന്ത്യ ലിമിറ്റഡ് (ICSIL) 50 തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു.

ന്യൂഡൽഹിയിലാണ് നിയമനം. കെയർ ടേക്കേഴ്സ്, ആയ തസ്തികകളിലാണ് നിയമനം. ഒക്ടോബർ 1 ആണ് അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക്: icsil.in. വിലാസം: Intelligent Communication Systems India Ltd. (ICSIL) Administrative Building, 1st Floor, Above Post Office, Okhla Industrial Estate, Phase-III, New Delhi-110020

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്

60000 ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് 60000 ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അസിസ്റ്റന്റ് ലോക്കോ പൈലറ്റ്, വാര്യസ് പോസ്റ്റ്സ് ഒഫ് ടെക്നീഷ്യൻസ് എന്നിങ്ങനെയാണ് തസ്തികകൾ. പത്താം ക്ലാസ് ആണ് അടിസ്ഥാന യോഗ്യത. ഐടിഐക്കാർക്ക് മുൻഗണന. പ്രായം: 18 മുതൽ 28 വരെ. ശമ്പളം: Rs. 19900/.

എഴുത്തുപരീക്ഷ, അഭിമുഖം, മെഡിക്കൽ ടെസ്റ്റ്, മെറിറ്റ് ലിസ്റ്റ്, ഡോക്യുമെന്റ് വെരിഫിക്കേഷൻ എന്നിവ വഴി തിരഞ്ഞെടുപ്പ്.

ഒക്ടോബർ 1 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.indianrailways.gov.in

കൊങ്കൺ റെയിൽവേ

കൊങ്കൺ റെയിൽവേ കോർപറേഷൻ ലിമിറ്റഡ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

മഹാരാഷ്ട്ര, ഗോവ, കർണ്ണാടക എന്നിവിടങ്ങളിലാണ് നിയമനം. എസ്എസ്ഇ/ ഇലക്ട്രിക്കൽ, എസ്ഇ/ സിവിൽ,

എസ്എസ്ഇ/ എസ്&ടി, എസ്എസ്ഇ/ മെക്കാനിക്കൽ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. ഒക്ടോബർ 18 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.kondanrailway.com

ഇന്ത്യൻ എയർ ഫോഴ്സ്

ഇന്ത്യൻ എയർ ഫോഴ്സ് അസിസ്റ്റന്റ് മാനേജർ, ജൂനിയർ ക്ലാർക്ക് തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഒക്ടോബർ 22 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.indianairforce.nic.in. വിലാസം: The Secretary, IAFBA, AFGIS Bhawan, Subroto Park, New Delhi – 110010

ഇന്ത്യൻ ആർമി

ഇന്ത്യൻ ആർമി വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു.

സോൾജിയർ ജനറൽ ഡ്യൂട്ടി, സോൾജിയർ ടെക്നിക്കൽ, സോൾജിയർ ടെക്നിക്കൽ, സോൾജിയർ നഴ്സിംഗ് അസിസ്റ്റന്റ്, സോൾജിയർ ക്ലാർക്ക്, സ്റ്റോർ കീപ്പർ ടെക്നിക്കൽ, സോൾജിയർ ട്രേഡ്സ്മാൻ തുടങ്ങിയ തസ്തികകളിലാണ് നിയമനം. ഒക്ടോബർ 30 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.joinindianarmy.nic.in. റാലി സ്ഥലം: ആഗ്ര, ആർമി റിക്രൂട്ട്മെന്റ് ഓഫീസ്. റാലി. നവംബർ 15 മുതൽ 27 വരെ.

കേരള സർവകാലാശാലയിൽ ഡ്രൈവർ, കണ്ടക്ടർ ഒഴിവുകൾ

വിദ്യാഭ്യാസ യോഗ്യത: SSLC, പ്രതിദിനം 685 രൂപ വരെ ശമ്പളം.

ഒക്ടോബർ 1 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് www.keralauniversity.ac.in

എൻജിനിയറിംഗ് കഴിഞ്ഞോ?

POSOCO യിൽ അവസരമുണ്ട്

(ട്രെയ്നിംഗ് വിജയകരമായി പൂർത്തിയാക്കുന്നവരെ സ്ഥിര നിയമനത്തിന് പരിഗണിക്കും. ശമ്പളം: 60000-180000 രൂപ)

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ സിസ്റ്റം ഓപ്പറേഷൻ കോർപറേഷൻ ലിമിറ്റഡിൽ എക്സിക്യൂട്ടീവ് ട്രെയിനിമാരുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഇലക്ട്രിക്കൽ, കംപ്യൂട്ടർ സയൻസ് എന്നീ വിഭാഗങ്ങളിലാണ് ഒഴിവ്. 2019-ലെ ഗേറ്റ് പരീക്ഷയുടെ സ്കോർ കൂടി അടിസ്ഥാനമാക്കിയാണ് പ്രവേശനം. ഇത് വിജയകരമായി പൂർത്തിയാക്കുന്നവരെ സ്ഥിര നിയമനത്തിന് പരിഗണിക്കും. ശമ്പളം: 60000-180000 രൂപ. യോഗ്യത: എക്സിക്യൂട്ടീവ് ട്രെയിനി(ഇലക്ട്രിക്കൽ): 65 ശതമാനം മാർക്കോടെ ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ (പവർ)/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്/ പവർ സിസ്റ്റംസ്/ എൻജിനീയറിങ്/ പവർ എൻജിനീയറിങ് (ഇലക്ട്രിക്കൽ) എന്നീ വിഷയങ്ങളിലേതിലെങ്കിലും ബി.ഇ./ ബി.ടെക്./ ബി.എസ്സി. (എൻജിനീയറിങ്) എക്സിക്യൂട്ടീവ് ട്രെയിനി (കംപ്യൂട്ടർ സയൻസ്): 65 ശതമാനം മാർക്കോടെ കംപ്യൂട്ടർ സയൻസ്/ കംപ്യൂട്ടർ എൻജിനീയറിങ്/ ഇൻഫർമേഷൻ ടെക്നോളജിയിൽ ബി.ഇ./ ബി.ടെക്./ ബി.എസ്സി. (എൻജിനീയറിങ്).



അപേക്ഷ ഒക്ടോബർ 15 വരെ www.posoco.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ അപേക്ഷ സ്വീകരിക്കും.

ഔഷധിയിൽ

കേരള സർക്കാർ സംരംഭമായ ഔഷധിയിൽ അവസരങ്ങൾ. ഷിഫ്റ്റ് ഓപ്പറേറ്റർ, അപ്രന്റീസ് തസ്തികയിലാണ് ഒഴിവ്. യോഗ്യത: 7ാം ക്ലാസ്. അവസാന തീയതി: ഒക്ടോബർ 1. കൂടുതൽ വിവരങ്ങൾക്ക്: www.oushadhi.org

ഇ.സി.ഐ.എൽ

ഇലക്ട്രോണിക്സ് കോർപറേഷൻ ഒഫ് ഇന്ത്യ ലിമിറ്റഡ് 506 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.
ഹൈദ്രാബാദിലാണ് നിയമനം. ജൂനിയർ ടെക്നിക്കൽ ഓഫീസർ, ജൂനിയർ കൺസൾട്ടന്റ് ഫീൽഡ് ഓപ്പറേഷൻ, ജൂനിയർ കൺസൾട്ടന്റ് ഫീൽഡ് ഓപ്പറേഷൻ തുടങ്ങിയ തസ്തികളിലാണ് ഒഴിവ്. സെപ്തംബർ 29 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.ecil.co.in. വിലാസം: Electronics Corporation of India Limited, ECIL (Post), Hyderabad – 500 062, Telangana State.

എയിംസ്

ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസ് രാജസ്ഥാനിലേക്ക് വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. റിസേർച്ച് സൈന്റിസ്റ്റ് - II (മെഡിക്കൽ) റിസേർച്ച് സൈന്റിസ്റ്റ് – II (നോൺ മെഡിക്കൽ), റിസേർച്ച് സൈന്റിസ്റ്റ് – I (മെഡിക്കൽ), റിസേർച്ച് സൈന്റിസ്റ്റ് I (നോൺ മെഡിക്കൽ), ലബോറട്ടറി ടെക്നീഷ്യൻ, റിസേർച്ച് അസിസ്റ്റന്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ, മൾട്ടിടാസ്ക് വർക്കർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കൂടുതൽ വിവരങ്ങൾക്ക്: www.aiimsjodhpur.edu.in

എയർപോർട്ട് അതോറിറ്റി ഒഫ് ഇന്ത്യ

എയർപോർട്ട് അതോറിറ്റി ഒഫ് ഇന്ത്യ 34 തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. സിഎൻഎസ് കൺസൾട്ടന്റ് തസ്തികയിലാണ് നിയമനം. ഈ മാസം 30 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.aai.aero. വിലാസം: General Manager (HR) Airports Authority of India, Regional Hqrs.- Northern Region, Operational Offices, Rangpuri, Gurgaon Road, New Delhi.

ഓറിയെന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

ഓറിയെന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (OICL) വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.
ഏജന്റ് തസ്തികയിലാണ് ഒഴിവ്. ഈ മാസം 30 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്:
www.orientalinsurance.org.in

ബോർഡർ സെക്യൂരിറ്റി ഫോഴ്സ്

ബോർഡർ സെക്യൂരിറ്റി ഫോഴ്സ് 224 തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. സബ് ഇൻസ്പെക്ടർ തസ്തികയിലാണ് ഒഴിവ്.
കൂടുതൽ വിവരങ്ങൾക്ക്: www.bsf.nic.in. വിലാസം: Dy. General (Staff), Directorate General, BSF, Block No.10, CGO Complex, Lodhi Road, New Delhi 111003. ഒക്ടോബർ 26 വരെ അപേക്ഷിക്കാം.

ഐ.വി.ആർ.ഐ

ഇന്ത്യൻ വെറ്റിറനറി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ജൂനിയർ റിസേർച്ച് ഫെലോ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 8 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.ivri.nic.in

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഡെപ്യൂട്ടേഷൻ/ കരാർ അടിസ്ഥാനത്തിൽ ചീഫ് എൻജിനിയറെ നിയമിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ ചേർത്ത് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ്: www.kshb.kerala.gov.in

എസ്.സി.ഇ.ആർ.ടി

എസ്.സി.ഇ.ആർ.ടി യിലെ 2018-2019 പോപ്പുലേഷൻ എഡ്യുക്കേഷൻ പ്രോജക്ടിലേക്ക് ഒരു ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒഴിവുണ്ട്. യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ www.scert.kerala.gov.in ൽ ലഭിക്കും.

Canara Bank
Canara Bank Securities Ltd

കാനറാ ബാങ്ക് സെക്യൂരിറ്റീസ് ലിമിറ്റഡ്

കാനറാ ബാങ്ക് സെക്യൂരിറ്റീസ് ലിമിറ്റഡ് റിസേർച്ച് അനലിസ്റ്റ്, കമ്പനി സെക്രട്ടറി, ഡീലർ ഇൻസ്റ്റിറ്റ്യൂഷണൽ ഡെസ്ക്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റ ബേസ് അഡ്മിനിസ്ട്രേറ്റർ, നെറ്റ്‌വർക്ക് അഡ്മിനിസ്ട്രേറ്റർ, ഡീലർ റീട്ടയിൽ ഡെസ്ക് തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. പ്രായ പരിധി: 30. ശമ്പളം: 22,500 – 57,000. സെപ്തംബർ 28 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.canmoney.in. വിലാസം: The Senior Manager, Canara Bank Securities Ltd, 701, 7TH Floor, Maker Chamber III, Nariman Point, Mumbai – 400021.

എൻ.പി.സി.സി

നാഷ്ണൽ പ്രൊജക്ട് കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. പ്രായ പരിധി: 40. ശമ്പളം: 20250/-. ഒക്ടോബർ 9 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.npcc.gov.in

എഫ്.എ.സി.ടി

ഫെർട്ടിലൈസേഴ്സ് കെമിക്കൽ ട്രാവൻകോർ ലിമിറ്റഡ് (FACT) വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൊച്ചിയിലാണ് നിയമനം. അസിസ്റ്റന്റ് (ജനറൽ), അസിസ്റ്റന്റ് (ഫിനാൻസ്) എന്നിങ്ങനെയാണ് ഒഴിവുകൾ. പ്രായപരിധി: 35. ഒക്ടോബർ 11 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.fact.co.in

ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്

ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, കംപ്യൂട്ടർ സയൻസ്, സിവിൽ വിഭാഗങ്ങളിലേക്ക് വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 10 വരെ അപേക്ഷിക്കാം. പ്രായപരിധി: 25. കൂടുതൽ വിവരങ്ങൾക്ക്: www.bel-india.com. വിലാസം: Manager (HR), Bharat Electronics Limited, Post-Box No.26, Ravindranath Tagore Road, Machilipatnam, Andhra Pradesh – 521001.

എൻ.പി.സി.ഐ.എൽ

ന്യൂക്ലിയർ പവർ കോർപറേഷൻ ഒഫ് ഇന്ത്യ ലിമിറ്റഡ് 59 തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ, നഴ്സ്, ടെക്നീഷ്യൻ, സ്റ്റെനോ, അസിസ്റ്റന്റ് ഗ്രേഡ്, തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. ഒക്ടോബർ 20 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.npcil.nic.in

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ

കേരള സർക്കാരിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ വിവിധ തസ്തികകളിലായി 84 ഒഴിവുകൾ. നഴ്സ്-22, അധ്യാപകർ-13, പാരാമെഡിക്കൽ സ്റ്റാഫ്, ക്ലാർക്ക്, ഓഫീസ് സ്റ്റാഫ് തുടങ്ങിയവയാണ് മറ്റൊഴിവുകൾ. കൂടുതൽ വിവരങ്ങൾക്ക്: www.ccrc.kerala.gov.in/career.php. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഒക്ടോബർ 1.

ടി.എച്ച്.ഡി.സി

ടെഹ്രി ഹൈഡ്രോ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് 100 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഫിറ്റർ – 08, ഇലക്ട്രീഷ്യൻ – 15, ഇലക്ട്രോണിക്സ് മെക്കാനിക്- 04, വയർമാൻ – 08, വെൽഡർ (ഗ്യാസ്& ഇലക്ട്രിക്) – 03, അപ്രന്റീസ് ഫുഡ് പ്രൊഡക്ഷൻ (കുക്കറി) – 03, സ്റ്റിവാർഡ്ഷിപ്-05, സെക്രട്ടേറിയൽ അസിസ്റ്റന്റ് – 20, കോപ്പ – 20, മെക്കാനിക് (ഡീസൽ) – 03, മെക്കാനിക് (എർത്തിംഗ് വിഷ്യനെറി) – 02

മെക്കാനിക് (റിപ്പയർ& മെയിന്റനൻസ് ഒഫ് ഹെവി വെഹിക്കിൾ) – 02, മെക്കാനിക് റിപ്പയർ& മെയിന്റനൻസ് ഒഫ് ലൈറ്റ് വെഹിക്കിൾ – 04 എന്നിങ്ങനെയാണ് ഒഴിവുകൾ. ഒക്ടോബർ 9 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.thdc.co.in. വിലാസം: Sr. Manager (P&A), THDC India Ltd, Bhagirathi Puram, Tehri Garhwal, (Uttarakhand), Tehri - 249124

കാൻഫിൻ ഹോംസ് ലിമിറ്റഡ്

കനറാ ബാങ്കിന്റെ കീഴിലെ കാൻഫിൻ ഹോംസ് ലിമിറ്റഡിൽ ജൂനിയർ ഓഫീസർ, സീനിയർ മാനേജർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. സെപ്തംബർ 29 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.canfinhomes.com

ഇന്ത്യാ പോസ്റ്റ്

ഇന്ത്യ പോസ്റ്റ് വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. സ്കിൽഡ് ആർട്ടിസാൻ, മെക്കാനിക്, ഇലക്ട്രീഷ്യൻ, ബ്ലാക്ക്സ്മിത്ത്, ടയർമാൻ, പെയിന്റർ, കാർപെന്റർ തുടങ്ങിയ തസ്തികകളിലാണ് നിയമനം. കൂടുതൽ വിവരങ്ങൾക്ക്: www.indiapost.gov.in.

വിലാസം: The Senior Manager, Mail Motor Services, 139, Beleghata Road, Kolkata-700015. നവംബർ 10 വരെ അപേക്ഷിക്കാം.

ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പ്ലാസ്മ റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് പ്ലാസ്മ റിസർച്ച് മൾട്ടിടാസ്കിംഗ് സ്റ്റാഫുകളുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: www.ipr.res.in. വിലാസം: Chief Administrative Officer, Institute for Plasma Research, Bhat, Gandhinagar - 382428. ഒക്ടോബർ 3 വരെ അപേക്ഷിക്കാം.

സി.സി.ആർ.ടി, 400 ഒഴിവ്

സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആൻഡ് ട്രെയിനിംഗ് 400 തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു.

ന്യൂഡൽഹിയിലാണ് നിയമനം. ജൂനിയർ ഫെലോഷിപ്- 200, സീനിയർ ഫെലൊഷിപ്- 200 എന്നിങ്ങനെയാണ് തസ്തികകൾ. ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾ: www.ccrtindia.gov.in. വിലാസം: The Director, CCRT, 15A, Sector-7, Dwarka, New Delhi-110075.

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്

ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ് 390 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.
മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ടെലികോം ആൻഡ് ഇൻസ്ട്രുമെന്റേഷൻ, ഹ്യൂമൻ റിസോഴ്സ്, അക്കൗണ്ട്സ് ഫിനാൻസ് തസ്തികകളിലാണ് ഒഴിവ്.

ഒക്ടോബർ 12 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.iocl.com

ആധാർ കേസിൽ വിധി ഇന്ന്

ന്യൂഡൽഹി: സർക്കാർ സേവനങ്ങൾക്കും പദ്ധതികൾക്കും ആധാർ നിർബന്ധമാക്കിയതിന്റെ ഭരണഘടനാസാധുത ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ സുപ്രീംകോടതി ഇന്ന് വിധി പ്രഖ്യാപിക്കും. ചീഫ് ജസ്റ്റിസ് ദീപക് മിശ്രയുടെ അദ്ധ്യക്ഷതയിലുള്ള അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് വിധി പറയുക. ആധാറിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ച 27 ഹർജികളാണ് കോടതിയുടെ പരിഗണനയിലുള്ളത്. സുപ്രീംകോടതിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ദിവസം വാദം നടന്ന രണ്ടാമത്തെ കേസാണ് ആധാറിന്റേത്. ജനവരി 17ന് തുടങ്ങിയ ഹർജിയിലെ വാദം മേയ് 10ന് നാണ് വിധി പറയാനായി മാറ്റിയത്.

www.keralakaumudi.com www.facebook.com/keralakaumudi

സാലറി ചലഞ്ച്: 'നോ'ക്കാരോട് കുട്ടികൾ ചോദിക്കും: മുഖ്യമന്ത്രി

ന്യൂഡൽഹി: സാലറി ചലഞ്ചിൽ പങ്കെടുക്കാത്ത രക്ഷിതാക്കൾ അവരുടെ കുട്ടികളുടെ ചോദ്യത്തിന് മറുപടി പറയേണ്ടി വരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സാലറി ചലഞ്ച് വിവാദങ്ങൾ മാദ്ധ്യമ സൃഷ്ടിയാണെന്നും അദ്ദേഹം പറഞ്ഞു. പ്രളയ ശേഷമുള്ള പുനർനിർമ്മിതിക്കായി ദീർഘകാല പദ്ധതിയും ഹ്രസ്വകാല പദ്ധതിയുമാണ് സർക്കാർ തയ്യാറാക്കിയത്. തകർന്ന വീടുകൾ നന്നാക്കാൻ പ്രിഫാബ്രിക്കേഷൻ അടക്കം യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയെടുക്കും. വീടുകൾ നഷ്ടമായ 700 ഓളം കുടുംബങ്ങൾ അതുവരെ ക്യാമ്പുകളിൽ തുടരും.

കുട്ടനാടിനെ പോലെ സമുദ്ര നിരപ്പിൽ നിന്ന് താഴെയുള്ള നോർവേയുടെ സാങ്കേതിക സഹായം സ്വീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനുള്ള കേന്ദ്രാനുമതി തേടിയിട്ടുണ്ട്. വിദേശ മലയാളികൾ നൽകുന്ന സഹായത്തിന് പല തരത്തിൽ സംവിധാനങ്ങൾ ഒരുക്കാമെന്ന നിർദ്ദേശത്തോട് പ്രധാനമന്ത്രി യോജിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ വിമാനത്താവളത്തിൽ വിദേശ വിമാന സർവ്വീസുകൾക്ക് ഇളവുകൾ നൽകാൻ ഇന്നലെയും പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി ഇന്ന് ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗിനെ കാണും.

'പാർലമെന്റ് നിയമമുണ്ടാക്കണം'

പ്രതികൾ മത്സരിക്കുന്നതും തടയണം: സുപ്രീംകോടതി

▸ അനിൽ.വി.ആനന്ദ്

ന്യൂഡൽഹി: ക്രിമിനൽ കേസുകളിൽ പ്രതിയാകുന്നവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത കൽപ്പിക്കാൻ പാർലമെന്റ് നിയമനിർമ്മാണം നടത്തണമെന്ന് സുപ്രീംകോടതി അഞ്ചംഗ ഭരണഘടനാ ബെഞ്ച് ഏകകണ്ഠമായി നിർദ്ദേശിച്ചു.

രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികളുടെ ക്രിമിനൽ പശ്ചാത്തലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് വിധിച്ചു.

ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെടുന്നവർക്ക് മാത്രമാണ് ജനപ്രാതിനിദ്ധ്യ നിയമപ്രകാരം നിലവിൽ മത്സരിക്കാൻ അയോഗ്യതയുള്ളത്. കൊലപാതകം, മാനഭംഗം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ ഹീനമായ കുറ്റകൃത്യങ്ങളിൽ പ്രതികളാകുന്നവരെയും അയോഗ്യരാക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച ഒരു കൂട്ടം ഹർജികൾ തീർപ്പാക്കിയാണ് ചീഫ്ജസ്റ്റിസ് ദീപക്മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന്റെ സുപ്രധാന വിധി. അയോഗ്യത കൽപ്പിക്കാനോ അതിനായി പാർലമെന്റിന് വേണ്ടി നിയമമുണ്ടാക്കാനോ കോടതിക്ക് കഴിയില്ല. അത് പാർലമെന്റാണ് ചെയ്യേണ്ടതെന്ന് കോടതി ചൂണ്ടിക്കാട്ടി.

രാഷ്ട്രീയത്തിലെ ക്രിമിനൽവത്കരണം തടയാനുള്ള മാർഗനിർദ്ദേശങ്ങളും ജസ്റ്റിസ്മാരായ എ. എം ഖാൻവിൽക്കർ, രോഹിന്റൺ നരിമാൻ, ഡി.വൈ ചന്ദ്രചൂഡ്, ഇന്ദുമൽഹോത്ര എന്നിവരും ഉൾപ്പെട്ട ബെഞ്ച് പുറപ്പെടുവിച്ചു.

അതേസമയം, ക്രിമിനൽ പശ്ചാത്തലമുള്ളവരെ മത്സരിപ്പിക്കുന്ന പാർട്ടികളുടെ രജിസ്ട്രേഷൻ റദ്ദാക്കണം, കേസിൽപ്പെട്ടവരെ പാർട്ടി ചിഹ്നത്തിൽ മത്സരിപ്പിക്കരുത് തുടങ്ങിയ നിർദ്ദേശങ്ങൾ തിരഞ്ഞെടുപ്പ് കമ്മിഷന് നൽകണമെന്ന ആവശ്യം കോടതി അംഗീകരിച്ചില്ല. ഇത് അയോഗ്യത കൽപ്പിക്കുന്നതിന് തുല്യമാകുമെന്നും അത് ജുഡിഷ്യറിയുടെ പരിധിയിലല്ലെന്നും കോടതി പറഞ്ഞു.

എല്ലാം ജനങ്ങളറിയണം

■ തിരഞ്ഞെടുപ്പ് കമ്മിഷന് നൽകുന്ന ഫോറത്തിൽ സ്ഥാനാർത്ഥികൾ എല്ലാവിവരവും രേഖപ്പെടുത്തണം.
■ ക്രിമിനൽ കേസുള്ളവരുടെ അംഗത്വം റദ്ദാക്കാനും അവർ മത്സരിക്കുന്നത് വിലക്കാനും രാഷ്ട്രീയ പാർട്ടികളെ നിർബന്ധിക്കുന്ന നിയമം കൊണ്ടുവരണം.
■ സ്ഥാനാർത്ഥികൾ തങ്ങളുടെ കേസുകളുടെ വിവരം പാർട്ടിയെ അറിയിക്കണം
■ സ്ഥാനാർത്ഥികളുടെ കേസുകളുടെ വിവരം പാർട്ടികൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം
■ നാമനിർദ്ദേശ പത്രിക നൽകിയതു മുതൽ മൂന്ന തവണയെങ്കിലും ഈ വിവരങ്ങൾ ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണം.

രാജ്യം കാത്തിരിക്കുന്നു

സ്ഥാനാർത്ഥികളുടെ ക്രിമിനൽ ചരിത്രം വെളിപ്പെടുത്താൻ രാഷ്ട്രീയ പാർട്ടികൾ നിർബന്ധിതമാകുമ്പോൾ രാഷ്ട്രീയ സംശുദ്ധി ഉറപ്പാകും. ഗുരുതരമായ ക്രിമിനൽ കേസുള്ളവർ രാഷ്ട്രീയത്തിൽ ഇടപെടുന്നത് തടയുന്നതിനുള്ള നിയമം പാർലമെന്റ് നിർബന്ധമായും ഉണ്ടാക്കണം. ആ നിയമത്തിനായി രാജ്യം കാത്തിരിക്കുകയാണ്. നിരപരാധികൾ പ്രതിയാക്കപ്പെടുന്നത് തടയുന്നത് പോലെ തന്നെ പ്രധാനമാണ് ക്രിമിനൽ കുറ്റം ചെയ്യുന്നവർ നിയമനിർമ്മാണത്തിൽ പങ്കാളിയാവുന്നത് തടയേണ്ടതും. കള്ളക്കേസിലൂടെ രാഷ്ട്രീയഭാവി നശിപ്പിക്കാൻ ശ്രമമുണ്ടാകുമെന്നത് ശരിയാണ്. ആ പ്രശ്നം പാർലമെന്റ് വ്യക്തമായ നിയമത്തിലൂടെ പരിഹരിക്കണം. കൈകൾ കെട്ടിയിരിക്കുന്ന ഇലക്ഷൻ കമ്മിഷനെ ശക്തിപ്പെടുത്താൻ പാർലമെന്റ് ഇടപെടേണ്ട സമയമാണിത്.
കോടതി നിയമം പ്രഖ്യാപിക്കുകയാണ്. പാലമെന്റാണ് നിയമമുണ്ടാക്കേണ്ടത്. ഭരണഘടനയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരായ കോടതി ആ നിലയിൽ പാർലമെന്റിനോട് നിയമനിർമ്മാണം ആവശ്യപ്പെടുകയാണ്.

രാജ്കുമാറിനെ തട്ടിക്കൊണ്ടുപോയ കേസിൽ വീരപ്പനെ വെറുതേവിട്ടു

■ വിധി വന്നത് ഇരയും പ്രധാനപ്രതിയും മരിച്ചതിനുശേഷം

വീരപ്പൻ

രാജ്കുമാർ

ചെന്നൈ: നടൻ രാജ്കുമാറിനെ 18 വർഷം മുമ്പ് തട്ടിക്കൊണ്ടുപോയ കേസിൽ വീരപ്പനടക്കമുള്ള ഒമ്പതു പ്രതികളെയും വെറുതേ വിട്ടു. ഈറോഡി ലെ ഗോബിചെട്ടിപ്പാളയം കോടതിയുടേതാണ് വിധി.

ഇരയും പ്രധാനപ്രതിയും മരിച്ച് വർഷങ്ങൾക്ക് ശേഷമാണ് പ്രതികളെ വെറുതേവിട്ടുകൊണ്ടുള്ള കോടതി ഉത്തരവ്. വീരപ്പനും കൂട്ടാളികൾക്കുമെതിരെ മതിയായ തെളിവുകൾ ഹാജരാക്കാൻ പ്രോസിക്യൂഷന് ആയില്ലെന്ന് അഡിഷണൽ ജില്ലാ ജഡ്ജി മണി ചൂണ്ടിക്കാണിച്ചു. വിചാരണ വേളയിൽ രാജ്കുമാറിന്റെ ബന്ധുക്കളാരും കോടതിയിൽ ഹാജരായില്ലെന്നും ജഡ്ജി വിധിപ്രസ്താവനത്തിനിടെ പറഞ്ഞു.

2000 ജൂലായ് 30-നാണ് തലവടിയിലെ ദൊഡ്ഡ ഗജ്നൂർ ഗ്രാമത്തിലുള്ള ഫാം ഹൗസിൽ കുടുംബത്തോടൊപ്പം തങ്ങുകയായിരുന്ന രാജ്കുമാറിനെ തട്ടിക്കൊണ്ടുപോയത്. 108 ദിവസം വനത്തിൽ തടങ്കലിൽ പാർപ്പിച്ച രാജ്കുമാറിനെ നവംബർ 15-നാണ് വിട്ടയച്ചത്. പ്രത്യേക ദൗത്യസംഘവുമായുള്ള ഏറ്റുമുട്ടലിൽ 2004 ലാണ് വീരപ്പൻ കൊല്ലപ്പെട്ടത്. 2006ൽ രാജ്കുമാറും മരിച്ചു.

'കളി തുടങ്ങിയിട്ടേയുള്ളൂ, ഇനിയാണ് കാര്യങ്ങൾ'

റാഫേലിൽ മോദിയെ കടന്നാക്രമിച്ച് രാഹുൽ

ന്യൂഡൽഹി: റാഫേലുമായി ബന്ധപ്പെട്ട് ഇതുവരെയുണ്ടായത് തുടക്കം മാത്രമാണെന്നും വരും ദിവസങ്ങളിൽ കൂടുതൽ കാര്യങ്ങൾ പുറത്തു വരുമെന്നും രാഹുൽ ഗാന്ധി പറഞ്ഞു. തന്റെ മണ്ഡലമായ അമേഠിയിൽ ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിനുശേഷം മാദ്ധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു സ്വകാര്യ കമ്പനിക്കു ലാഭം നേടി കൊടുക്കുന്ന തരത്തിലാണ മോദി പ്രവർത്തിച്ചതെന്ന കുറ്റപ്പെടുത്തിയ രാഹുൽ, മോദിക്കും കേന്ദ്രത്തിനുമെതിരായ ആരോപണങ്ങൾ ആവർത്തിച്ചു. കളി തുടങ്ങിയിട്ടേയുള്ളൂ. വരും ദിവസങ്ങളിൽ കാര്യങ്ങൾ കൂടുതൽ രസകരമാകും. അടുത്ത രണ്ടുമൂന്ന് മാസങ്ങളിൽ, റാഫേൽ, വിജയ് മല്ല്യ, ലളിത് മോദി, നോട്ടുനിരോധനം, ഗബ്ബാർ സിംഗ് ടാക്സ് ഇങ്ങനെയെല്ലാം പുറത്തു വരും. മോദി വെറും കാവൽക്കാരൻ മാത്രമല്ലെന്നും കള്ളൻ തന്നെയാണെന്നും കാണാനിരിക്കുന്നതേയുള്ളൂ. രാഹുൽ ആഞ്ഞടിച്ചു.

അതേസമയം, രാഹുൽ യോഗത്തിൽ പങ്കെടുക്കാനെത്തുംമുൻപു കലക്ടറേറ്റ് പരിസരത്തു ബി.ജെ.പി, കോൺഗ്രസ് പ്രവർത്തകർ മുദ്രാവാക്യം വിളികളുമായി സംഘടിച്ചത് സംഘർഷാവസ്ഥ സൃഷ്ടിച്ചു. പൊലീസ് ഇടപെട്ടാണ പ്രവർത്തകരെ സ്ഥലത്തുനിന്ന് മാറ്റിയത്.

മുത്തലാഖ് ഓർഡിനൻസിന് എതിരെ ഹർജി

ന്യൂഡൽഹി: മുത്തലാഖ് ക്രിമിനൽ കുറ്റമാക്കി കേന്ദ്രസർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സുപ്രീംകോടതിയെ സമീപിച്ചു. ഓർഡിനൻസ് ഭരണഘടനാ വിരുദ്ധമാണെന്ന് ഹർജിയിൽ ആരോപിച്ചു. അടിയന്തര ഘട്ടങ്ങളിൽ നിയമനിർമാണം നടത്താനുള്ള രാഷ്ട്രപതിക്കുള്ള പ്രത്യേക അധികാരമാണ് ഓർഡിനൻസ്. എന്നാൽ മുത്തലാഖ് ക്രിമിനൽ കുറ്റമാക്കുന്ന വിധത്തിൽ ഓർഡിനൻസിറക്കേണ്ട അടിയന്തര സാഹചര്യം ഇപ്പോഴില്ലെന്നും സമസ്ത ജനറൽ സെക്രട്ടറി കെ. ആലിക്കുട്ടി മുസ്ല്യാർ ഹർജിയിൽ ചൂണ്ടിക്കാട്ടി. വിവാഹമോചനം മുസ്ലിങ്ങൾക്കു മാത്രം ക്രിമിനൽ കുറ്റമാക്കിയത് വിവേചനമാണ്. ഓർഡിനൻസിൽ മുത്തലാഖ് ചൊല്ലുന്ന 'മുസ്ലിം ഭർത്താവ്' എന്ന് എടുത്തു പറഞ്ഞതിലൂടെ മറ്റുമതക്കാർ ശിക്ഷിക്കപ്പെടില്ലെന്ന് വ്യക്തമാണെന്നും ഹർജിക്കാർ വാദിച്ചു.

വായ്പാ തട്ടിപ്പ് വമ്പന്മാരുടെ പട്ടികയിലേക്ക് ഗുജറാത്തിൽനിന്ന് നിതിൻ സന്ദേശരയും

■ 5000 കോടിയുടെ വായ്പ തട്ടിച്ച് നൈജീരിയയിലേക്ക് കടന്നതായി റിപ്പോർട്ട്
■ കോൺഗ്രസിനെതിരെ പരോക്ഷ വിമർശനവുമായി ഇ.ഡി

ന്യൂഡൽഹി: ഇന്ത്യയിൽ 5000 കോടിരൂപയുടെ വായ്പാതട്ടിപ്പ് നടത്തി ഗുജറാത്ത് വ്യവസായി നിതിൻ സന്ദേശര നൈജീരിയയിലേക്ക് മുങ്ങിയ സംഭവത്തിൽ കോൺഗ്രസിനെയും യു.പി.എ സർക്കാരിനെയും പരോക്ഷമായി വിമർശിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ ട്വിറ്റർ കുറിപ്പ്. കേസിൽ അറസ്റ്റിലായ ഗഗൻ ധവാന് വായ്പ നൽകുന്ന കാലത്തെ അധികാര കേന്ദ്രങ്ങളുമായി അടുത്ത ബന്ധമുണ്ടെന്ന് ട്വീറ്റിൽ പറയുന്നു. വായ്പാ തട്ടിപ്പിനെക്കുറിച്ച് നടക്കുന്ന അന്വേഷണം സംബന്ധിച്ചാണ് ഇ.ഡി ട്വീറ്റ് ചെയ്തത്. അതേസമയം, നിതിന് വേണ്ടിയുള്ള അന്വേഷണം ഊർജിതമാക്കി.

നിതിൻ സന്ദേശര

നിതിൻ സന്ദേശര

നിതിൻ ജയന്തിലാൽ സന്ദേശര എന്ന് മുഴുവൻ പേര്. വയസ് 56. നിലവിൽ, സ്റ്റെർലിംഗ് ഇന്റർനാഷണൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ ചെയർമാനും സ്റ്റെർലിംഗ് ബയോടെക്കിന്റെ സിഇഒയും മാനേജിംഗ് ഡയറക്ടറുമാണ് നിതിൻ. ചാർട്ടേഡ് അക്കൗണ്ടന്റ്. മുംബയ് സർവകലാശാലയിൽ നിന്ന് കൊമേഴ്സ് ബിരുദം.

കേസ് ഇങ്ങനെ

■ ആന്ധ്രാ ബാങ്കിന്റെ കൺസോർഷ്യത്തിൽ നിന്നു സ്റ്റെർലിംഗ് ബയോടെക് വായ്പയെടുത്ത 5000 കോടിയിലേറെ രൂപ തിരിച്ചടച്ചില്ല.
■ 2018 ജൂണിൽ സ്റ്റെർലിംഗ് ബയോടെക്കിനും അനുബന്ധ കമ്പനികൾക്കുമെതിരെ ഇ.ഡിയും സി.ബി.ഐയും കേസെടുത്തു.
■ 2016 ഡിസംബർ 31 ലെ കണക്കുപ്രകാരം കമ്പനിയുടെ മൊത്തം കുടിശിക 5383 കോടി രൂപ
■ ഡൽഹിയിലെ വ്യവസായി ഗഗൻ ധവാൻ, ആന്ധ്ര ബാങ്ക് മുൻ ഡയറക്ടർ അനൂപ് ഗാർഗ്, സ്റ്റെർലിംഗ് ബയോടെക് ഡയറക്ടർ രാജ്ഭൂഷൺ ദീക്ഷിത് എന്നിവരെ നേരത്തേ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു.

ഗുജറാത്ത് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റെർലിംഗ് ബയോടെക് എന്ന ഔഷധ നിർമ്മാണ കമ്പനി ഉടമകളാണ് തട്ടിപ്പ് നടത്തിയ നിതിൻ സന്ദേശര, സഹോദരൻ ചേതൻ സന്ദേശര എന്നിവർ. ഇവരുടെ 4703 കോടി രൂപ വിലമതിക്കുന്ന സ്വത്തുക്കൾ കണ്ടുകെട്ടിയെന്ന് ഇ.ഡി അറിയിച്ചു. ഇരുവർക്കുമെതിരെ ലുക്ക് ഔട്ട് നോട്ടീസുകൾ പുറത്തിറക്കി. 2004-12 കാലഘട്ടത്തിൽ തട്ടിപ്പ് നടന്നതായാണ് റിപ്പോർട്ട്. വിജയ് മല്യ, നീരവ് മോദി, മെഹുൽ ചോക്സി തുടങ്ങി വൻ വായ്പാതട്ടിപ്പുകൾ നടത്തി രാജ്യവിട്ട വമ്പൻമാരുടെ നിരയിലേക്കാണ് നിതിൻ സന്ദേശരയുടെ പേരും ഉൾപ്പെടുന്നത്. എന്നാൽ, വിവാദമായ ഈ വായ്പാതട്ടിപ്പുകളൊന്നും തങ്ങളുടെ കാലത്തു നടന്നതല്ലെന്നും യു.പി.എ കാലത്തെ തട്ടിപ്പുകളിൽ ഉൾപ്പെട്ടവർക്കെതിരെ തങ്ങളാണ് നടപടി സ്വീകരിച്ചതെന്നുമാണ് ഇക്കാര്യത്തിൽ ബി.ജെ.പിയുടെ നിലപാട്.

റാഫേൽ: കോൺഗ്രസിന്റെ അട്ടിമറി വാധ്രയ്ക്ക് വേണ്ടിയെന്ന് ബി.ജെ.പി

ഗജേന്ദ്ര ശെഖാവത്

ന്യൂഡൽഹി: റാഫേൽ ഇടപാട് അട്ടിമറിക്കാൻ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി ശ്രമിക്കുന്നത് പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാധ്രയ്ക്കു വേണ്ടിയാണെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര ശെഖാവത് ആരോപിച്ചു.

റോബർട്ട് വാധ്രയ്ക്കു ബന്ധമുള്ള കമ്പനിയെ ഇടനിലക്കാരാക്കാൻ വിസമ്മതിച്ചതു കൊണ്ടാണ് മുമ്പ് യു.പി.എ സർക്കാർ ഫ്രാൻസുമായുള്ള റാഫേൽ കരാർ റദ്ദാക്കിയതെന്നും ശുദ്ധ ലോഹ ചനയിൽ ഫ്രഞ്ച് മുൻ പ്രസിഡന്റ് ഫ്രാൻസ്വ ഒലോന്ദിന് പങ്കുണ്ടെന്നും ശെഖാവത് പറഞ്ഞു.

മുകേഷ് തന്നെ സമ്പന്നൻ

മുംബയ്: ഇന്ത്യയിൽ ശതകോടീശ്വരന്മാരുടെ എണ്ണം കൂടുന്നു. ബാർക്ലെയ്സ് ഹുരുൺ ഇന്ത്യാ റിച്ച് ലിസ്റ്റ് പ്രകാരം 601 പുതിയ കോടീശ്വരന്മാരാണ് 2014 ന് ശേഷം ലിസ്റ്റിൽ ഇടം നേടിയത്. തുടർച്ചയായ 7-ാം തവണയും മുകേഷ് അംബാനി തന്നെയാണ് ഒന്നാമത്. 371,000 കോടിയുടെ ആസ്തിയാണ് മുകേഷ് അംബാനിക്കുള്ളത്. ഹിന്ദുജ, എൽ.എൻ. മിത്തൽ, അസിം പ്രേംജി, ദിലീപ് സംഘ്‌വി, സൈറസ് എസ് പൂനവാല, ഉദ്യ കൊടാക്, ഗൗതം അദാനി, സൈറസ് പി. മിസ്ത്രി, ഷപൂർ മിസ്ത്രി എന്നിവരാണ് ആദ്യത്തെ പത്തു സമ്പന്നർ.

ഹിമാചലിൽ കുടുങ്ങിയ 45 ഐ.ഐ.ടി വിദ്യാർത്ഥികൾ സുരക്ഷിതർ, കനത്ത മഴ തുടരുന്നു

ന്യൂഡൽഹി: ഹിമാചലിൽ ട്രക്കിംഗിനിടെ പ്രളയത്തിൽ അകപ്പെട്ട 45 റൂർക്കി ഐ.ഐ.ടി വിദ്യാർത്ഥികൾ സുരക്ഷിതരാണെന്ന് ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി ജയ്റാം താക്കൂർ അറിയിച്ചു. വിദ്യാർത്ഥികൾ ഉൾപ്പെടെ 50 പേരാണ് ട്രക്കിംഗ് സംഘത്തിലുണ്ടായിരുന്നത്. ഇവരെ ഇന്ന് രക്ഷപ്പെടുത്തുമെന്നാണ് സൂചനകൾ. കുളുവിലെ ഹമാത്ത ട്രക്കിംഗ് മേഖലയിൽ നിന്ന് മണാലിയിലേക്ക് തിരിക്കുകയായിരുന്നെന്ന് സംഘം അറിയിച്ചിരുന്നു. എന്നാൽ, ഇതിന് ശേഷം ഇവരുമായുള്ള ബന്ധം നഷ്ടപ്പെടുകയായിരുന്നു. അതേസമയം, മണാലിയിൽ കുടുങ്ങിയ കൊല്ലക്കോട് നിന്നുള്ള 30 അംഗ സംഘവും സുരക്ഷിതരാണെന്നാണ് വിവരം.

ശനിയാഴ്ച ആരംഭിച്ച കനത്ത മഴയിലും മഞ്ഞ് വീഴ്ചയിലും മണ്ണിടിച്ചിലിലും പെട്ട് ഹിമാചൽപ്രദേശിലും പഞ്ചാബിലും ജമ്മുകാശ്മീരിലുമായി 11 ഓളം പേർ മരിച്ചു. ചമേരാ അണക്കെട്ടിൽ ജലനിരപ്പ് ഉയർന്നു. ബ്യാസ് നദി കരകവിഞ്ഞു. റോഡുകളും പാലങ്ങളും ഒലിച്ചുപോയി.

മണ്ണിടിച്ചിലിൽ വീടുകൾ തകർന്നുവീണു. പലയിടത്തും ഗതാഗതം സ്തംഭിച്ചു. ഹിമാചൽപ്രദേശ്, ജമ്മു കാശ്മീർ, ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. കൃഷി വ്യാപകമായി നശിച്ചു. വെള്ളപ്പൊക്കത്തിൽ വലിയ വാഹനങ്ങൾ ഉൾപ്പെടെ ഒഴുകിപ്പോകുന്നതും കനത്ത മഴയും മഞ്ഞുവീഴ്ചയും രക്ഷാപ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുകയാണ്.

പ്രളയത്തിൽ കുടുങ്ങി കാർത്തിയും സംഘവും

ഹിമാചൽ പ്രദേശിലെ പ്രളയത്തിൽ തമിഴ് നടൻ കാർത്തിയും സംഘവും അകപ്പെട്ടതായി റിപ്പോർട്ട്. കാർത്തിയും രാകുൽ പ്രീത് സിംഗും പ്രധാന വേഷങ്ങളിലെത്തിയ ദേവിന്റെ അണിയറ പ്രവർത്തകർ കുളുവിലും മണാലിയിലുമായി കുടുങ്ങിയതായി കാർത്തി തന്നെയാണ് പുറംലോകത്തെ അറിയിച്ചത്. ശരിക്കും കഷ്ടത്തിലായത് ഞങ്ങളുടെ 140 ഓളം വരുന്ന അണിയറ പ്രവർത്തകരാണ്. മലമുകളിൽ യാതൊരു ആശയവിനിമയ സൗകര്യവും ഇല്ലാതെ അവർ കുടുങ്ങിക്കിടക്കുകയാണ് - കാർത്തി ട്വീറ്റ് ചെയ്തു.

ബ്യാസ് നദി കരകവിഞ്ഞപ്പോൾ

വിവിധം

പരിസ്ഥിതി ആഘാതപഠനം നിർബന്ധം: ദേശീയ ഹരിത ട്രൈബ്യൂണൽ

ക്വാറികൾക്ക് കർശന നിയന്ത്രണം

ന്യൂഡൽഹി: ക്വാറികൾക്കും ചെറുകിട ഖനനത്തിനും കർശന നിയന്ത്രണം ഏർപ്പെടുത്തി ദേശീയ ഹരിത ട്രൈബ്യൂണൽ വിധി. 25 ഹെക്ടർ വരെയുള്ള ക്വാറികൾക്കും ചെറുകിട ഖനനത്തിനും അനുമതി ലഭിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തണം. പൊതുജനാഭിപ്രായം തേടുന്നതും നിർബന്ധമാക്കി.

ക്വാറികൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനായാണ് ജസ്റ്റിസ് എ.കെ ഗോയൽ അദ്ധ്യക്ഷനായ ട്രൈബ്യൂണൽ പുതിയ ഉത്തരവിറക്കിയത്. ക്വാറികൾക്ക് പാരിസ്ഥിതിക അനുമതി നൽകാൻ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലങ്ങളിൽ രൂപീകരിച്ച സമിതികളും ട്രൈബ്യൂണൽ റദ്ദാക്കി.

വിധി അനുസരിച്ച് ക്വാറികൾ അനുമതിക്കായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണയ അതോറിട്ടിയെയോ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയോ സമീപിക്കണം. ജില്ലാ തലങ്ങളിൽ പരിസ്ഥിതി വിദഗ്ദ്ധരുടെ അഭാവം ചൂണ്ടിക്കാട്ടിയാണിത്.

നിയന്ത്രണങ്ങൾ ഒഴിവാക്കാനായി ക്വാറികൾ വിഭജിച്ച് ലൈൻസിന് അപേക്ഷിക്കുന്നത് ഗൗരവത്തോടെ കാണണമെന്നും ഉത്തരവിൽ പറയുന്നു. 2016 ജനുവരിയിലെ പഴയ ഉത്തരവ് പരിഷ്കരിച്ചാണ് ട്രൈബ്യൂണലിന്റെ പുതിയ വിധി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് ട്രൈബ്യൂണൽ നിർദേശം നൽകി.

ബസും ബൈക്കും കൂട്ടിയിടിച്ച് കായിക മത്സരത്തിനുപോയ 2 വിദ്യാർത്ഥികൾ മരിച്ചു

മുഹമ്മദ് റഫാൽ

സൻജു

നിലമേൽ: സ്വകാര്യബസും ബൈക്കും കൂട്ടിയിടിച്ച് മടത്തറ പരുത്തി ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളായ മടത്തറ ഇലവുപാലം എസ്.എൻ നിവാസിൽ മുഹമ്മദ് റഫാൽ (17), ചിതറ ബൗണ്ടർമുക്ക് മഹാഗണിരമ്യാഭവനിൽ സൻജു (17) എന്നിവർ മരിച്ചു

കടയ്ക്കൽ-മടത്തറ റോഡിൽ പാങ്ങൽകാട് ജംഗ്ഷന് സമീപം ചൊവ്വാഴ്ച രാവിലെ 9 നായിരുന്നു അപകടം.

ചടയമംഗലത്ത് നടന്ന സബ് ജില്ലാ കായിക മത്സരങ്ങളിൽ പങ്കെടുക്കാൻ പോകുകയായിരുന്നു ഇരുവരും. ബൈക്ക് ഓടിച്ചിരുന്ന മുഹമ്മദ് റഫാൽ സംഭവസ്ഥലത്തും സൻജു തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുമാണ് മരിച്ചത്.

സ്വകാര്യ ബസിന്റെ അമിത വേഗമാണ് അപകടകാരണമെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. കടയ്ക്കലിൽ നിന്ന് ചിതറയിലേക്ക് പോകുകയായിരുന്നു ബസ്.

ഷറഫുദ്ദീൻ-റസീന ദമ്പതികളുടെ മകനാണ് മുഹമ്മദ് റഫാൽ. സഹോദരി ഷാഹിന. സമു-രമണി ദമ്പതികളുടെ മകനാണ് സൻജു. സഹോദരൻ സജിത്.

ജനാധിപത്യമൂല്യങ്ങൾ തകരുമ്പോൾ മാദ്ധ്യമങ്ങൾ മൗനമാകില്ല; വി. എസ്

തിരുവനന്തപുരം: ജനാധിപത്യമൂല്യങ്ങൾ തകരുമ്പോൾ മാദ്ധ്യമങ്ങൾക്ക് മൗനം പാലിക്കാനാവില്ലെന്നും നാടുകടത്തപ്പെട്ടാലും നാട്ടുകാരെ നേരറിയിക്കുകയാണ് മാദ്ധ്യമ ധർമ്മമെന്നും ഭരണപരിഷ്കാര കമ്മിഷൻ അദ്ധ്യക്ഷൻ വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. പ്രസ്ക്ലബിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാടുകടത്തൽ വാർഷികാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വദേശാഭിമാനി ദളിതർക്കെതിരായിരുന്നു എന്ന പ്രചാരണം തെറ്റാണെന്ന് മാദ്ധ്യമപ്രവർത്തകൻ എം.ജി രാധാകൃഷ്ണൻ പറഞ്ഞു. പ്രസ്ക്ലബ് പ്രസിഡന്റ് ജി. പ്രമോദ് അദ്ധ്യക്ഷനായി. സെക്രട്ടറി എം. രാധാകൃഷ്ണൻ ആമുഖം പറഞ്ഞു.

കായിക രംഗത്തെ വികസനത്തിനുള്ള രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ അവാർഡ് ഇഷാ ഔട്ട്റീച്ചിനു വേണ്ടി സദ്ഗുരു ജഗ്ഗി വാസുദേവ് രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്ന് സ്വീകരിക്കുന്നു

മെസി അർജന്റീനയ്ക്കുവേണ്ടി കളിക്കും

ബ്യൂണസ് അയേഴ്സ്: ലോകകപ്പിലെ പുറത്താകലിനശേഷം ദേശീയ ടീമിലെ തന്റെ സ്ഥാനത്തെക്കുറിച്ച് മനസ് തുറന്നിട്ടില്ലാത്ത ലയണൽ മെസിഇനിയും അർജന്റീനയ്ക്കുവേണ്ടികളിക്കുമെന്ന്അർജന്റീനാ ഫുട്ബാൾ ഫെഡറേഷൻ പ്രസിഡന്റ് ക്ലോഡിയോ ടാപിയ അറിയിച്ചു. ലോകകപ്പിന് ശേഷം ഇതുവരെ മെസി അർജന്റീനാ കുപ്പായത്തിലിറങ്ങിയിട്ടില്ല. ഒക്ടോബറിൽ ബ്രസീലിനും സൗദിക്കും എതിരായ സൗഹൃദ മത്സരങ്ങളിലും മെസി കളിക്കില്ല.

www.keralakaumudi.com www.facebook.com/keralakaumudi

കായിക അഭിമാന നിമിഷങ്ങൾ : ഇന്നലെ രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ മലയാളികളായ ബോബി അലോഷ്യസ് ധ്യാൻചന്ദ് അവാർഡും ജിൻസൺ ജോൺസൺ അർജ്ജുന അവാർഡും ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്ടൻ വിരാട് കൊഹ്‌ലി രാജീവ്ഗാന്ധി ഖേൽരത്ന പുരസ്കാരവും രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്ന് ഏറ്റുവാങ്ങുന്നു

■ വരുമാനത്തെ ചൊല്ലി തർക്കം

കാര്യവട്ടത്തെ കളി കയ്യാലപ്പുറത്ത്

▸ അൻസാർ എസ്. രാജ്

തിരുവനന്തപുരം : കാര്യവട്ടം സ്പോർട്സ് ഹബിൽ നവംബർ ഒന്നിന് നടക്കേണ്ട ഇന്ത്യയും വെസ്റ്റ് ഇൻഡീസും തമ്മിലുള്ള ഏകദിന ക്രിക്കറ്റ് മത്സരം വരുമാന വീതം വയ്പിനെചൊല്ലിയുള്ള തർക്കത്തെ തുടർന്ന് പ്രതിസന്ധിയിൽ. സ്റ്റേഡിയത്തിനകത്തും പുറത്തുചുമുള്ള പരസ്യ ബോർഡുകളുടെയും കോർപ്പറേറ്റ് ബോക്സുകളുടെയും വരുമാന വിഹിതം സ്റ്റേഡിയം അധികൃതരായ കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ് ആവശ്യപ്പെട്ടതാണ് തർക്കത്തിന് കാരണമായിരിക്കുന്നത്. എന്നാൽ ഈ വരുമാനം തങ്ങൾക്കുള്ളതാണെന്നും ഇത് വീതിക്കാനാവില്ലെന്നും കേരള ക്രിക്കറ്റ് അസോസിയേഷൻ നിലപാടെടുത്തിരിക്കുകയാണ്.

ഇന്നലെ കെ. സി. എ ജനറൽ ബോഡി യോഗം ചേർന്ന് സ്റ്റേഡിയം അധികൃതരുടെ ആവശ്യത്തിന് വഴങ്ങേണ്ട എന്ന നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ഇന്ത്യയിൽ എല്ലായിടത്തും പരസ്യ പലകകളുടെയും കോർപ്പറേറ്റ് ബോക്സുകളുടെയും വരുമാനം അതത് ക്രിക്കറ്റ് അസോസിയേഷനുകൾക്കാണെന്നും അത് വിട്ടുനൽകാനാവില്ലെന്നുമാണ് കെ. സി. എ നിലപാട്. സ്റ്റേഡിയം അധികൃതർ വരുമാനത്തിന് വാശി പിടിച്ചാൽ മത്സരം ഉപേക്ഷിക്കേണ്ടി വരുമെന്ന് കെ. സി. എ സെക്രട്ടറി ജയേഷ് ജോർജ് വ്യക്തമാക്കിയിട്ടുണ്ട്. മത്സരം ഉപേക്ഷിച്ചാൽ നാലരക്കോടി രൂപയുടെ നഷ്ടമാണുണ്ടാകുക.

കാര്യവട്ടത്തെ ആദ്യ അന്താരാഷ്ട്ര ഏകദിനമാണ് കേരളപ്പിറവി ദിനത്തിലേത്. കഴിഞ്ഞവർഷം ഇന്ത്യയും ന്യൂസിലൻഡുമായി ട്വന്റി-20 മത്സരം ഇവിടെ നടന്നിരുന്നു. ഏറെ വിവാദങ്ങൾക്കൊടുവിലാണ് ഈ ഏകദിനം കാര്യവട്ടത്തേക്ക് എത്തിയത്. ബി. സി. സി. ഐ മത്സരത്തിന് വേദിയായി ആദ്യം പ്രഖ്യാപിച്ചത് കൊച്ചിയായിരുന്നു. എന്നാൽ കളി തിരുവനന്തപുരത്ത് നടത്തണമെന്ന ആരാധകരുടെ മുറവിളി ശക്തമായപ്പോൾ സംസ്ഥാന സർക്കാർ ഇടപെട്ട് വേദി മാറ്റുകയായിരുന്നു.

നവംബറിൽ നടക്കേണ്ട മത്സരത്തിനായി സ്റ്റേഡിയത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. ക്യൂറേറ്റർ ബിജു വിന്റെ നേതൃത്വത്തിൽ ഒരുക്കുന്ന പിച്ചുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കാമെന്ന പ്രതീക്ഷയിലാണ് ക്രിക്കറ്റ് അസോസിയേഷൻ ഭാരവാഹികളും സ്റ്റേഡിയം അധികൃതരും.

കായിക പുരസ്കാരങ്ങൾ വിതരണം ചെയ്തു

ന്യൂഡൽഹി : രാജീവ്ഗാന്ധി ഖേൽരത്ന, അർജ്ജുന, ധ്യാൻചന്ദ്, ദ്രോണാചാര്യ പുരസ്കാരങ്ങൾ കായിക പ്രതിഭകൾക്ക് ഇന്നലെ രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി വിതരണം ചെയ്തു.

മലയാളി താരം ജിൽസൺ ജോൺസൺ അർജ്ജുന അവാർഡും ബോബി അലോഷ്യസ് ധ്യാൻചന്ദ് അവാർഡും ഏറ്റുവാങ്ങി. ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്ടൻ വിരാട് കൊഹ്‌ലിയും വെയ്റ്റ് ലിഫ്റ്റിംഗ് താരം മീരാഭായ് ചാനുസായ്കോമും ഖേൽരത്ന പുരസ്കാരം ഏറ്റുവാങ്ങി. ഹിമദാസ്, സിക്കി റെഡ്ഡി, രോഹൻ ബൊപ്പണ്ണ, രാഹി സർനോബത്ത്, മണിക ബത്ര, ജി. സത്യൻ, മൻപ്രീത്സിംഗ് തുടങ്ങിയവർ അർജ്ജുന അവാർഡ് സ്വീകരിച്ചു.

ഇഷ ഔട്ട്‌റീച്ചിന് പുരസ്കാരം

ന്യൂഡൽഹി : കായിക രംഗത്തെ വികസനത്തിനുള്ള രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ അവാർഡ് ഇഷാ ഔട്ട്‌റീച്ചിന വേണ്ടി സദ്ഗുരു ജഗ്ഗി വാസുദേവ് രാഷ്ട്രപതി രാംനാഥ് കോവിന്ദിൽ നിന്ന് ഏറ്റുവാങ്ങി. തമിഴ്നാട്ടിലെ 40 സർക്കാർ സ്കൂളുകളിലെ 28,000 വിദ്യാർത്ഥികൾക്ക് ഇഷാ ഔട്ട്‌റീച്ച് നടപ്പാക്കിയ പദ്ധതികൾക്കാണ് പുരസ്കാരം.

ഒത്തുകളിക്കാർ സമീപിച്ചത് അഞ്ച് ക്യാപ്ടന്മാരെ

ദുബായ് : കഴിഞ്ഞ ഒരുവർഷത്തിനിടെ അഞ്ച് ഇന്റർ നാഷണൽ ക്യാപ്ടന്മാരെ വാതുവയ്പുകാർ സമീപിച്ചതായി ഇന്റർ നാഷണൽ ക്രിക്കറ്റ് കൗൺസിൽ വെളിപ്പെടുത്തി. എന്നാൽ ഇവരുടെ പേര് വിവരങ്ങൾ പുറത്തു വിട്ടിട്ടില്ല. കഴിഞ്ഞദിവസം അഫ്ഗാനിസ്ഥാൻ താരം അഹമ്മദ് ഷെഹ്സാദിനെ വാതുവയ്പുകാർ സമീപിച്ചതായി വാർത്ത പുറത്തുവന്നിരുന്നു. ട്വന്റി-20 ലീഗുകളുടെ വരവോടെ വാതുവയ്പും ഒത്തുകളിയും ശക്തമാണെന്നും ഐ. സി. സി അറിയിച്ചു.

■ നാഷണൽ ഓപ്പൺ അത്‌ലറ്റിക്സ്

ശിവയ്ക്ക് മീറ്റ് റെക്കാഡ്

ഭുവനേശ്വർ : 58-ാമത് നാഷണൽ ഓപ്പൺ അത്‌ലറ്റിക്സിന്റെ ആദ്യ ദിനം പുരുഷ പോൾ വാട്ടിൽ സർവീസസിന്റെ എസ്. ശിവ റെക്കാഡോടെ സ്വർണം നേടി. 5.10 മീറ്ററാണ് ശിവ ചാടിയത്. വനിതകളുടെ 10000 മീറ്ററിൽ റെയിൽവേയ്സിന്റെ എൽ. സൂര്യ സ്വർണം നേടി. പുരുഷ വിഭാഗത്തിൽ മുരളികുമാർ ഗവിറ്റിനാണ് സ്വർണം. വനിതകളുടെ ജാവലിൻ ത്രോയിൽ റെയിൽവേയ്സിന്റെ ഷർമിള കുമാരിയും ട്രിപ്പിൾ ജമ്പിൽ ഹരിയാനയുടെ രേണവും സ്വർണം നേടി.

ഇന്ന് വനിതകളുടെ 1500 മീറ്ററിൽ പി. യു ചിത്ര മത്സരിക്കാനിറങ്ങും. റെയിൽവേയ്സിനായാണ് ചിത്ര മത്സരിക്കുന്നത്.

ടൈ കെട്ടിയ ത്രില്ലർ

■ ഇന്ത്യയെ അഫ്ഗാനിസ്ഥാൻ സമനിലയിൽ തളച്ചു, വെള്ളിയാഴ്ച ഇന്ത്യയ്ക്ക് ഫൈനൽ

ദുബായ് : ഏഷ്യാ കപ്പ് സൂപ്പർ ഫോറിലെ അവസാനമത്സരത്തിൽ ഇന്ത്യയെ അഫ്ഗാനിസ്ഥാൻ ആവേശ സമനിലയിൽ തളച്ചു. അഫ്ഗാൻ ഉയർത്തിയ 252/8 എന്ന സ്കോർ ചേസ് ചെയ്യാനിറങ്ങിയ ഇന്ത്യ ഒരുപന്ത് ശേഷിക്കേ 252-ൽആൾഔട്ടാവുകയായിരുന്നു.എന്നാൽ നേരത്തേ ഫൈനൽ ഉറപ്പാക്കിയ ഇന്ത്യ ഇന്ന് പാകിസ്ഥാനും ബംഗ്ലാദേശും തമ്മിലുള്ള മത്സരത്തിലെ വിജയിയെ ഫൈനലിൽ നേരിടും.

രണ്ടുവർഷത്തെഇടവേളയ്ക്കുശേഷം അവിചാരിതമായി നായക കുപ്പായത്തിലിറങ്ങിയ ധോണിയുടെ ഇന്ത്യയ്ക്കെതിരെക്കെതിരെ ഓപ്പണർ അഹമ്മദ് ഷെഹ്സാദിന്റെ തകർപ്പൻ സെഞ്ചുറി(124) യും മുഹമ്മദ് നബിയുടെ അർദ്ധ സെഞ്ചുറി(64) യുമാണ്അഫ്ഗാന്മികച്ചസ്കോർ നൽകിയത്.

മറുപടിക്കിറങ്ങിയ ഇന്ത്യയ്ക്ക് വേണ്ടി അമ്പാട്ടി റായ്ഡുവും(57) ലോകേഷ് രാഹുലും (60) മികച്ച തുടക്കം നൽകി. ഓപ്പണിംഗിൽ 110 റൺസ് കൂട്ടിച്ചേർത്തശേഷം അമ്പാട്ടി മടങ്ങി. വൈകാതെ രാഹുലും. തുടർന്ന് ദിനേഷ് കാർത്തിക് (44) ഒരറ്റത്ത് പൊരുതിനോക്കിയെങ്കിലും ധോണി(8), മനീഷ് പാണ്ഡെ(8) ,കേദാർ യാദവ്(19) എന്നിവർ പെട്ടെന്ന് മടങ്ങിയത് ഇന്ത്യയെ ബാക്ക്ഫുട്ടിലാക്കി. കാർത്തികിനെ വിക്കറ്റിന് പുറത്തേക്ക് പോയ പന്തിൽ അമ്പയർ തെറ്റായി എൽ. ബി വിളിച്ചപ്പോൾ റിവ്യൂ ഓപ്ഷനും കഴിഞ്ഞിരുന്നു. തുടർന്ന് പ്രതീക്ഷകൾ ജഡേജയിലായി. ഇതിനിടയിൽ ചഹർ (12) പുറത്തായപ്പോൾ ഇന്ത്യ 226/7 എന്ന നിലയിലായി. അവസാന ഓവറിൽ റാഷിദിനെതിരെ ഫോറടിച്ച് ജഡേജ വിജയപ്രതീക്ഷ നൽകിയെങ്കിലും അഞ്ചാം പന്തിലെ ക്യാച്ചോടെ കളി സമനിലയിൽ അവസാനിച്ചു.

ക്യാപ്ടൻ രോഹിത് ശർമ്മയ്ക്കും വൈസ്ക്യാപ്ടൻ ശിഖർ ധവാനും വിശ്രമം നൽകിയതുകൊണ്ടാണ് ധോണി ഇന്നലെ വീണ്ടും ഇന്ത്യൻ നായകനായത്. പേസർ ദീപക് ചഹർ അരങ്ങേറ്റം കുറിച്ചപ്പോൾ ഭുവനേശ്വർ, ബൂംറ, ചഹൽ എന്നിവർക്കും വിശ്രമം ലഭിച്ചു. സിദ്ധാർത്ഥ് കൗൾ, ഖലീൽ അഹമ്മദ് എന്നിവരും ഇന്ത്യൻ നിരയിലിറങ്ങി.

ഓപ്പണറായി ഇറങ്ങി 38-ാം ഓവർ വരെ ക്രീസിൽ നിന്ന ഷെഹ്സാദ് 116 പന്തുകൾ നേരിട്ട് 11 ഫോറും ഏഴ് സിക്സുമടക്കമാണ് 124 റൺസടിച്ചുകൂട്ടിയത്.

ഒരറ്റത്ത് മുഹമ്മദ് ഷഹ്സാദ് തകർത്തടിച്ചപ്പോൾ അപ്രതീക്ഷിതമായ തുടക്കമാണ് അഫ്ഗാന് ലഭിച്ചത്.

13-ാം ഓവറിൽ ടീം സ്കോർ 65ൽ സഹ ഓപ്പണർ ജാവേദ് അഹമദി അഞ്ച് റൺസുമായി പുറത്താകുമ്പോൾ ഷെഹ്സാദ് അർദ്ധ സെഞ്ചുറി കടന്നിരുന്നു. 30 പന്തുകളിൽ നിന്നാണ് ജാവേദ് അഞ്ച് റൺസെടുത്തത്. ജഡേജയുടെ പന്തിൽ ജാവേദിനെ ധോണി സ്റ്റംപ് ചെയ്യുകയായിരുന്നു. തുടർന്ന് ഒരറ്റത്ത് ഷെഹ്സാദ് തകർത്തുവീശിയപ്പോൾമറ്റേയറ്റം തകർക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു.

14-ാം ഓവറിൽ ജഡേജ റഹ്മത്ത് ഷായെ (3) ക്ലീൻ ബൗൾ ഡാക്കിയപ്പോൾ അടുത്ത ഓവറിൽ കുൽദീപ് അടുത്തടുത്ത പന്തുകളിൽ ഹഷ്മത്തുള്ള ഷാഹിദിയെയും (0) അസ്ഗറിനെയും (0) കൂടാരം കയറ്റി. ഹഷ്മത്തുള്ള യെ ധോണി സ്റ്റംപ് ചെയ്യുവിട്ടപ്പോൾ അസ്ഗർ ക്ലീൻ ബൗൾ ഡാവുകയായിരുന്നു. എന്നാൽ അഞ്ചാം വിക്കറ്റിൽ ഗുലാബ്ദിൻ നെയ്ബിനെ (15) കൂട്ടി ഷെഹ്സാദ് ടീമിനെ 100 കടത്തി. നേരിട്ട 88-ാമത്തെ പന്തിൽ ഷെഹ്സാദ് സെഞ്ചുറിയിലേക്ക് എത്തുകയും ചെയ്തു. ഷെഹ്സാദിന്റെ അഞ്ചാം സെഞ്ചുറിയായിരുന്നു ഇത്. ഇന്ത്യയ്ക്കെതിരെസെഞ്ചുറിനേടുന്നആദ്യ അഫ്ഗാൻ താരമായും ഷെഹ്സാദ് മാറി.

29-ാം ഓവറിൽ നെയ്ബിനെ (15) കേദാർ യാദവിന്റെ കൈയിലെത്തിച്ച് അരങ്ങേറ്റക്കാരൻ ദീപക് ചഹറാണ് സഖ്യം പൊളിച്ചത്. എന്നാൽ പകരമിറങ്ങിയമുഹമ്മദ്നബി ഷെഹ്സാദിനൊപ്പം 48 റൺസ് ആറാം വിക്കറ്റിൽ കൂട്ടിച്ചേർത്തത് ഇന്ത്യയ്ക്ക് വീണ്ടും പരീക്ഷണമായി. അപാര ഫോമിൽ കസറിയ ഷെഹ്സാദിനെ ഒടുവിൽ 38-ാം ഓവറിൽ കേദാർ യാദവാണ് മടക്കി അയച്ചത്.

അഫ്ഗാൻ ഓപ്പണർ ജാവേദിനെ സ്റ്റംപ് ചെയ്യുന്ന ധോണി. ഇൻസെറ്റിൽ സെഞ്ചുറി വീരൻ അഹമ്മദ് ഷെഹ്സാദ്

വീണ്ടും ക്യാപ്ടൻ ധോണി

696 ദിവസങ്ങൾക്ക് ശേഷമാണ് മഹേന്ദ്ര സിംഗ് ധോണി വീണ്ടും ഇന്ത്യൻ ക്യാപ്ടനായത്.

200 ഇന്ത്യൻ ക്യാപ്ടനെന്ന നിലയിൽ ധോണിയുടെ 200-ാമത്തെ മത്സരമായിരുന്നു ഇത്.

37 വർഷവും 80 ദിവസവും പ്രായമായപ്പോഴാണ് ധോണി വീണ്ടും ഇന്ത്യൻ ക്യാപ്ടനായത്. ഇന്ത്യയുടെ പ്രായമേറിയ ഏകദിന ക്യാപ്ടനെന്ന റെക്കാഡും സ്വന്തമാക്കി.

അരങ്ങേറ്റ ദീപക്

- ഇന്ത്യയ്ക്കുവേണ്ടി ഏകദിന ക്രിക്കറ്റ് ടീമിൽ കളിക്കുന്ന 223-ാമത്തെ താരമാണ് ദീപക് ചഹർ.
- രാജസ്ഥാൻകാരനായ ഈ ഫാസ്റ്റ് ബൗളർ ഇംഗ്ലണ്ടിനെതിരെ ഒരു ട്വന്റി-20 മത്സരം കളിച്ചിട്ടുണ്ട്.
- ഐ.പി.എൽ ടീമുകളായ പൂനെ സൂപ്പർ ജയന്റ്സിലും ചെന്നൈ സൂപ്പർ കിംഗ്സിലും ധോണിയുടെ ക്യാപ്ടൻസിയിൽ മികച്ച പ്രകടനം കാഴ്ചവച്ചിരുന്നു.
- സഹോദരൻ രാഹുൽ ചഹർ മുംബയ് ഇന്ത്യൻസ് സ്പിന്നറാണ്.

■ കേരളത്തിന്റെ മണ്ണിൽ

ഏഷ്യൻ യോഗയ്ക്ക് നാളെ തുടക്കമാകും

തിരുവനന്തപുരം: സംസ്ഥാനം ആദ്യമായി വേദിയാകുന്ന ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിന് നാളെ തുടക്കമാകും. ഇന്ത്യ ഉൾപ്പെടെ 12 രാജ്യങ്ങളിൽനിന്നായി 150 ഓളം മത്സരാർത്ഥികൾ പങ്കെടുക്കുന്ന ചാമ്പ്യൻഷിപ് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 12ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് ഏഷ്യൻ യോഗഫെഡറേഷൻ പ്രസിഡന്റ് അശോക് കുമാർ അഗർവാൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 30 വരെയാണ് ചാമ്പ്യൻഷിപ്.

യോഗ ഫെഡറേഷൻ ഓഫ് ഇന്ത്യ, യോഗ അസോസിയേഷൻ ഓഫ് കേരള എന്നിവയുമായി സഹകരിച്ചാണ് ചാമ്പ്യൻഷിപ് നടത്തുന്നത്. ഇന്ത്യ രണ്ടാംതവണയാണ് ചാമ്പ്യൻഷിപിന് വേദിയാകുന്നത്. ഹൈദരാബാദായിരുന്നു ആദ്യവേദി. ചൈന, ദക്ഷിണ കൊറിയ, സിംഗപ്പൂർ, ദുബായ്, സൗദി അറേബ്യ, തായ്‌ലാന്റ് മലേഷ്യ, ശ്രീലങ്ക, വിയത്നാം, ഇറാൻ, ഹോങ്കോംഗ്, തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള മത്സരാർത്ഥികളാണ് പങ്കെടുക്കുന്നത്.

111 പേർ അടങ്ങുന്ന ഇന്ത്യൻ ടീം പരിശീലനം ആരംഭിച്ചുകഴിഞ്ഞു. ഒമ്പതുപേർ അടങ്ങുന്ന ഇറാൻ സംഘമാണ് ആദ്യമെത്തിയ വിദേശ ടീം. ഹോങ്കോങ്, വിയത്നാം എന്നീ ടീമുകളും ചൊവ്വാഴ്ച എത്തി.

ഉദ്ഘാടനചടങ്ങിൽ കായികമന്ത്രി ഇ. പി ജയരാജൻ അദ്ധ്യക്ഷനാകും. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ മുഖ്യാതിഥിയാകും. 30ന് സമാപന സമ്മേളത്തിന്റെ ഉദ്ഘാടനവും സമ്മാനദാനവും ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവഹിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷനാകും. മന്ത്രി എ സി മൊയ്തീൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല തുടങ്ങിയവർ പങ്കെടുക്കും.

എഷ്യൻ യോഗ ഫെഡറേഷൻ വർക്കിംഗ് പ്രസിഡന്റ് ഇന്ദു അഗർവാൾ, ഇന്ത്യൻ യോഗ ഫെഡറേഷൻ ജോ.സെക്രട്ടറി ശശിധരൻ നായർ, സ്വാഗതസംഘം ചെയർമാൻ എം. വിജയകുമാർ, ഓർഗനൈസിംഗ് സെക്രട്ടറി ബി. ബാലചന്ദ്രൻ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി. പി ദാസൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

മൊഡ്രിച്ച് മുത്താണ് !

■ ലൂക്കാ മൊഡ്രിച്ച് ഫിഫ ബെസ്റ്റ് പ്ലേയർ
■ മാർത്ത ആറാമതും വനിതാ താരം

ലണ്ടൻ : ലോക ഫുട്ബാളിൽ ഒരു പതിറ്റാണ്ട് നീണ്ട ലയണൽ മെസിയുടെയും ക്രിസ്റ്റ്യാനോയുടെയും വാഴ്ചയ്ക്ക് തിരശീല വീഴ്ത്തി ക്രൊയേഷ്യയിൽ നിന്നൊരു ചക്രവർത്തി ഉദയം ചെയ്തു. ക്രൊയേഷ്യയെന്ന കുഞ്ഞൻ രാജ്യത്തെ ലോകകപ്പിൽ വാനോളമുയർത്തിയ മിഡ്ഫീൽഡർ ജനറൽ ആദ്യമായി ലോകകപ്പ് ഫൈനലിൽ ക്രൊയേഷ്യ കളിച്ച മടങ്ങിയപ്പോൾ നായകന്റെ ആംബാൻഡണിഞ്ഞ താരം. തുടർച്ചയായ മൂന്ന് സീസണുകളിൽ റയൽ മാഡ്രിഡ് യുവേഫ ചാമ്പ്യൻസ് ലീഗ് ജേതാക്കളായപ്പോൾ മധ്യനിരയിൽ നിശബ്ദനായി നിന്ന് ഗോളുകൾനെയ്തെടുത്ത മാന്ത്രികൻ, ലൂക്കാ മൊഡ്രിച്ച്. ഫൈനൽ റൗണ്ടിൽ ഒപ്പമുണ്ടായിരുന്ന ക്രിസ്റ്റ്യാനോ റൊണാൾഡോയെയും ഈജിപ്റ്റുകാരൻ മുഹമ്മദ് സലായെയും മറികടന്ന് മൊഡ്രിച്ച് കഴിഞ്ഞ രാത്രി ഫിഫയുടെ ഈ വർഷത്തെ മികച്ച കളിക്കാരനുള്ള ബെസ്റ്റ് ട്രോഫി ഉയർത്തിയപ്പോൾ അത് അർഹരതയ്ക്കുള്ള അംഗീകാരംകൂടിയായി. യൂറോപ്പിലെ മികച്ച കളിക്കാരനുള്ള പുരസ്കാരത്തിന് പിന്നാലെയാണ് വേൾഡ്ബെസ്റ്റ് അവാർഡും ഈ 33 കാരനെ തേടിയെത്തിയത്.

കഴിഞ്ഞ 10 കൊല്ലക്കാലമായി ക്രിസ്റ്റ്യാനോ അല്ലെങ്കിൽ മെസിയായിരുന്നു ഫിഫയുടെ മികച്ച കളിക്കാരനുള്ള പുരസ്കാരം ഏറ്റുവാങ്ങിയിരുന്നത്. ഇരുവരുടെയും അലമാരയിൽ അഞ്ചു വീതം പുരസ്കാരങ്ങൾ ഇടംപിടിച്ചു. ക്രിസ്റ്റ്യാനോ യുവേഫ ചാമ്പ്യൻസ് ലീഗ് നേട്ടത്തിന്റെ പിൻബലത്തോടെ ഇത്തവണയും അവസാന മൂന്നുപേരുടെ പട്ടികയിൽ ഇടം പിടിച്ചിരുന്നു. മെസി 12 വർഷത്തിനിടെ ആദ്യമായി അവസാന മൂന്നുപേരിൽ ഒരാളല്ലാതായി മാറി. ലോകകപ്പിലെ അർജന്റീനയുടെപ്രീക്വാർട്ടർപുറത്താകലുംബാഴ്സലോണയുടെ ചാമ്പ്യൻസ് ലീഗ് തോൽവിയുമാണ് മെസിക്ക് തിരിച്ചടിയായത്.

ലോകകപ്പിൽ ആരും പ്രതീക്ഷിക്കാത്ത കുതിപ്പ് ക്രൊയേഷ്യ നടത്തിയതിന് പിന്നിൽ മൊഡ്രിച്ച് എന്ന കുറിയ മനുഷ്യനായിരുന്നു. രണ്ട് ഗോളുകളാണ് മൊഡ്രിച്ച് റഷ്യയിൽ നടന്ന ലോകകപ്പിൽ നേടിയത്. ഡെൻമാർക്കിനുംറഷ്യയ്ക്കുമെതിരായഷൂട്ടൗട്ടുകളിലും സ്കോർ ചെയ്തു. എന്നാൽ ഗോളെണ്ണത്തെക്കാളുപരി ക്രൊയേഷ്യയെ റണ്ണർ അപ്പുകളാക്കുന്നതിൽ മൊഡ്രിച്ച് വഹിച്ച പങ്കിനെ ഫിഫ അവാർഡ് കമ്മിറ്റി ആദരിക്കുകയായിരുന്നു.

ഫിഫയുടെ മികച്ച വനിതാ താരത്തിനുള്ള പുരസ്കാരം ആറാം തവണയാണ് ബ്രസീലുകാരിയായ മാർത്ത ഏറ്റുവാങ്ങിയത്. കോപ്പ അമേരിക്ക വനിതാ ചാമ്പ്യൻഷിപ്പിൽ ബ്രസീലിനെ ചാമ്പ്യൻമാരാക്കിയ പ്രകടനമാണ് മാർത്തയെ ചരിത്രനേട്ടത്തിലെത്തിച്ചത്.

മെസിയും ക്രിസ്റ്റ്യാനോയും പുരസ്കാരദാന ചടങ്ങിൽ പങ്കെടുത്തില്ല. കഴിഞ്ഞ 10 വർഷത്തിനിടെ മെസിയും ക്രിസ്റ്റ്യാനോയുമില്ലാത്ത ആദ്യ പുരസ്കാര ദാനമായും ലണ്ടനിലെ ചടങ്ങ് മാറി.

ബെസ്റ്റ് കോച്ച്: ദെഷാംപ്സ്

ഫ്രാൻസിലെ ലോകകപ്പ് ജേതാക്കളാക്കിയ ദിദിയർ ദെഷാംപ്സ് മികച്ച പരിശീലകനുള്ള പുരസ്കാരം ഏറ്റുവാങ്ങി. കളിക്കാരനായും കോച്ചായും ലോകകപ്പ് നേടുന്ന മൂന്നാമത്തെയാളാണ് ദെഷാംപ്സ്.

ബെസ്റ്റ് ഗോൾ: മുഹമ്മദ് സലാ

ലിവർപൂളിന്റെ ഈജിപ്ഷ്യൻ താരം മുഹമ്മദ് സലാ കഴിഞ്ഞവർഷത്തെ ഏറ്റവും മികച്ച ഗോളിനുള്ള പുഷ്കാസ് പുരസ്കാരം നേടി. ഡിസംബറിൽ എവർട്ടനെതിരെ നേടിയ ഗോളിനാണ് പുരസ്കാരം.

ബെസ്റ്റ് ഗോളി: തിബോ കുർട്ടോ

ലോകകപ്പിൽ ബെൽജിയത്തിന്റെ സുകുതിപ്പിൽ പ്രധാന പങ്കാളിയായ തിബൗ കുർട്ടോ മികച്ച ഗോളിക്കുള്ള അവാർഡ് സ്വന്തമാക്കി. ലോകകപ്പിൽ കൂടുതൽ സേവുകൾ നടത്തിയത് കുർട്ടോയാണ്.

ഫിഫ ബെസ്റ്റ് ഇലവൻ

ഡേവിഡ് ഡി ഗിയ (ഗോളി), ഡാനി ആൽവസ്, റാഫേൽ വരാനേ, സെർജിയോ റാമോസ്, മാഴ്സലോ, ലൂക്കാ മോഡ്രിച്ച്, എൻഗോളേ കാൻഡേ, എഡൻ ഹസാർഡ്, കൈലിയൻ എംബാപ്പേ, മെസി, റൊണാൾഡോ.



ജി.രാജമ്മ

ചേങ്കോട്ടുകോണം: ഗാന്ധിനഗർ നികുഞ്ജത്തിൽ ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനും കവിയുമായ കുരീപ്പുഴ നടരാജന്റെ ഭാര്യ ജി. രാജമ്മ(79, റിട്ട. ഹെഡ്മിസ്ട്രസ്) നിര്യാതയായി. മക്കൾ: ഡോ. ശ്രീലാ രാജ് (ഡെപ്യൂട്ടി രജിസ്ട്രാർ, കേരള സർവകലാശാല), സന്ധ്യാരാജ് (എക്സിക്യൂട്ടീവ് എൻജിനിയർ, കെ.എസ്.ഇ.ബി, പവർ ഹൗസ്, തിരുവനന്തപുരം), ഷൈനി രാജ് (കെ.എസ്.ഇ.ബി, പോത്തൻകോട്). മരുമക്കൾ: എൻ. ശിവപ്രസാദ് (പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്., മിതൃമ്മല), ഡോ. ആർ. ജയചന്ദ്രൻ (ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, കുടപ്പനക്കുന്ന്), എം.പി. അനിൽകുമാർ (അസിസ്റ്റന്റ് രജിസ്ട്രാർ, സഹകരണ വകുപ്പ്). അനുസ്മരണം: ഞായറാഴ്ച പകൽ 11 മണിക്ക്.

സാവിത്രി

ആറ്റിങ്ങൽ: ഊരുപൊയ്ക പുത്തൻവിളവീട്ടിൽ പരേതനായ മാധവന്റെ ഭാര്യ സാവിത്രി (85) നിര്യാതയായി. മക്കൾ: രാജു, അമ്പിളി. മരുമക്കൾ: ഷീജ, മോഹനൻ.

മീനാക്ഷി

വർക്കല: ഇലകമൺ നിലമേൽതൊടിയിൽ പരേതനായ ശങ്കുവിന്റെ ഭാര്യ മീനാക്ഷി (84) നിര്യാതയായി. മക്കൾ: സുഗതൻ, സുഗുണൻ, വത്സല, ബേബി, ഷൈല, സുജാതൻ, ഷീജ. മരുമക്കൾ: ഉഷ, രജനി, പരേതനായ ദേവദാസൻ, യശോധരൻ, ചിത്രസേനൻ, മിനി, രാജേന്ദ്രകുമാർ. സഞ്ചയനം: 29ന്.

മണി.എസ്

കോവളം: വെള്ളാർ കൈതവിള ഹരിജൻ കോളനിയിൽ പരേതനായ വിജയന്റെ ഭാര്യ മണി. എസ് (52) നിര്യാതയായി. മക്കൾ: വിജി, മഞ്ജുഷ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 10 ന്. ഫോൺ: 9995605233.

ഹിദായത്തുന്നിസ

വഴുതക്കാട്: കോട്ടൺഹിൽ റോഡിൽ ദാറുൽസലാമിൽ സിറാജുദ്ദീന്റെ (പ്രിൻസിപ്പൽ, എം.സി.ടി ലാ കോളേജ്, മലപ്പുറം) ഭാര്യ ഹിദായത്തുന്നിസ (64) നിര്യാതയായി. പിതാവ്: പരേതനായ പാച്ചല്ലൂർ കൊച്ചഹമ്മദ് സാഹിബ്. മക്കൾ: റൂബി (ഇഖ്ബാൽ കോളേജ്, പെരിങ്ങമ്മല), ഷബ്‌ന (ടാറ്റ), നബീൽ. മരുമക്കൾ: മുസ്തഫ, അസീം, ഷെറിൻ (പി.എം.എസ്. ഡെന്റൽ കോളേജ്).

ജാനറ്റ്

വട്ടപ്പാറ: മരുതൂർ ജോയ് ഭവനിൽ സത്യനേശന്റെ ഭാര്യ ജാനറ്റ് (70) നിര്യാതയായി. മക്കൾ: ജോയി, സെലി. മരുമക്കൾ: ഷീബ, ജോർജ്. സംസ്കാര ശുശ്രൂഷ ഇന്ന് രാവിലെ 10.30 ന്.

സിസിലി പൗലോസ്

പൂച്ചാക്കൽ: പള്ളിപ്പുറം പതിയാമൂലയിൽ സിസിലി പൗലോസ് (81) നിര്യാതയായി.

മന്ദാകിനിക്കുട്ടിയമ്മ

പൂജപ്പുര: ചാടിയറ സി.ആർ.എ 49ൽ പരേതനായ കെ. സുകുമാരൻ നായരുടെ ഭാര്യ മന്ദാകിനിക്കുട്ടിയമ്മ (78) നിര്യാതയായി. മകൾ: ശ്രീദേവി. മരുമകൻ: എസ്.എസ്. പ്രദീപ്. സഞ്ചയനം 30 രാവിലെ 8.30ന്.

ഉഷാകുമാരി

ആലന്തറ: അക്ഷയ് നിവാസിൽ ഉദയകുമാറിന്റെ ഭാര്യ ഉഷാകുമാരി (40) നിര്യാതയായി. മക്കൾ: അക്ഷയ്, ആതിര. സഞ്ചയനം ഒൻപതിന്.

കൃഷ്ണമ്മ

കാട്ടാക്കട: കോട്ടൂർ മണല്വിള കേദാരത്തിൽ പരേതനായ വി. ബാലചന്ദ്രൻ നായരുടെ ഭാര്യ കൃഷ്ണമ്മ (67) നിര്യാതയായി. മകൻ: ഡോ. ബിനുകുമാർ (സീനിയർ സയന്റിസ്റ്റ്, സി.എസ്.ഐ.ആർ). മരുമകൾ: ശിവചിത്ര. സഞ്ചയനം: തിങ്കളാഴ്ച രാവിലെ 9ന്.

കുമാരി ബീന

പാലോട്: പേരയം കരിഞ്ചതോട്ടുംപുറത്തു വീട്ടിൽ ഹരികുമാരൻ നായരുടെ ഭാര്യ കുമാരി ബീന (44) നിര്യാതയായി. മക്കൾ: ഹരിപ്രിയ, കൃഷ്ണപ്രിയ. സഞ്ചയനം ഞായറാഴ്ച രാവിലെ ഒമ്പതിന്.

സുമതി

കടയ്ക്കാവൂർ: റെയിൽവേ സ്റ്റേഷൻ പഴയ വികറി ട്യൂഷൻ സെന്ററിനു സമീപം ഓവർബ്രിഡ്ജിനു താഴെ കാർത്തികയിൽ പരേതനായ കുഞ്ഞിരാമന്റെ ഭാര്യ സുമതി (87) നിര്യാതയായി. മക്കൾ: പ്രസന്നൻ, പ്രസന്ന, സുപ്രഭ, ഗീത, പ്രദീപ് (ലണ്ടൻ), ഗിരിജ. മരുമക്കൾ: അഞ്ജലി, രവീന്ദ്രൻ, കായിക്കര അശോകൻ, മധുസൂദനൻ, ഗീത (ലണ്ടൻ), വീരൻ.

മുൻ എം.എൽ.എ ലതികയുടെ അമ്മ

കുറ്റ്യാടി: കക്കട്ടിലെ കുരിക്കാട്ടിൽ കുഞ്ഞി ചാത്തുവിന്റെ ഭാര്യയും മുൻ എം.എൽ.എയും സി.പി.എം സംസ്ഥാന കൺട്രോൾ കമ്മിറ്റി അംഗവുമായ കെ.കെ ലതികയുടെ മാതാവുമായ കുരിക്കാട്ടിൽ സരോജിനി (82) നിര്യാതയായി. മറ്റ് മക്കൾ. കെ.കെ സുരേഷ്, (സി.പി.എം കുന്നുമ്മൽ ഏരിയ സെക്രട്ടറി), കെ.കെ ദിനേശൻ. മരുമക്കൾ: പി. മോഹനൻ മാസ്റ്റർ (സി.പി.എം കോഴിക്കോട് ജില്ല സെക്രട്ടറി), സുമതി, ലീന.

ചെല്ലമ്മ

കൊല്ലം: പെരിനാട് ചെമ്മക്കാട് രാഘവ നിവാസിൽ ചെല്ലമ്മ (99) നിര്യാതയായി. മക്കൾ: സി. ചന്ദ്രമതി (റിട്ട. കെ.എസ്.സി.ഡി.സി), കെ. ആർ. സുധാകരൻ (റിട്ട. കെ.എം.എം.എൽ എം.എസ് പ്ലാന്റ്). സഞ്ചയനം 29 ന് രാവിലെ 8.30ന്.

ചിന്നമ്മ

കറ്റാനം: തോട്ടത്തിൽ പരേതനായ കൊച്ചുകുട്ടിയുടെ ഭാര്യ ചിന്നമ്മ (89) നിര്യാതയായി. മക്കൾ: കുഞ്ഞുമോൾ, രാജു, പൊന്നച്ചൻ.

സത്യഭാമ

വർക്കല: പുത്തൻചന്ത പനവിളവീട്ടിൽ പരേതനായ ഷൺമുഖന്റെ ഭാര്യ സത്യഭാമ (70) നിര്യാതയായി. മക്കൾ: സുകന്യക, സജീവ്കുമാർ, സുധീർകുമാർ. മരുമകൻ: മോഹനൻ. സഞ്ചയനം: 27ന് രാവിലെ 9 മണിക്ക്.

വിശാലാക്ഷി

ബാലരാമപുരം: പയറ്റുവിള ചരുവിള മനുഭവനിൽ പരേതനായ ഭാനുവിന്റെ ഭാര്യ വിശാലാക്ഷി (74) നിര്യാതയായി. മക്കൾ; സുലോചന, സുധാകരൻ, സുധ, ശാന്ത, മണിക്കുട്ടൻ, അമ്പി. മരുമക്കൾ: പരേതനായ സത്യനേശൻ, ലത, വിജയൻ, സെൽവരാജ്, അജിത, സജി.

കമലമ്മ

ചിറയിൻകീഴ്: ശാർക്കര ഐക്കര വിളാകം വീട്ടിൽ (കോതവിളാകം) പരേതനായ സുധാകരൻ നായരുടെ ഭാര്യ കമലമ്മ (78) നിര്യാതയായി. സഞ്ചയനം: ഞായർ രാവിലെ 8.30ന്

സരസ്വതി അമ്മ

കൊഞ്ചിറ: കൊച്ചാല്ലംമൂട് കിഴക്കേകര വീട്ടിൽ സരസ്വതി അമ്മ (65) നിര്യാതയായി. മക്കൾ: സുനിത, ദീപ. മരുമക്കൾ: ശ്രീജു, മോഹനൻ, സഞ്ചയനം: 29 ന് രാവിലെ 8.30 ന്. ഫോൺ: 9544270527.

ലളിതാബായി

കാട്ടായിക്കോണം: കോണത്തു വീട്ടിൽ ചക്രപാണിയുടെ ഭാര്യ ലളിതാബായി (78) നിര്യാതയായി. സഞ്ചയനം 30 ന് രാവിലെ 8.30 ന്.

ശകുന്തള

കായംകുളം: കൃഷ്ണപുരം കാപ്പിൽമുക്ക് രേവതിയിൽ പരേതനായ രാജന്റെ ഭാര്യ ശകുന്തള (വാവച്ചി- 55) നിര്യാതയായി. മകൾ: രേവതി. മരുമകൻ: സബരിനാഥ്. സഞ്ചയനം രാവിലെ 8ന്.

കുഞ്ഞുകൃഷ്ണ പണിക്കർ

വെള്ളറട: വിവേഴ്സ് കോളനി, അക്ഷയഭവനിൽ കുഞ്ഞുകൃഷ്ണപണിക്കർ (85) നിര്യാതനായി. ഭാര്യ ശാരദ. മക്കൾ: വിലാസിനി, അശോക് കുമാർ, അംബിക, രാജേന്ദ്രൻ. മരുമക്കൾ: ശേഖരപണിക്കർ, അജിത അശോക്, മധുസൂദനൻ, നിർമ്മല. സംസ്കാരം ഇന്ന് രാവിലെ 10 ന്. സഞ്ചയനം ഞായറാഴ്ച രാവിലെ 9 ന്.

നാരായണി

കറ്റാനം: ഭരണിക്കാവ് തെക്ക് തറയിൽ കളിക്കൽ തെക്കതിൽ പരേതനായ കൊച്ചുമ്മണിയുടെ ഭാര്യ നാരായണി (85) നിര്യാതയായി.

ആർ.അപ്പു

കാട്ടാക്കട: സി.പി.ഐ കരുതംകോട് ബ്രാഞ്ച് മെമ്പർ കുരുതംകോട് ഏറത്തു വീട്ടിൽ ആർ. അപ്പു (72) നിര്യാതനായി. ഭാര്യ ഓമന. മക്കൾ: ജയസൂര്യൻ, ലത (സി.പി.ഐ ബ്രാഞ്ച് മെമ്പർ). മരുമക്കൾ: അനിതകുമാരി, ഷിബു. സഞ്ചയനം: ഞായറാഴ്ച രാവിലെ 9 ന്. ഫോൺ: 9745723017.

തങ്കമ്മ അമ്മ

വർക്കല: മേൽവെട്ടൂർ വി.എസ്. വിലാസത്തിൽ പരേതനായ വാസുദേവൻപിള്ളയുടെ ഭാര്യ തങ്കമ്മഅമ്മ (90) നിര്യാതയായി. മക്കൾ: സുമ, സുകേശിനി (റിട്ട. അദ്ധ്യാപിക), സുദർശനൻ, സുലത, പരേതനായ സുരേഷ്. മരുമക്കൾ: ബാലചന്ദ്രൻനായർ, രാമചന്ദ്രൻനായർ (റിട്ട. വനം വകുപ്പ്), ഷീല, പ്രഭാകരൻനായർ (റിട്ട. സിവിൽ സപ്ലൈസ്), സുനില (അംഗൻവാടി അദ്ധ്യാപിക). സഞ്ചയനം ശനിയാഴ്ച രാവിലെ 8ന്.

തങ്കി

തിരുവനന്തപുരം: നരുവാമൂട് വാഴവിള പുത്തൻ വീട്ടിൽ എസ്. രവി (റിട്ട. ടി.സി.സി എംപ്ലോയി) യുടെ ഭാര്യ തങ്കി (57) നിര്യാതയായി. മക്കൾ: രതീഷ്, രജി, രജിത. മരുമക്കൾ: രാജി, രതീഷ്. സഞ്ചയനം: 1 ന് രാവിലെ 9ന്. ഫോൺ: 9539346440.

പി. ശ്രീധരൻ നായർ

നിലമാമൂട്: കവിയൂർകോണം ഗോകുലത്തിൽ ആൾ കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് ആൻഡ് സ്ക്രൈബ്സ് അസോസിയേഷൻ കുന്നത്തുകാൽ യൂണിറ്റ് മുൻ പ്രസിഡന്റ് പി. ശ്രീധരൻ നായർ (78) നിര്യാതനായി. ഭാര്യ: പരേതയായ ലളിത. മക്കൾ: ശ്രീകുമാരൻ നായർ, ശ്രീലത, ശ്രീജ. മരുമക്കൾ: അശോകൻ, പരമേശ്വരൻ നായർ, ബീന. സഞ്ചയനം: തിങ്കളാഴ്ച രാവിലെ 9.30 ന്.

എ. രാമചന്ദ്രൻ നായർ

തിരുവല്ലം: പടയരകം ലെയിൻ വൃന്ദാവനിൽ എ. രാമചന്ദ്രൻ നായർ (65, റിട്ട. ബി.എസ്.എൻ.എൽ) നിര്യാതനായി. ഭാര്യ: ജയകുമാരി. മക്കൾ: ഡോ. അമ്പു ആർ. നായർ, ആർച്ച ജെ. ആർ. മരുമകൻ: അജികുമാർ. സഞ്ചയനം: 30 ന് രാവിലെ 8 ന്.

കുഞ്ഞമ്മ

പുത്തൂർ: കുളക്കട കിഴക്ക് പാലവിള വടക്കതിൽ പരേതനായ യോഹന്നാന്റെ ഭാര്യ കുഞ്ഞമ്മ (90) നിര്യാതയായി. മക്കൾ: തങ്കമണി, ജോർജുകുട്ടി, തങ്കച്ചൻ, പൊന്നമ്മ, വൽസമ്മ. മരുമക്കൾ: പരേതനായ കെ. തോമസ്, കുഞ്ഞുമോൾ, മോളികുട്ടി, തോമസ്, സാമുവൽ അനിയൻ. ഫോൺ: 9946269670

ഡി. വിജയൻ

ആയൂർ: ഇളമാട് വിജയ വിഹാറിൽ ഡി. വിജയൻ (65) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 11 മണിക്ക് വസതിയിൽ നടക്കും. ഭാര്യ അജിത. മക്കൾ: ജിജു വിജയൻ (അബുദാബി), ആര്യ വിജയൻ (ഐ.ഒ.ബി, ബംഗലൂരു). മരുമക്കൾ: വിനിത, ശരത്ത്.

രാജേന്ദ്രൻ നായർ

നരുവാമൂട്: അരുൺ ഭവനിൽ രാജേന്ദ്രൻ നായർ (63) നിര്യാതനായി. ഭാര്യ: ഗിരിജ കുമാരി. മക്കൾ: അരുൺ കുമാർ, വരുൺകുമാർ. സംസ്കാരം ഇന്ന് രാവിലെ 9 ന് ശാന്തികവാടത്തിൽ.

വി. ശാന്തശീലൻ

ടോൾ ജംഗ്ഷൻ: ശ്രീവിലാസ് ലെയിൻ ചർച്ചികയിൽ വി. ശാന്തശീലൻ (72) നിര്യാതനായി. ഭാര്യ: സരോജം. എസ്. മക്കൾ: സ്വപ്ന ശാന്ത്, വിപിൻ ശാന്ത്. മരുമക്കൾ: ഹരിപ്രസാദ്, സലിത വിപിൻ. സഞ്ചയനം: 30 ന് രാവിലെ 8.30 ന്.

ചന്ദ്രൻ പിള്ള

നെടുമങ്ങാട്: കല്ലിയോട് ആകാശ് ഭവനിൽ ചന്ദ്രൻപിള്ള (70) നിര്യാതനായി. ഭാര്യ: പരേതയായ സരസ്വതി അമ്മ. മകൾ: സുനിത. മരുമകൻ: അനിൽകുമാർ. സഞ്ചയനം: 30ന് രാവിലെ 9ന്.

സുകുമാരൻ

ആറ്റിങ്ങൽ: നെടുംപറമ്പ് ഞാറയ്ക്കാട്ടുവിള അഞ്ചുഭവനിൽ സുകുമാരൻ (87) നിര്യാതനായി. ഭാര്യ: കമലമ്മ, മക്കൾ: വത്സല, പുഷ്പല, അശോകൻ, അനിൽകുമാർ, സുരേഷ്കുമാർ, മരുമക്കൾ: ആനന്ദൻ, ഷൈനി, ജയ. പരേതരായ രാജേന്ദ്രൻ, സുനിത.

മുരളീധരൻ നായർ

കരീപ്ര: മടന്തകോട് ജയ്ഹിന്ദിൽ മുരളീധരൻ നായർ (54) നിര്യാതനായി. ഭാര്യ: ചിത്രലേഖ. മക്കൾ: അഞ്ജന, ദർശന.

ഗോപി

ചങ്ങനാശേരി: പറാൽ ആറച്ചേരിൽ വീട്ടിൽ ഗോപി (74) നിര്യാതനായി. ഭാര്യ രുഗ്മിണി. മക്കൾ: ശശികല, കലേശൻ, അജിമോൻ (കൊച്ചു ചെറുക്കൻ). മരുമക്കൾ: കെ. വി ദേവദാസ്, അഞ്ജു, പ്രിയ. സംസ്കാരം ഇന്ന് 2ന് പറാൽ 1165-ാം നമ്പർ എസ്.എൻ.ഡി.പി ശ്മശാനത്തിൽ.

രാജേന്ദ്രൻ പിണർവിളാകം

ചിറയിൻകീഴ്: കേരള പുലയർ മഹാസഭ ചിറയിൻകീഴ് താലൂക്ക് യൂണിയൻ മുൻ സെക്രട്ടറി കുന്തള്ളൂർ വലിയ ഏല പിണർവിളാകം വീട്ടിൽ രാജേന്ദ്രൻ പിണർവിളാകം (61) നിര്യാതനായി. ഭാര്യ: ലീലാമണി. മകൾ: സാന്ദ്ര. ഡെപ്യൂട്ടി സ്പീക്കർ വി. ശശി, കിഴുവിലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. അൻസാർ, കേരള പുലയൻ മഹാസഭാ ചിറയിൻകീഴ് താലൂക്ക് യൂണിയൻ സെക്രട്ടറി ഉമേഷ് മുരളി രാജ്, പ്രസിഡന്റ് പാർത്ഥൻ ശാർക്കര, കിഴുവിലം സർവീസ് സഹകരണ സംഘം പ്രസിഡന്റ് എൻ. വിശ്വനാഥൻ നായർ തുടങ്ങിയവർ ആദരാഞ്ജലികളർപ്പിച്ചു.

മണികണ്ഠൻ

കടയ്ക്കാവൂർ: കവലയൂർ കണിയാൻവിളാകത്ത് വീട്ടിൽ മണികണ്ഠൻ (80) നിര്യാതനായി. ഭാര്യ: ശകുന്തള. മക്കൾ: പ്രിയാദിനേശൻ, സിമിഷാബു. സംസ്കാരം വെട്ടുകാട് രോഹിണിയിൽ ഇന്ന് രാവിലെ 10ന്

അബ്ദുൽ റഹീം

തിരുവനന്തപുരം: കാരയ്ക്കാമണ്ഡപം നട്ടുവത്ത് ഷെറിൻ നിവാസിൽ പരേതനായ അബൂബക്കറിന്റെ മകൻ അബ്ദുൾ റഹീം (51) നിര്യാതനായി. ഭാര്യ: ഷജീറ. മക്കൾ: ഷെറിൻ റഹീം, ഷെഹിൻ റഹീം. മരണാനന്തര ചടങ്ങ്: ഇന്ന് 12.15 ന് മണക്കാട് വലിയപള്ളി മുസ്ലിം ജമാത്തിൽ.

എൻ. ഗണേശൻ

കൊല്ലം: പണ്ടാരത്തുരുത്ത് ഇളശ്ശേരിൽ എൻ. ഗണേശൻ (84, റിട്ട. എ.ടി.ഒ, കെ.എസ്.ആർ.ടി.സി) നിര്യാതനായി. സംസ്കാരം ഇന്ന് വൈകിട്ട് 5ന് കരുനാഗപ്പള്ളി തറയിൽ ജംഗ്ഷനിലുള്ള വീട്ടുവളപ്പിൽ. ഭാര്യ: രത്നമ്മാൾ. മക്കൾ: അഡ്വ. ഹരികുമാർ, ശ്രീകല (അദ്ധ്യാപിക, പന്മന മനയിൽ എച്ച്.എസ്), ശ്രീകുമാർ (എൻജിനിയർ, യു.കെ). മരുമക്കൾ: വീണ (റെയിൽവേ), സുനീഷ് (സൂപ്രണ്ട് ഒഫ് പൊലീസ്, മറൈൻ എൻഫോഴ്സ്മെന്റ്), ഡോ. ബ്ലെയ്സി (യു.കെ).

ഷാജി കേശവൻ

പെരുന്ന: മറ്റത്തിൽ ഷാജി കേശവൻ (65) നിര്യാതനായി. ഭാര്യ മിനി ഷാജി. മകൾ: സീതാലക്ഷ്മി (ദുബായ്). മരുമകൻ: ശ്രീജിത്ത് (ദുബായ്). സംസ്കാരം ഇന്ന് 10ന് വീട്ടുവളപ്പിൽ.

തോമസ് ജോസഫ്

തലയോലപ്പറമ്പ്: കീച്ചേരി കാലായിൽ തോമസ് ജോസഫ് (കുഞ്ഞപ്പൻ-83) നിര്യാതനായി. ഭാര്യ: ത്രേസ്യാമ്മ പന്തല്ലൂർ തോട്ടകം കുടുംബാംഗം. മക്കൾ: ബീന (സി.എം.ഐ അമല പബ്ലിക്സ്കൂൾ വൈക്കം), പരേതനായ സിബി, ഡാലി (ഇംഗ്ലണ്ട്).

തങ്കരാജ്

തിരുവനന്തപുരം: ഒറ്റശേഖരമംഗലം വാളിക്കോട് കക്കാട് രാജ് ഭവനിൽ ജെ. തങ്കരാജ് (62) നിര്യാതനായി. ഭാര്യ ലില്ലിരാജ്. പ്രാർത്ഥന 26ന്. ഫോൺ: 8848481033.

ബി. സുധാകരൻ

പാറശാല: കുന്നത്തുകാൽ, തച്ചംകോട് നാരായണി ഭവനിൽ ബി. സുധാകരൻ (54) നിര്യാതനായി. ഭാര്യ അജിത. മക്കൾ: പരേതനായ അജയ് ഭാസ്കർ, അജയശ്രീ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 9ന്

സി.വി. ജോസ്

കഴക്കൂട്ടം: നെഹ്റു ജംഗ്ഷനിൽ ചെറുവത്തൂർ വീട്ടിൽ സി. വി. ജോസ് (77 റിട്ട. വി.എസ്.എസ്.സി) നിര്യാതനായി. ഭാര്യ: ആനി ജോസ്. മക്കൾ: ജോബി ജോസ്, ജയൻ ജോസ്, ജെയ്സൺ ജോസ്. മരുമക്കൾ: ഷൈനി ജോബി, മഞ്ജു ജയൻ, മെറീന ജെയ്സൺ. ശവസംസ്കാരം ഇന്ന് വൈകുന്നേരം 3 മണിക്ക് കഴക്കൂട്ടം ഫാത്തിമ മാതാ ദേവാലയത്തിൽ.

ഗോപകുമാർ. എം

ശ്രീകാര്യം: പോങ്ങുംമൂട് ദൂശിയൂർക്കോണം ലെയിൻ കൃഷ്ണ സാഗരത്തിൽ ഗോപകുമാർ എം. നിര്യാതനായി. ഭാര്യ മിനി. എസ് (കല്ല്യാണി). മക്കൾ: അർജ്ജുൻ. ജി, അഭിരാം. ജി. സഹോദരങ്ങൾ: വസന്തകുമാരി, പ്രേമകുമാരി, ഗീതാലക്ഷ്മി, പത്മകുമാരി, അനിൽകുമാർ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30 ന് 9544968476

എൻ. കൃഷ്ണനാചാരി

ഐവർകാല: ഐവർകാല കിഴക്ക് കൈപ്പള്ളിൽ വീട്ടിൽ എൻ. കൃഷ്ണനാചാരി (82) നിര്യാതനായി. ഐവർകാല ഡി.വി.എൽ.പി.എസ് അദ്ധ്യാപകൻ, സി.പി.എം കുന്നത്തൂർ ലോക്കൽ കമ്മിറ്റി അംഗം, കുന്നത്തൂർ താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം, ഐവർകാല 2006-ാം നമ്പർ സഹകരണ സംഘം പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ഇന്ദിരാഭായി. മക്കൾ: അജിതകുമാരി, ഓമനക്കുട്ടൻ. മരുമക്കൾ: ശാർങ്ഗധരൻ, ജയശ്രീ. സഞ്ചയനം ഞായറാഴ്ച രാവിലെ 8 ന്.

സാബു

പൂച്ചാക്കൽ: പാണാവള്ളി ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡ് കൊച്ചുവെളി സാബു (59) നിര്യാതനായി. ഭാര്യ: ഗീത. മക്കൾ: സംഗീത, സരിത. മരുമക്കൾ: സുനി, രതീഷ്.

രഘുനാഥൻ

മുടപുരം: ശാസ്തവട്ടം ശാന്തിനഗർ ലെയ്ൻ എസ്. ആർ. ഭവനിൽ രഘുനാഥൻ. ബി (62) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 9 ന്. ഭാര്യ സുനന്ദകുമാരി. മക്കൾ: അരുൺ നാഥ്, അഖിൽ നാഥ്, ഫോൺ: 9946276356.

എസ്. സുരേഷ്കുമാർ

ആറാലുംമൂട്: ഗായത്രികൃഷ്ണയിൽ എസ്. സുരേഷ്കുമാർ (51) നിര്യാതനായി. സഹോദരങ്ങൾ: എസ്. രാജം, എസ്. ഉഷകുമാരി, നളിനകുമാരി, എസ്. സന്തോഷ്കുമാർ, എസ്. ശ്രീകല, എസ്. സാബുകുമാർ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8.30 ന്

സത്യൻ ആശാരി

കല്ലറ: തറട്ട കോട്ടൂർ ഷൈൻ വിലാസത്തിൽ കെ. സത്യൻ ആശാരി (68) നിര്യാതനായി. ഭാര്യ: ബി. അംബിക. മക്കൾ: ഷൈൻ, ഷീജ. മരുമക്കൾ: സുനിത, സതീശൻ. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 9 ന്.

നിസാർ

മാവേലിക്കര: മാങ്കാംകുഴി പോസ്റ്റോഫീസിലെ പോസ്റ്റുമാൻ വെട്ടിയാർ ആലിന്റെ തെക്കേതിൽ ഗസലിൽ നിസാർ (50) നിര്യാതനായി. ഭാര്യ: റസീന. മക്കൾ: നിഷാന, പരേതനായ നിഫിൻഷ. മരുമകൻ: ഷമീം.

തോമസ് വൈദ്യൻ

ഏനാത്ത്: കിഴക്കുപുറം അജിഭവനിൽ (എലിമുള്ളുംവിളയിൽ) പരേതനായ വർഗീസ് വൈദ്യന്റെയും റേച്ചൽ വർഗീസിന്റെയും മകൻ തോമസ് വൈദ്യൻ (അനു - 46) നിര്യാതനായി. സംസ്കാരം നാളെ ഉച്ചയ്ക്ക് 1ന് കിഴക്കുപുറം ബഥേൽ മാർത്തോമ്മാ പള്ളിയിൽ. വൈദ്യാ കേറ്ററിംഗ് ഉടമയാണ്. ഭാര്യ: കരുനാഗപ്പള്ളി അയണിമൂട്ടിൽ കുടുംബാംഗം ജൂലി ജോൺ. മക്കൾ: അജു വർഗീസ്, ജീനാ റെയ്ച്ചൽ. സഹോദരങ്ങൾ: ഡാനിയേൽ വൈദ്യൻ, മാത്യു വൈദ്യൻ.

പ്രസന്നൻ

ആലപ്പുഴ: തോട്ടപ്പള്ളി കോളനി നമ്പർ 59ൽ പരേതനായ പുഷ്കരന്റെ മകൻ പ്രസന്നൻ (48) നിര്യാതനായി. ഭാര്യ: ദിവ്യ. മക്കൾ: അനന്തു, അഭിനവ് (അബി). അമ്മ: ശാരദ. സഞ്ചയനം 29 ന് 8ന്.

തുണി അലക്കവെ വീട്ടമ്മ കുളത്തിൽവീണ് മരിച്ചു

സുനിത

കിളിമാനൂർ: തുണി അലക്കുന്നതിനിടെ വീട്ടമ്മ കാൽവഴുതി കുളത്തിൽ വീണ് മരിച്ചു. കിളിമാനൂർ വാലഞ്ചേരി ചരുവിള പുത്തൻവീട്ടിൽ വിജയകുമാറിന്റെ ഭാര്യ സുനിത (40) യാണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടെയാണ് സംഭവം. വീടിനടുത്തുള്ള പെരിങ്ങേലി കുളത്തിലാണ് ഇവർ വീണത്. സമീപത്തെ പുരയിടത്തിൽ തോൽ വെട്ടിക്കൊണ്ടുനിന്ന സ്ത്രീ ഇത് കണ്ടു. അവർ നിലവിളിച്ച് ആളെക്കൂട്ടി പുറത്തെടുത്തെങ്കിലും മരണം സംഭവിച്ചു. കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം ഇന്ന് വീട്ടുവളപ്പിൽ സംസ്കരിക്കും.

സ്കൂട്ടറും ബൈക്കും കൂട്ടിയിടിച്ച് വിദ്യാർത്ഥി മരിച്ചു

ആദിത്

കുട്ടനാട്: എ.സി. റോഡിൽ സ്കൂട്ടറും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികനായ വിദ്യാർത്ഥി മരിച്ചു. ചമ്പക്കുളം പോരൂക്കര ബി.എഡ്. കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥി കിടങ്ങറ പുളിവേലിൽ വീട്ടിൽ ഷിനോജിന്റെ മകൻ ആദിത് (19) ആണ് മരിച്ചത്. സ്കൂട്ടറിൽ യാത്രചെയ്തിരുന്ന ചെങ്ങന്നൂർ എൻജിനിയറിംഗ് കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളായ പുളിങ്കുന്ന് കുമ്പളംചിറയിൽ ജോസ്കെ. തോമസിന്റെ മകൻ എബി (21), ആലപ്പുഴ കുതിരപ്പന്തി വാർഡിൽ അസ്ഹയാസ്മൻസിലിൽ അഹിനസിന്റെ മകൻ അസ്ഹർ അലി (21) എന്നിവർക്ക് പരിക്കേറ്റു.

ഇന്നലെ രാവിലെ രാമങ്കരി എസ്.ബി.ഐ ബാങ്കിന് മുന്നിലായിരുന്നു അപകടം. ഇരുവാഹനങ്ങളും നേർക്കുനേർ ഇടിക്കുകയായിരുന്നു. എബിയും അലിയും ഒരേ ക്ലാസിലാണ്. ദിവസവും ആലപ്പുഴയിൽ നിന്ന് ബസിൽ അസ്ഹർ പള്ളിക്കൂട്ടുമ്മയിൽ ഇറങ്ങി എബിനൊപ്പമാണ് കോളേജിൽ പോകുക. സ്കൂട്ടർ ഓടിച്ചിരുന്നത് എബിയായിരുന്നു. മായാലക്ഷ്മിയാണ് ആദിതിന്റെ മാതാവ്. ആദിനാഥ് സഹോദരനാണ്. ഡൽഹിയിൽ മിലിട്ടറി ഉദ്യോഗസ്ഥനാണ് ആദിതിന്റെ പിതാവ്. മാതാവും അവിടെയാണ്. സംസ്കാരം ഇരുവരും എത്തിയശേഷം.

ഋഗ്വേദ പണ്ഡിതൻ മേലേടം കൃഷ്ണൻ നമ്പൂതിരി

ചെറുതുരുത്തി: ഋഗ്വേദ പണ്ഡിതൻ മേലേടം കൃഷ്ണൻ നമ്പൂതിരി (75) നിര്യാതനായി. ഒറ്റപ്പാലത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ബ്രഹ്മസ്വം മഠത്തിന്റെ സജീവ സാന്നിദ്ധ്യമായിരുന്ന അദ്ദേഹം ഇരിങ്ങാടപ്പള്ളി മാധവൻ നമ്പൂതിരി, പന്താവൂർ സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവരുടെ കീഴിൽ ജട, രഥ എന്നിവ അഭ്യസിച്ചു. കേരളത്തിലെ നിരവധി ക്ഷേത്രങ്ങളിൽ മുറജപത്തിന് നേതൃപരമായ സാന്നിദ്ധ്യം വഹിച്ചു. ചൊവ്വല്ലൂർ അന്യോന്യത്തിൽ വാരം, ജട, രഥ എന്നിവ പിഴകൂടാതെ പ്രയോഗിച്ച അദ്ദേഹം തിരുനാവായ നടന്ന അഖിലേന്ത്യാ വേദസമ്മേളനത്തിലും പങ്കെടുത്തു. നിരവധി പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. ഋഗ്വേദ പണ്ഡിതന്മാരുടെ കണ്ണികളിൽ വലിയൊരു കണ്ണിയാണ് കൃഷ്ണൻ നമ്പൂതിരിയുടെ വിയോഗത്തോടെ അറ്റുപോയത്. ഭാര്യ: ശ്യാമള അന്തർജനം. മകൾ: സിനി. മരുമകൻ: നീലകണ്ഠൻ.

എസ്. രംഗനാഥ്

കായംകുളം: പുതുപ്പള്ളി തെക്ക് വേമ്പനാട്ട് വീട്ടിൽ എസ്. രംഗനാഥൻ (72) നിര്യാതനായി. ഭാര്യ: ഷീലജ. മകൾ: ശ്രുതി രംഗൻ. മരുമകൻ: തുഷാർ.

പങ്കജാക്ഷിഅമ്മ

മാന്നാർ: ചെന്നിത്തല തെക്ക് ഇടശേരിയത്ത് വീട്ടിൽ പരേതനായ പരമുവിന്റെ ഭാര്യ പങ്കജാക്ഷിഅമ്മ (91) നിര്യാതയായി. സംസ്കാരം നടത്തി മക്കൾ: ജഗദമ്മ, ശാന്തമ്മ, രാധമ്മ, മോഹനൻ (എസ്.എൻ.ഡി.പി യോഗം തൃപ്പെരുംതുറ 146-ാം നമ്പർ ശാഖ വൈസ് പ്രസിഡന്റ്). മരുമക്കൾ: വാസുദേവൻ, വിജയരാജൻ, രാധാമണി,

ഭാർഗവൻപിള്ള

അടൂർ: സി. പി. എം ജില്ലാ സെക്രട്ടേറിയറ്റ് അംഗവും പള്ളിക്കൽ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റുമായ പി.ബി ഹർഷകമാറിന്റെ പിതാവ് പഴകുളം ആലുംമൂട് പെരുമനയിൽ എൻ. ഭാർഗവൻപിള്ള (83) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ: പത്മകുമാരിയമ്മ. മറ്റ് മക്കൾ: സ്വാമി പ്രദീപാനന്ദ, ബിന്ദു ആനന്ദ്. മരുമക്കൾ: എൻ.പി. ആനന്ദൻ (മസ്കറ്റ്), ബീനാകുമാരി (സെക്രട്ടറി, പഴകുളം പടിഞ്ഞാറ് സർവ്വീസ് സഹകരണ ബാങ്ക്). ഫോൺ: 9446755905.

ചരമ വാർത്തകൾ 9946108673 എന്ന നമ്പരിൽ വിളിച്ച് അറിയിക്കാം. കൂടാതെ obit@kaumudi.com എന്ന ഇമെയിലിലും അയക്കാം ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇമെയിലിൽ ചേർത്തിരിക്കണം.

വേർപാടിന്റെ ഏഴാം വർഷം (26.09.2018)

സി. മനോഹരൻ

[മണിയപ്പൻ, ഹാപ്പി ടെയ്‌ലേഴ്സ്]

രാജ്ഭവൻ, ചാക്ക.

പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,

ദുഃഖിതയായ ഭാര്യ: എസ്. തങ്കമണി. മക്കൾ: എം. രാജേഷ്, എം. രഞ്ജിത്ത്, മരുമക്കൾ: എസ്. രാഖി, എം. സുജ, ചെറുമക്കൾ: രമിക രാജ്, രാഹുൽ രാജ്, നന്ദന, നിരഞ്ജൻ.

അഞ്ചാം ചരമവാർഷികം (26.09.2018)

എൻ. കൃഷ്ണൻകുട്ടി

കൃഷ്ണ ഹോട്ടൽ, കട്ടച്ചൽക്കുഴി.

ഇന്ന് കടമുടക്കം.

ഒന്നാം ചരമവാർഷികം (26.09.2018)

സുരേഷ്കുമാർ. ബി

ശ്രേയസ്, അരുവിപ്പുറം, നെയ്യാറ്റിൻകര.

ദുഃഖിതയായ ഭാര്യ: ശൈലജ. മക്കളും മരുമക്കളും ചെറുമകനും.

12-ാം ചരമവാർഷികം (26.09.2018)

കെ.കെ. പെരുമാൾ

(റിട്ടയേർഡ് A.O., D.H.S.)

കാവ്യാലയം, മുട്ടട.

- ദുഃഖിതരായ കുടുംബാംഗങ്ങൾ.

കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

പുരോഗമന പ്രസ്ഥാനങ്ങൾ വളർന്നത് ആശാൻ കവിതകൾ ചൊല്ലിപ്പഠിച്ച്: പി.ടി. മന്മഥൻ

ശിവഗിരി: ശ്രീനാരായണീയരുടെ ചിന്നസ്വാമിയാണ്മഹാകവികുമാരനാശാനെന്ന്എസ്.എൻ.ഡി.പി യോഗം കൗൺസിലർ പി.ടി. മന്മഥൻ പറഞ്ഞു. ശ്രീനാരായണഗുരുദേവന്റെ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായി ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ മഹാകവികുമാരനാശാൻ ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഗുരുദേവനെ പരമഗുരുവായും പരദൈവമായുംദർശിച്ചആശാൻ അതുല്യനായൊരു വിപ്ലവകാരികൂടിയായിരുന്നു. ആശാൻകവിതയിലെ ഈരടികൾ ചൊല്ലിപഠിച്ചാണ്ഇവിടെ പുരോഗമന പ്രസ്ഥാനങ്ങൾ വളർന്നത്. പതിനാറ് വർഷക്കാലം ഒരു ത്യാഗിയെപ്പോലെ ജനറൽസെക്രട്ടറി എന്ന നിലയിൽ എസ്.എൻ.ഡി.പി യോഗത്തെ നയിച്ചു. കവിതയിൽ മാത്രമല്ല സംഘാടകൻ എന്ന നിലയിലും തന്റെ കഴിവ്തെളിയിച്ചആശാന്റെ ജീവിതം ശ്രീനാരായണീയർക്ക് എക്കാലവും മാതൃകയാണെന്നും മന്മഥൻ പറഞ്ഞു. ദാർശനികനായമഹാകവിയും അത്യുന്നതനായ സാമൂഹ്യ പരിഷ്കർത്താവുമായിരുന്നു കുമാരനാശാനെന്ന്ആചാര്യസ്മൃതിപ്രഭാഷണപരമ്പരകമ്മിറ്റിചെയർമാൻ കൂടിയായ സ്വാമി സച്ചിദാനന്ദ പറഞ്ഞു. സ്വാതന്ത്ര്യം തന്നെ അമൃതം, മാറ്റവിൻ ചട്ടങ്ങളെ തുടങ്ങിയ വിപ്ലവ മന്ത്രങ്ങൾ എഴുതിയ തൂലിക കൊണ്ടു തന്നെയാണ് ഗുരുവല്ലോ പരദൈവം എന്ന് കുമാരനാശാൻ എഴുതിയതെന്നും സ്വാമി സച്ചിദാനന്ദ പറഞ്ഞു. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി സ്വാമി സാന്ത്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതിആചരണകമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, സ്വാമി ഗുരുപ്രകാശം, സ്വാമി വിശാലാനന്ദ തുടങ്ങിയവർ സംസാരിച്ചു.

യോഗം കൗൺസിലർ വനജാവിദ്യാധരൻ, ചെങ്ങന്നൂർ യൂണിയൻ കൺവീനർ സുനിൽവള്ളിയിൽ, പന്തളം യൂണിയൻ പ്രസിഡന്റ് അഡ്വ. സിനിൽമുണ്ടപ്പള്ളി, ശിവഗിരി യൂണിയൻ സെക്രട്ടറി അജി എസ്.ആർ.എം., പത്താധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻപ്രസിഡന്റ്ഡി.പ്രേംരാജ്, വിജീഷ് മേടയിൽ, അണ്ണുദാസ് തുടങ്ങിയവർ സംബന്ധിച്ചു.

തലശേരി യൂണിയൻ പ്രസിഡന്റ് രഘുവരൻ, സെക്രട്ടറി ശശിധരൻ, ഇരിട്ടി യൂണിയൻ പ്രസിഡന്റ് കെ.വി.അജി, സെക്രട്ടറി പി.എൻ. ബാബു, പാനൂർ യൂണിയൻ പ്രസിഡന്റ് പാട്യൻസത്യൻ, സെക്രട്ടറി കെ.ശശിധരൻമാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ ശാഖാപ്രവർത്തകർ ശിവഗിരിയിൽ അഖണ്ഡനാമ ജപയജ്ഞത്തിലും വിശ്വശാന്തി ഹവനത്തിലും സംബന്ധിച്ചു.

ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ എസ്.എൻ.ഡി.പി യോഗം കൗൺസിലർ പി.ടി. മന്മഥൻ മഹാകവികുമാരനാശാൻദിന പ്രഭാഷണം നടത്തുന്നു. സ്വാമി സച്ചിദാനന്ദ, സ്വാമി ഗുരുപ്രകാശം എന്നിവർ സമീപം

ശിവഗിരിയിൽ ഇന്ന്

രാവിലെ 4.30ന് പർണ്ണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 9.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവ കൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപയജ്ഞം, വിശ്വശാന്തിഹവനം, വൈകിട്ട് 3ന് ആചാര്യസ്മൃതി പ്രഭാഷണം (ചൈതന്യസ്വാമി, സ്വാമി ദൈവരൻശാന്തി ദിനം) പ്രഭാഷണം: പവിത്രൻ, സ്വാമി ബോധിതീർത്ഥ.

ഷൂട്ട് @ സൈറ്റ്

എൻ.ആർ. സുധർമ്മദാസ്

പരിമിതികളില്ലാത്ത നന്മ... *അംഗപരിമിതിയുള്ള പ്രവത അതിരാവിലെ ലോട്ടറി വില്പനയ്ക്കായി ഇറങ്ങും. തിരിച്ച് പോകുന്നവഴിയിൽ റോഡരികിൽ നിത്യേന കാണുന്ന തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകിയെ മടങ്ങൂ. വരുമാനത്തിലെ ചെറിയ വിഹിതം അതിനായി മാറ്റിവയ്ക്കും. അത്രരിൽ നിന്നാണ് നന്മയുടെ ഈ കാഴ്ച.*

സർക്കാർ പണം ഇല്ലെങ്കിൽ ചലച്ചിത്രമേള ത്രിശങ്കുവിൽ

◗കോവളം സതീഷ്കുമാർ

തിരുവനന്തപുരം: അന്താരാഷ്ട്ര ചലച്ചിത്രമേള നടത്തണമെന്ന ചലച്ചിത്ര അക്കാഡമിയുടെ ആവശ്യം മുഖ്യമന്ത്രി പിണറായി വിജയൻ തത്വത്തിൽ അംഗീകരിച്ചിട്ടും അനിശ്ചിതത്വം നീങ്ങുന്നില്ല.

മേള നടത്താൻ സമ്മതം മുളകമാത്രമാണ്മുഖ്യമന്ത്രിചെയ്തത്. പ്രളയം കാരണം സാമ്പത്തിക പ്രതിസന്ധിയുള്ളതിനാൽ പണംനൽകില്ലെന്ന്മുഖ്യമന്ത്രിഅക്കാഡമിഭാരവാഹികളോട്തീർത്തു പറഞ്ഞതായാണ് വിവരം.

കഴിഞ്ഞവർഷം ആറുകോടിയിലേറെ രൂപയാണ് മേളയ്ക്ക് ചെലവിട്ടത്. ഇത്രവണ എത്ര ചുരുക്കിയാലും മൂന്നരകോടിരൂപ വേണമെന്നാണ് അക്കാഡമിയുടെ കണക്ക്. ഡെലിഗേറ്റ് ഫീസ് ഉയർത്തുന്നതിന് പരിധിയുണ്ട്. ഇത്650ൽ നിന്ന്1500 ആക്കിഉയർത്തിയാലും രണ്ടു കോടിയൊന്നും കിട്ടില്ല. ഫീസ് ഇനങ്ങളിൽ രണ്ടു കോടി കണ്ടെത്താമെന്നാണ് അക്കാഡമി ചെയർമാൻ കമലും സെക്രട്ടറി മഹേഷ് പഞ്ചുവും മുഖ്യമന്ത്രിയെ അറിയിച്ചത്.

എന്നാൽ മൂന്നു കോടി ഒപ്പിക്കാൻ പാടുപെടുമെന്നാണ് അക്കാഡമി ഭരണസമിതിക്കാർ തന്നെ പറയുന്നത്. പണമില്ലാതെ മേള നടത്തിയാൽ പഴി അക്കാഡമിക്കാവുമെന്നും ഇത്തവണ മേള ഉപേക്ഷിക്കണമെന്നും അഭിപ്രായം ഉയർന്നിട്ടുണ്ട്. തീരുമാനമെടുക്കാൻ ഇന്ന് അക്കാഡമി ഭാരവാഹികൾ യോഗം ചേരും.

പ്ലാൻഫണ്ടിൽനിന്ന്ഒരുകോടിയെങ്കിലും അനുവദിച്ചാലേ മേള നടത്താനാവൂഎന്നാണ്മന്ത്രിഎ. കൈബാലന്റെ നിലപാട്. അദ്ദേഹം ഉടൻ മുഖ്യമന്ത്രിയെ കാണും.

വഴിയും വിഘ്നവും

വഴി 1
ഡെലിഗേറ്റ് ഫീസ് 1500 രൂപ യാക്കുക

വിഘ്നം:
പതിനായിരം ഡെലിഗേറ്റുകൾഎത്തിയാൽഒന്നരക്കോടികിട്ടും. അരക്കോടിഅകലെ

വഴി 2
പ്രളയത്തിന്റെ പേര് പറഞ്ഞ് 2000 രൂപയാക്കിരണ്ടുകോടി സമാഹരിക്കുക

വിഘ്നം:
സാധാരണക്കാർ 2000 രൂപ കൊടുത്ത് മേള കാണില്ല

വഴി 3: ഒന്നരകോടിക്ക്സ്പോൺസർമാരെ കണ്ടെത്തുക

വിഘ്നം: പ്രളയത്തിന് നല്കാനുള്ള തുക മുടക്കിയവർ മേളയ്ക്ക് വലിയ തുക മുടക്കണമെന്നില്ല

> ചലച്ചിത്രമേള പ്രതിസന്ധിയിലാണ്. സർക്കാർ സഹായിച്ചില്ലെങ്കിൽ എന്തു ചെയ്യണമെന്ന് ഉടൻ തീരുമാനിക്കും
>
> - മഹേഷ് പഞ്ചു, സെക്രട്ടറി, ചലച്ചിത്ര അക്കാഡമി

എസ്.എസ്.റാം അവാർഡ് അഭിജിത്തിന്

തിരുവനന്തപുരം: കേരളകൗമുദി ഫോട്ടോഎഡിറ്ററായിരുന്നഎസ്.എസ്. റാമിന്റെസ്മരണാർത്ഥം റാം ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മികച്ച വാർത്താചിത്രത്തിനുള്ള അവാർഡിന് മാധ്യമം കോഴിക്കോട് യൂണിറ്റിലെ സീനിയർ ഫോട്ടോഗ്രാഫർപി. അഭിജിത്ത്അർഹനായി. 10001 രൂപയും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

'മരണ മുഖത്തെ മനുഷ്യാവകാശം' എന്ന അടിക്കുറിപ്പോടെ മനുഷ്യാവകാശ ദിനത്തിൽ പ്രസിദ്ധീകരിച്ച ഫോട്ടോയ്ക്കാണ് അവാർഡ്. പ്രശസ്ത സംവിധായകനും ഛായാഗ്രാഹകനുമായ ശിവനാണ് അവാർഡിനർഹമായ ചിത്രം തിരഞ്ഞെടുത്തതെന്ന് ഫൗണ്ടേഷൻ ചെയർമാൻ സി.രതീഷ്കുമാർ, സെക്രട്ടറി എച്ച്. രാധാകൃഷ്ണൻ, പ്രസ്ക്লബ് പ്രസിഡന്റ് ജി. പ്രമോദ്, സെക്രട്ടറി എം. രാധാകൃഷ്ണൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഡി.എൻ.ബി കാർഡിയോളജി പരീക്ഷയിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും നേടിയ ഡോ. സാജൻ അഹമ്മദ്. ഇസഡ്. (കാർഡിയോളജിസ്റ്റ്, പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല). തിരുവനന്തപുരത്തുള്ള ഡോ. സുൽഫിക്കർ അഹമ്മദിന്റെയും ഐറന്നിസയുടെയും മകനാണ്. ഭാര്യ ഡോ. ശീതൾ എസ്. പുഷ്പഗിരി മെഡിക്കൽ കോളേജിലെ ന്യൂറോളജിസ്റ്റാണ്.

മലയാളിക്കരുത്തിൽ ഇന്ത്യ ഏഷ്യൻ യോഗ ചാമ്പ്യൻഷിപ്പിന്

തിരുവനന്തപുരം: നാളെ മുതൽതിരുവനന്തപുരത്ത്നടക്കുന്നഏഷ്യൻയോഗ ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ ടീമിൽ കേരളത്തിൽ നിന്ന് അഞ്ചു പേർ ഇടംപിടിച്ചു. ആദ്യമായിട്ടാണ് കേരളത്തിൽ നിന്നുള്ള മത്സരാർത്ഥികൾക്ക്ദേശീയടീമിൽ അംഗങ്ങളാകാൻ സാധിക്കുന്നത്. ആലപ്പുഴ സ്വദേശിയായ ശ്രീയ ആർ. നായർ, തൃശ്ശൂർ സ്വദേശി കെ.എച്ച് ഹിബ മറിയം, പത്തനംതിട്ട സ്വദേശി വർഷ ടി. ഷിബി, തൃശ്ശൂർ സ്വദേശി എം. അലക്സ്ജെറോം, ഇടുക്കിസ്വദേശി അരുൺ ആനന്ദൻ എന്നിവരാണ് ഇന്ത്യൻ നിരയിലെ കേരളീയർ. ശ്രീയ ആർ. നായർ സബ് ജൂനിയർ ഗ്രൂപ്പ് യോഗാസനം, ഋഥമിക് യോഗ, ജൂനിയർവിഭാഗത്തിലും ഹിബ സബ്ജൂനിയർ വിഭാഗം യോഗാസനം, വർഷ ജൂനിയർ വിഭാഗം റിഥമിക് യോഗയിലുമാണ്മത്സരിക്കുന്നത്. അലക്സ് ജെറോം സീനിയർ ഗ്രൂപ്പ്വിഭാഗത്തിലും അരുൺസീനിയർവിഭാഗംയോഗാസനമത്സരത്തിലുമാണ് പങ്കെടുക്കുന്നത്.

ഇന്ത്യൻടീമിന്റെപരിശീലകരായ ജെ.എസ്. ഗോപൻ, ജോമോൻ, ഒഫിഷ്യൽസായ ബി. കെ. ഷംജു, രേഖ, കല, സ്വാതി എന്നിവരും മലയാളികളാണ്. റഫറിമാരായി ഇ.ആർ. സുഭാഷ്, രാമാനന്ദൻ, രാജഗോപാൽ, കെ. ടി. കൃഷ്ണദാസ്, പി. ശശിധരൻ എന്നീ മലയാളികളുമുണ്ട്.

തിരുവനന്തപുരത്ത് നാളെ ആരംഭിക്കുന്ന 8-ാമത് ഏഷ്യൻ യോഗചാമ്പ്യ ൻഷിപ്പിന് മുന്നോടിയായി പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ യോഗ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇന്ത്യൻ താരം

നിര്യാതനായി

പുനലൂർ: ഐക്കരക്കോണം മംഗലത്ത് വീട്ടിൽ (നിരപ്പുവിള) എം. പി. വസുന്ധരൻ (87, റിട്ട. അദ്ധ്യാപകൻ, ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ, പുനലൂർ) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. ഭാര്യ: കെ. കമലമ്മ. മക്കൾ: വീണ, ഷൈൻ (കയർഫെഡ്), ജയിൻ. മരുമക്കൾ: അഡ്വ. അശോക്കുമാർ, ജയശ്രീ (എസ്.ബി.ഐ, പുനലൂർ). അഡ്വ. സിന്ധു. ഫോൺ: 8547524185, 9447351171

ഭാര്യയെ വെട്ടിപ്പരിക്കേല്പിച്ച പൊലീസുദ്യോഗസ്ഥന് തടവും പിഴയും

തിരൂർ: ഭാര്യയെ വെട്ടിപരിക്കേല്പിച്ചകേസിൽ പ്രതിയായ പൊലീസുദ്യോഗസ്ഥന് തിരൂർ ജൂഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി രണ്ടുവർഷം തടവ് വിധിച്ചു. 10,000 രൂപ പിഴയൊടുക്കണം. ഇപ്പോൾ എ.എസ്.ഐ ആയ ചെമ്മാട് സ്വദേശി ചെമ്മല മനോഹരനെയാണ് മജിസ്ട്രേട്ട് ടി.വി. വിൻസി ശിക്ഷിച്ചത്. തിരൂർ പൊലീസ് 2010ൽ രജിസ്റ്റർ ചെയ്ത കേസാണിത്. തിരുനാവായ അയിറ്റാട്ട് സുഷമയെയാണ് പ്രതി വെട്ടിയത്. രണ്ട് ആൺമക്കളാണ് ഇവർക്കുള്ളത്. വെട്ടുകത്തിയുമായി ഭാര്യവീട്ടിൽ എത്തിയായിരുന്നു അക്രമം. കേസിൽ മകൻ തന്നെയായിരുന്നു പ്രധാന സാക്ഷി. സംഭവം നടക്കുമ്പോൾ മനോഹരൻ കോൺസ്റ്റബിളായിരുന്നു.

മുൻ ചീഫ് സെക്രട്ടറി എസ്. പത്മകുമാർ നിര്യാതനായി



തിരുവനന്തപുരം: മുൻ ചീഫ് സെക്രട്ടറിയും മുൻ കേന്ദ്രമന്ത്രി എസ്.കൃഷ്ണകുമാറിന്റെ ജ്യേഷ്ഠസഹോദരനുമായ എസ്.പത്മകുമാർ നിര്യാതനായി. 84 വയസായിരുന്നു. വിരമിച്ചശേഷംജവഹർനഗറിലെ'സൻസാറി'ൽ വിശ്രമജീവിതത്തിലായിരുന്നു. രണ്ടുദിവസം മുമ്പ് പനിയും ശ്വാസംമുട്ടലും കാരണം സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി എട്ടു മണിയോടെയായിരുന്നു അന്ത്യം.

പാലക്കാട് കൊല്ലങ്കോട് ചെറുകാട് കുടുംബത്തിലെ വിമലയാണ് ഭാര്യ. മക്കൾ: ഡോ. ആശ, ഡോ. പി. രാജ്കുമാർ (ഇംഗ്ലണ്ട്), പി. വിജയകുമാർ (എൻജിനിയർ), മരുമക്കൾ: ഡോ. ശ്രീകുമാർ, നിത, സുപ്രിയ. സംസ്കാരം നാളെ ഉച്ചയ്ക്ക് ഒരുമണിക്ക്തൈക്കാട്ശാന്തികവാടത്തിൽ നടക്കും. തിരുവനന്തപുരത്തെ പ്രശസ്തമായ അമ്പലമുക്ക് ചിറ്റല്ലൂർ തറവാട്ടിൽ അഡ്വ. സി. പി. ശങ്കരപിള്ളയുടെ മകനാണ്. പത്മമേനോൻ, ഐശ്വര്യമേനോൻ എന്നിവരാണ് മറ്റ് സഹോദരങ്ങൾ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബി.എ ഇക്കണോമിക്സ് ഒന്നാം റാങ്കോടെ പാസായ പത്മകുമാർ ഡൽഹി സ്കൂൾ ഒഫ് ഇക്കണോമിക്സിൽ നിന്നാണ് ബിരുദാനന്തര ബിരുദമെടുത്തത്. ഇന്ത്യൻ പൊലീസ് സർവീസിലേക്ക് 1956ൽ തിരഞ്ഞെടുക്കപ്പെട്ടെങ്കിലും അതു സ്വീകരിക്കാതെ 57ൽ ഐ.എ.എസ് പാസായി. കോഴിക്കോട് സബ് കളക്ടറായാണ് സർവീസ് ജീവിതം തുടങ്ങിയത്. മലപ്പുറം സബകളക്ടറായും സേവനമനുഷ്ഠിച്ചു. പട്ടം താണുപിള്ള മുഖ്യമന്ത്രിയായപ്പോൾ 1960 ൽ അദ്ദേഹത്തിന്റെ സെക്രട്ടറിയായി. മുഖ്യമന്ത്രിയുടെ സെക്രട്ടറിയാകുന്ന ആദ്യത്തെ ഐ.എ.എസ്ഉദ്യോഗസ്ഥനാണ്.

മൂന്നര പതിറ്റാണ്ട് കേരള കേഡറിൽ സേവനം അനുഷ്ഠിച്ചു. കോട്ടയം കളക്ടർ, ഡെവലപ്മെന്റ് കമ്മിഷണർ, ടൈറ്റാനിയം എം. ഡി, റവന്യൂ സെക്രട്ടറി, ധനകാര്യ സെക്രട്ടറി, പ്ലാനിംഗ് അഡിഷണൽ സെക്രട്ടറി, കെ.എസ്.ഐ.ഡി.സി ചെയർമാൻ, റവന്യൂബോർഡ് ഒന്നാം അംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.1991 ആഗസ്റ്റിൽ ചീഫ് സെക്രട്ടറിയായി. 1992 ആഗസ്റ്റിൽ വിരമിച്ചു.

കേന്ദ്രധനകാര്യ സ്ഥാപനങ്ങളുമായി നല്ല ബന്ധമുണ്ടാക്കിയ പത്മകുമാർ കേരളത്തിലേക്ക് വിദേശനിക്ഷേപം ആകർഷിക്കാൻ മുൻകൈയെടുത്ത ഭരണാധികാരിയാണ്.

മുൻമുഖ്യമന്ത്രി കെ.കരുണാകരൻ പ്രതിയായ പാമോയിൽ ഇറക്കുമതി കേസിൽ പത്മകുമാറിനെയും ഉൾപ്പെടുത്തിയിരുന്നെങ്കിലും തെളിവില്ലാത്തതിനാൽ അദ്ദേഹത്തെ കേസിൽ നിന്ന് ഒഴിവാക്കിയിരുന്നു.

സമാധാനത്തിന്റെ ഉറവിടം ഗുരുദർശനം: തുഷാർ വെള്ളാപ്പള്ളി

തിരുവനന്തപുരം: ജാതി മതത്തിന്റെ ഭേദങ്ങളില്ലാത്ത എല്ലാവരും സഹോദരഭാവത്തിൽ ജീവിക്കുന്ന സമൂഹസൃഷ്ടിയാണ് ശ്രീനാരായണഗുരുദേവൻ വിഭാവനചെയ്തതെന്ന്എസ്.എൻ.ഡി.പി.യോഗംവൈസ്പ്രസിഡന്റ്തുഷാർവെള്ളാപ്പള്ളി പറഞ്ഞു.

എസ്. എൻ. ഡി. പി. യോഗം ചെങ്ങന്നൂർ യൂണിയനിലെ പ്രളയദുരിതബാധിതർക്കായി എസ്. എൻ. ഡി. പി. യോഗം വൈസ് പ്രസിഡന്റിന്റെ സഹായധനം ശിവഗിരിയിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം.

ഗുരുവിനെ അറിയാനും അറിയിക്കുവാനും നവതിയാചരണത്തിലൂടെയും യതിപൂജയിലൂടെയും കഴിയും. ഗുരുദേവൻ വിഭാവനം ചെയ്ത മഹത് ദർശനങ്ങളാണ് സമാധാനത്തിന്റെ ഉറവിടമെന്ന് ലോകം തിരിച്ചറിഞ്ഞു. സ്ഥിതിഭേദമില്ലാത്ത ഒരു ലോകവും ജനതയുമാണ് ഗുരു വിഭാവനം ചെയ്തത്. ചടങ്ങിൽ ചെങ്ങന്നൂർയൂണിയൻകൺവീനർസുനിൽ വള്ളിയിൽ തുക ഏറ്റുവാങ്ങി. വൈസ് ചെയർമാൻ വിജീഷ് മേടയിൽ, യോഗം കൗൺസിലർ പി. ടി.മൻമഥൻ, ശിവഗിരി യൂണിയൻ സെക്രട്ടറി അജി എസ്.ആർ.എം, പന്തളം യൂണിയൻ പ്രസിഡന്റ്സി നിൽ മുണ്ടപ്പള്ളി, രാജേഷ് നെടുമങ്ങാട്, സൂരജ്ദുബായ്, രാജീവൻ തുടങ്ങിയവർ പങ്കെടുത്തു.

കേരള ആരോഗ്യ സർവകലാശാലയിൽ നിന്ന് എം.എസ് ഒഫ്താൽമോളജിയിൽ ഒന്നാം റാങ്ക് നേടിയ ഡോ. മിനു ശശികുമാർ. അമ്പലമുക്കിൽ മൻസരോവറിൽ ഡോ. ശശികുമാറിന്റെയും ജയശ്രീയുടെയും മകളും ഡോ. ഋത്വിക് രാജീവിന്റെ ഭാര്യയുമാണ്.

വേർപാടിന്റെ

14-ാം വർഷം (30.09.2018) 17-ാം വർഷം (26.09.2018)

ജി. സോമൻ ബി. മാധവിക്കുട്ടി

തുണ്ടത്തിൽ വീട്, നിരാഴി ലെയ്ൻ, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം.

മക്കൾ : റ്റി.എം. ലീല (Late), റ്റി.എസ്. രാധാകൃഷ്ണൻ, ഡോ. റ്റി.എസ്. ജയൻ.

മരുമക്കൾ : ആർ.കെ. ഉദയകുമാർ, വി.ആർ. ശാന്തി, ഡോ. വി. ജയശ്രീ,

ചെറുമക്കളും മറ്റ് ബന്ധുമിത്രാദികളും.

സ്മരണാഞ്ജലി

4-ാം ചരമവാർഷികം (26-09-2018) **7-ാം ചരമവാർഷികം (01-08-2018)**

സി.വി.ജയചന്ദ്രൻ (വാഹിനി, കൊല്ലം) **എൻ.ലീല**

സുരേന്ദ്ര നിവാസ്, ചാവർകോട്, പാരിപ്പള്ളി.

ദുഃഖിതരായ മക്കൾ, മരുമക്കൾ, ചെറുമക്കൾ

Vahini Honda

സഞ്ചയനം നാളെ (27.09.2018)

ആർ. സത്യഭാമ
ആനന്ദഭവൻ, കെടാവിത്തുവിള, പാലച്ചിറ, വർക്കല.
Tel:0470-2602492, 7356619700

മാന്യരേ,

22.09.2018-ൽ നിര്യാതയായ ഞങ്ങളുടെ അഭിവന്ദ്യമാതാവും കെടാവിത്തുവിള ആനന്ദ ഭവനിൽപരേതനായ പി. ആനന്ദൻ അവർകളുടെ സഹധർമ്മിണിയുമായ **ആർ.സത്യഭാമ** (82) അവർകളുടെ മരണാനന്തരചടങ്ങുകൾ നാളെ (27.09.2018 വ്യാഴം) രാവിലെ 8.30-ന് ഞങ്ങളുടെ വസതിയിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. എല്ലാബന്ധുമിത്രാദികളും ഇത് ഒരറിയിപ്പായി കരുതി ചടങ്ങിൽ കുടുംബസമേതം പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

എന്ന്, ദുഃഖിതരായ,
മക്കൾ : ഷീല, ഷൈല, ഷോജ, ഷാജ്,
മരുമക്കൾ : ഡോക്ടർ നോയൽ നാരായണൻ, സപ്രു നാരായണൻ, സുപ്രഭാസ് ബലഭദ്രൻ, നീന,
ചെറുമക്കൾ : ഡോക്ടർ ബെറ്റ്സി, ഡോക്ടർ കിരൺ, ഷീജ, ഷിജു (Late), കാവേരി, കമൽ, ഇനേഷ്.

N.B: ചരമവിവരം യഥാസമയം അറിയിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക.

Vol. No. 108 Issue No. 259 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .